www.malankaralibrary.com

KCBC
# ജാഗ്രത
E MAGAZINE

ISSUE 295
MARCH 2025

## ജനാധിപത്യത്തിൽ മൃഗാധിപത്യസ്ഥാപകരോ വനം വകുപ്പ്?

## മതപരിവർത്തന നിരോധന നിയമങ്ങൾ പിടിമുറുക്കുന്ന ഇന്ത്യ

## ഫ്രാൻസിസ് പാപ്പയ്ക്കെതിരെയുള്ള വ്യാജപ്രചാരണങ്ങളുടെ ലക്ഷ്യമെന്ത്?

സ്വകാര്യ സർവ്വകലാശാല ബിൽ,
ആശയവും ആശയക്കുഴപ്പങ്ങളും

ക്രൈസ്തവ വിരുദ്ധ ആശയ
ങ്ങളുമായി ഒഡിയ ചലച്ചിത്രം

ഒന്നിനും മടിക്കാത്ത
കേരള യുവത്വം

www.malankaralibrary.com

LEAD STORIES




3 ജനാധിപത്യത്തിൽ മൃഗാധിപത്യ സ്ഥാപകരോ വനം വകുപ്പ്?





9 മതപരിവർത്തന നിരോധന നിയമങ്ങൾ പിടിമുറുക്കുന്ന ഇന്ത്യ






15 ഒന്നിനും മടിക്കാത്ത കേരള യുവത്വം





21 ഫ്രാൻസിസ് പാപ്പയ്ക്കെതിരെയുള്ള വ്യാജപ്രചാരണങ്ങളുടെ ലക്ഷ്യമെന്ത്?






26 നികുതിയടയ്ക്കാത്ത ക്രൈസ്തവർ!

13 സ്വകാര്യ സർവ്വകലാശാല ബിൽ, ആശയവും ആശയക്കുഴപ്പങ്ങളും

29 ക്രൈസ്തവ വിരുദ്ധ ആശയങ്ങളുമായി ഒഡിയ ചലച്ചിത്രം: സനാതനി – കർമ്മ ഹി ധർമ്മ






30 അധ്യാപക ജീവിതം വർത്തമാനവും ഭാവിയും

37 ശാസ്ത്ര ചിന്തയുടെ മറവിൽ നിരീശ്വരവാദം പ്രചരിപ്പിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേദിയാകുന്നു

39 Statements

44 Circulars

51 News



MARCH 2025 | Issue 295

PATRONS - Bp. Yoohanon Mar Theodosius | Mar. Remigiose Inchananiyil | Bp. Dr. Ambrose Puthenveettil
CHIEF EDITOR - Rev. Dr. Michael Pulickal CMI
EDITOR - Vinod Nellackal • DESIGN & LAYOUT - Green Leaves • OFFICE & DTP - Vimala Shaji

A KCBC Jagratha Commission Publication • Published by, Fr. Michael Pulickal, Secretary, KCBC Commission for Social Harmony and Vigilance, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi - 25

For more details and subscription: kcbcshvc@gmail.com; +917594900555
Website: www.kcbcjagratha.com

www.malankaralibrary.com



# ജനാധിപത്യത്തിൽ മൃഗാധിപത്യസ്ഥാപകരോ വനം വകുപ്പ്?



**മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
വൈസ് ചെയർമാൻ, കെസിബിസി ജാഗ്രത കമ്മീഷൻ

**കഴിഞ്ഞ ജനുവരി 23 ന് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട കണക്കുകൾ പ്രകാരം, 2019 - 20 കാലഘട്ടത്തിൽ വന്യമൃഗങ്ങളിൽനിന്ന് ഉണ്ടായ അക്രമ സംഭവങ്ങൾ 6341 ആയിരുന്നെങ്കിൽ, 2023 - 24 കാലഘട്ടത്തിൽ 9838 ആയി അത് ഉയർന്നു. കഴിഞ്ഞ എട്ടു വർഷങ്ങൾക്കിടെ 180 പേരുടെ ജീവനുകൾ കാട്ടാന അപഹരിച്ചു. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ മാത്രം നാലുപേരുടെ ജീവനാണ് നഷ്ടമായത്. ഏറ്റവും ഒടുവിൽ സംഭവിച്ചതടക്കം കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ വയനാട്ടിൽ എട്ടു മനുഷ്യരെ കടുവ ആഹാരമാക്കി. വളർത്തു മൃഗങ്ങളെ കൊന്നു തിന്നതും കൃഷി നശിപ്പിച്ചതുമുൾപ്പെടെ വന്യ മൃഗങ്ങൾ കാർഷിക മേഖലയ്ക്ക് വരുത്തിവച്ചിട്ടുള്ള ആഘാതം ആയിരക്ക ണക്കിന് കോടി രൂപയുടേതാണ്. അനേകായിരം കുടുംബങ്ങൾ കടുത്ത സാമ്പത്തിക ബാധ്യതയിലേയ്ക്കും അരക്ഷിതാവസ്ഥയിലേയ്ക്കും നിപതി ച്ചുകഴിഞ്ഞിരിക്കുന്നു.**




www.malankaralibrary.com

വനം, വന്യജീവികൾ, വനാനുബന്ധ പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ലക്ഷ്യമാക്കി, ഒരു നൂറ്റാണ്ടോളം പഴക്കമുള്ള ഇന്ത്യൻ ഫോറസ്റ്റ് ആക്ട് (1927) ഉൾപ്പെടെ ഏഴ് കേന്ദ്ര നിയമങ്ങളും എട്ട് സംസ്ഥാന നിയമങ്ങളും 16 കേന്ദ്ര ചട്ടങ്ങളും 13 സംസ്ഥാന ചട്ടങ്ങളും ഇന്ന് നിലവിലുണ്ട്. അത്തരത്തിൽ 44 നിയമ നിർമ്മാണങ്ങളും പരിഷ്കരണങ്ങളുമാണ് കേന്ദ്ര, സംസ്ഥാന തലങ്ങളിൽ 1927 മുതൽ നടന്നിട്ടുള്ളത്. ഏറ്റവും ഒടുവിൽ 1961 ലെ കേരള ഫോറസ്റ്റ് ആക്ട് കൂടുതൽ ജനദ്രോഹപരമായി പരിഷ്കരിക്കാൻ കേരള സർക്കാർ നടത്തിയ നീക്കം കടുത്ത എതിർപ്പുകളെ തുടർന്ന് പിൻവലിക്കുകയുണ്ടായി.

ഈ നിയമങ്ങളിലും ചട്ടങ്ങളിലും ഏറിയപങ്കും വനത്തിന്റെയും വന്യമൃഗങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് നടപ്പിൽ വരുത്തിയിട്ടുള്ളവയാണ്. പരിസ്ഥിതി സംരക്ഷണത്തിനായുള്ള നിയമങ്ങളും അവയിൽ പെടും. അടിസ്ഥാനപരമായി ഇവയെല്ലാം ഗുണകരവും അത്യന്താപേക്ഷിതവുമാണ്. കാരണം, പരിസ്ഥിതിയും വനവും വന്യജീവികളും സംരക്ഷിക്കപ്പെടേണ്ടത് മനുഷ്യരുടെയും ഈ ഭൂമിയുടെ തന്നെയും ആവശ്യമാണ്. എന്നാൽ, കഴിഞ്ഞ കുറേ വർഷങ്ങളായി മൃഗങ്ങളിൽനിന്ന് മനുഷ്യർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികളിൽ ക്രിയാത്മക ഇടപെടലുകൾ നടത്താൻ തക്കവിധമുള്ള നിയമനിർമ്മാണങ്ങളോ നിയമപരിഷ്കരണങ്ങളോ ഇവിടെ ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത.

കഴിഞ്ഞ ജനുവരി 23 ന് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട കണക്കുകൾ പ്രകാരം, 2019 - 20 കാലഘട്ടത്തിൽ വന്യമൃഗങ്ങളിൽനിന്ന് ഉണ്ടായ അക്രമ സംഭവങ്ങൾ 6341 ആയിരുന്നെങ്കിൽ, 2023 - 24 കാലഘട്ടത്തിൽ 9838 ആയി അത് ഉയർന്നു. കഴിഞ്ഞ എട്ടു വർഷങ്ങൾക്കിടെ 180 പേരുടെ ജീവനുകൾ കാട്ടാന അപഹരിച്ചു. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ മാത്രം നാലുപേരുടെ ജീവനാണ് നഷ്ടമായത്. ഏറ്റവും ഒടുവിൽ സംഭവിച്ചതടക്കം കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ വയനാട്ടിൽ എട്ടു മനുഷ്യരെ കടുവ ആഹാരമാക്കി. വളർത്തു മൃഗങ്ങളെ കൊന്നുതിന്നതും കൃഷി നശിപ്പിച്ചതുമുൾപ്പെടെ വന്യമൃഗങ്ങൾ കാർഷിക മേഖലയ്ക്ക് വരുത്തിവച്ചിട്ടുള്ള ആഘാതം ആയിരക്കണക്കിന് കോടി രൂപയുടേതാണ്. അനേകായിരം കുടുംബങ്ങൾ കടുത്ത സാ



www.malankaralibrary.com

ന്പത്തിക ബാധ്യതയിലേയ്ക്കും അരക്ഷിതാവസ്ഥയിലേയ്ക്കും നിപതിച്ചുകഴിഞ്ഞിരിക്കുന്നു.

### കുത്തനെ ഉയരുന്ന ഭീഷണികൾ

കേരളത്തിലെ കർഷക, കുടിയേറ്റ ജനതകളിൽ വലിയൊരു വിഭാഗം അതിരൂക്ഷമായ വന്യമൃഗ ഭീഷണിയിൽ തുടരുന്നു എന്നുമാത്രമല്ല, ഭീഷണി കുത്തനെ ഉയർന്നുകൊണ്ടുമിരിക്കുന്നു. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലും സമീപ മലയോര ജില്ലകളിലും കാട്ടാനകളുടെ ആക്രമണം രൂക്ഷമായികൊണ്ടിരിക്കുന്നു. വനാതിർത്തികളിൽ മാത്രമല്ല മനുഷ്യർ ഭീഷണി നേരിടുന്നത് എന്നതും ശ്രദ്ധേയമാണ്. വയനാട് ജില്ലയിൽ വനത്തിൽനിന്ന് 15 കിലോമീറ്ററോളം അകലെ പുതുശേരി എന്ന സ്ഥലത്താണ് 2023 ജനുവരിയിൽ കർഷകനെ കടുവ ആക്രമിച്ചു കൊന്നത്. ഫോറസ്റ്റിൽനിന്ന് പതിനഞ്ച് കിലോമീറ്ററിലധികലം അകലമുള്ള പ്രദേശങ്ങൾ വയനാട്ടിൽ ഏറെയില്ല എന്നവരുമ്പോൾ വയനാട്ടിൽ എവിടെയും കടുവകളുടെ സാന്നിധ്യം പ്രതീക്ഷിക്കാം. എറണാകുളം ജില്ലയിൽ, കോതമംഗലം കുളങ്ങാട്ടുകുഴിയിൽ പശുവിനെ കൊന്നത് കടുവയെന്നു സ്ഥിരീകരിക്കപ്പെട്ടതിനെ തുടർന്ന് പ്രദേശവാസികൾ ഈ ദിവസങ്ങളിൽ ഭീതിയിൽ കഴിയുകയാണ്.

വർഷങ്ങൾക്ക് മുമ്പേ വിദഗ്ദർ മുന്നറിയിപ്പ് നൽകിയിരുന്ന ദുരന്തമാണ് ഇപ്പോൾ കേരളം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത് എന്നത് പറയാതെവയ്യ. കടുവയും ആനയും പോലുള്ള വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രണാതീതമായി വർധിക്കുന്ന പക്ഷം വനങ്ങളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുകയും മൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങാൻ നിർബ്ബന്ധിതരാവുകയും ചെയ്യും എന്നുള്ളത് ഒരു വസ്തുതയാണ്. വളർത്തുമൃഗങ്ങളെയോ മനുഷ്യരെയോ ഇരയാക്കാൻ സാധാരണ താത്പര്യപ്പെടാത്ത മൃഗമാണ് കടുവ. കടുവകളുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് വനത്തിനുള്ളിൽ കടുവകൾ തമ്മിലുള്ള ഏറ്റുമുട്ടൽ (territorial fight) പതിവാകുന്ന സാഹചര്യം രൂപപ്പെടും. ഇത്തരം ഏറ്റുമുട്ടലുകളിൽ പരാജിതരായി കാട്ടിലെ ഇടം നഷ്ടപ്പെടുന്ന, പരിക്കുകളാൽ സ്വാഭാവികമായി ഇരതേടാൻ കഴിയാതെ വരുന്ന കടുവകൾ നാട്ടിലേക്കിറങ്ങുന്നു. ഇത്തരം സാധ്യതകൾ മുൻകൂട്ടി മനസിലാക്കി അത്തരം കടുവകളെ മാറ്റി പാർപ്പിക്കാൻ വനംവകുപ്പിന് സംവിധാനങ്ങളുണ്ടാകണം. എണ്ണപ്പെരുപ്പത്തിനൊപ്പം വനത്തിൽ ഉണ്ടാകുന്ന ഭക്ഷ്യ ജല ക്ഷാമമാണ് കാട്ടാനകൾ കാടുവിട്ടിറങ്ങാൻ കാരണമായി മാറുന്നത്. അവയ്ക്ക് വനത്തിൽ തന്നെ ആവശ്യത്തിനുള്ള സംവിധാനങ്ങൾ ഒരുക്കി നൽകാനും എണ്ണം ക്രമീകരിക്കാനും വനം വകുപ്പ് അടിയന്തിര നടപടികൾ സ്വീകരിക്കണം. മാത്രവുമല്ല, ഇത്തരത്തിൽ വനം വിട്ട് വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്ന സംഭവങ്ങളിൽ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉത്തരവാദികളായി പരിഗണിക്കപ്പെടും വേണം.

> **കേരളത്തിലെ കർഷക, കുടിയേറ്റ ജനതകളിൽ വലിയൊരു വിഭാഗം അതിരൂക്ഷമായ വന്യമൃഗ ഭീഷണിയിൽ തുടരുന്നു എന്നുമാത്രമല്ല, ഭീഷണി കുത്തനെ ഉയർന്നുകൊണ്ടുമിരിക്കുന്നു. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലും സമീപ മലയോര ജില്ലകളിലും കാട്ടാനകളുടെ ആക്രമണം രൂക്ഷമായികൊണ്ടിരിക്കുന്നു.**

www.malankaralibrary.com



## കാലഹരണപ്പെട്ട വന്യജീവി സംരക്ഷണ നിയമം

വന്യജീവി ശല്യം വർധിച്ചുവരുന്ന സാഹചര്യത്തിലും നിഷ്ക്രിയത തുടരുന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സമീപനവും പ്രതിഷേധാത്മകമാണ്. വന്യമൃഗങ്ങളെ നിയന്ത്രിക്കാൻ കഴിയുന്ന വിധത്തിൽ വന്യജീവി സംരക്ഷണ നിയമത്തിൽ (Wildlife Protection Act of 1972) ആവശ്യമായ ഭേദഗതി വരുത്താൻ തയ്യാറാകണമെന്ന ആവശ്യം വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ് നിരാകരിച്ചത് ഏതാനും ദിവസങ്ങൾക്ക് മുമ്പാണ്. മനുഷ്യജീവന് ഭീഷണിയാകുന്ന വന്യ മൃഗങ്ങളെപ്പോലെതന്നെ സ്വത്തിനും കൃഷിക്കും വലിയ നാശനഷ്ടങ്ങൾ വരുത്തുന്ന കുരങ്ങ്, കാട്ടുപന്നി തുടങ്ങിയ മൃഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കേണ്ടതും കർഷകരുടെ കാലങ്ങളായുള്ള ആവശ്യമാണ്. വനത്തിൽനിന്ന് വളരെ അകലെയുള്ള കൃഷിയിടങ്ങളിൽപോലും വലിയ നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന, കേരളത്തിൽ സുലഭമായി കാണുന്ന നാടൻ കുരങ്ങിനെ ഷെഡ്യൂൾ ഒന്നിൽ പെടുത്തിയ നടപടി തിരുത്തണമെന്ന ആവശ്യവും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചിട്ടില്ല.

വെസ്റ്റേൺ ഘട്ട് എക്കോളജി എക്സ്പെർട്ട് പാനൽ ചെയർമാൻ കൂടിയായിരുന്ന പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞനായ പദ്മഭൂഷൺ പ്രൊഫ. മാധവ് ഗാഡ്ഗിൽ 2023 ജനുവരിയിൽ അഭിപ്രായപ്പെട്ടത്, വന്യജീവി സംരക്ഷണ നിയമം കാലഹരണപ്പെട്ടതും പൂർണ്ണമായി ഉപേക്ഷിക്കേണ്ടതുമാണെന്നാണ്. ആ നിയമം യുക്തിരഹിതവും വിഡ്ഢിത്തവും ഭരണഘടനാവിരുദ്ധവുമാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. വയനാട്ടിൽ തുടരെയായുണ്ടാകുന്ന കടുവ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ കടുവകളുടെ എണ്ണം കള്ളിങ്ങിലൂടെ നിയന്ത്രിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. കാടിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങൾ ഏതുതന്നെയെങ്കിലും അവയെ ആവശ്യമെങ്കിൽ കൊന്ന് പ്രശ്നം പരിഹരിക്കാനുള്ള പൂർണ്ണ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് യൂണിവേഴ്സിറ്റിയിൽ നടത്തിയ പ്രഭാഷണത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. മനുഷ്യജീവന് ഭീഷണിയാകുന്ന മനുഷ്യർക്ക് വധശിക്ഷ വരെ കൊടുക്കാവുന്ന വിധത്തിൽ നിയമങ്ങളുണ്ടായിരിക്കെ മനുഷ്യജീവന് ഭീഷണിയാകുന്ന മൃഗങ്ങളെ കൊല്ലുന്നതിൽ എന്താണ് തെറ്റ് എന്നും അദ്ദേഹം ചോദിച്ചു.

നിയമ ഭേദഗതി ഉൾപ്പെടെയുള്ള ആവശ്യങ്ങൾ കേന്ദ്രത്തോട് ഉന്നയിക്കുന്നതായി

www.malankaralibrary.com

ചീഫ് വൈൽഡ് ലൈഫ് വാർഡനും വനം മന്ത്രിയും മാധ്യമങ്ങൾക്ക് മുന്നിൽ ആവർത്തിക്കുമ്പോഴും വന്യജീവി സംരക്ഷണവും നിയന്ത്രണവും സംസ്ഥാനത്തിന്റെ വിഷയമാണെന്ന് പറഞ്ഞ് കയ്യൊഴിയുന്ന സമീപനമാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി സ്വീകരിച്ചത്. കേന്ദ്രവും സംസ്ഥാനവും പരസ്പരം പഴി ചാരുകയും വെറുംവാക്കുകൾ പറഞ്ഞ് താൽക്കാലികമായി ജനരോഷമകറ്റുകയും ചെയ്യുമ്പോഴും വന്യമൃഗ ശല്യത്തിന്റെ തോത് ഉയർന്നുകൊണ്ടിരിക്കുക തന്നെയാണ്. ഓരോ ദിവസവും കേരളത്തിൽ പലയിടങ്ങളിലായി വന്യമൃഗങ്ങളുടെ  ആക്രമണങ്ങൾ നേരിടുന്നവരുടെയും കൊല്ലപ്പെടുന്നവരുടെയും എണ്ണം വർധിക്കുന്നു എന്ന് മാത്രമല്ല,  കാടുവിട്ടിറങ്ങുന്ന വന്യമൃഗങ്ങളുടെ എണ്ണം ഇനിയും ഉയർന്നാൽ ആയിരക്കണക്കിന് കുടുംബങ്ങൾ എല്ലാം ഉപേക്ഷിച്ച് നാടുവിടേണ്ടതായി വന്നേക്കാം.

### വന്യമാകുന്ന വനം വകുപ്പ്

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ തുടർച്ചയായി വന്യമൃഗ ആക്രമണങ്ങളും മരണങ്ങളും സംഭവിക്കുന്ന പശ്ചാത്തലത്തിൽ പ്രതിവിധികളെക്കുറിച്ചുള്ള ചർച്ചകളും വാഗ്ദാനങ്ങളും മാധ്യമങ്ങളിൽ കൂടി നിരന്തരം പ്രത്യക്ഷപ്പെടുന്നുണ്ട്. വിവാദങ്ങൾ ഉടലെടുക്കുന്ന പശ്ചാത്തലത്തിൽ മുമ്പ് പലപ്പോഴായി ഉയരുകയും പാഴ്‌വാക്കുകളായി മാറുകയും ചെയ്ത വാഗ്ദാനങ്ങളുടെ ആവർത്തനങ്ങൾ തന്നെയാണ് അവ. എല്ലാം ഒന്ന് ആറിത്തണുക്കുമ്പോൾ വീണ്ടും പഴയ തണുപ്പൻ സമീപനത്തിലേയ്ക്ക് വനം വകുപ്പ് ഒതുങ്ങിപ്പോകാനുള്ള സാധ്യതകൾ തള്ളിക്കളയാനാവില്ല. ഒരു സമാന്തര - സ്വതന്ത്ര ഭരണ സംവിധാനമെന്ന വിധത്തിലുള്ള വനം വകുപ്പിന്റെ നീക്കങ്ങൾക്ക് മേൽ ജനങ്ങൾക്കുവേണ്ടിയുള്ള ഡിപ്പാർട്ട്മെന്റുകൾക്കോ മന്ത്രിസഭയ്ക്ക് തന്നെയോ യാതൊരു സ്വാധീനത്തിനും സാധ്യതയില്ല എന്നുവരുന്നത് എന്തുകൊണ്ടാണ് എന്നതിനുള്ള ഉത്തരം ഇനിയും ലഭിക്കേണ്ടതുണ്ട്.

കേരള സർക്കാരിന്റെ ജനദ്രോഹപരമായ വനനിയമ പരിഷ്കരണ ബിൽ പിൻവലിക്കുന്നതായി സർക്കാർ പ്രഖ്യാപിച്ചതിന് തൊട്ടു പിന്നാലെ, ആ തീരുമാനത്തിനെതിരെ കേരള ഫോറസ്റ്റ് റേഞ്ചേഴ്സ് അസോസിയേഷൻ പ്രമേയം പാസാക്കുകയുണ്ടായിരുന്നു. റിപ്പോർട്ടുകൾ പ്രകാരം, ചീഫ് വൈൽഡ് ലൈഫ് വാർഡൻ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ അധ്യക്ഷനായിരുന്നത് വനം മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനാണ്. ജനക്ഷേമ പരിപാടികൾ മുടക്കുക, റോഡ് വികസനം പോലുള്ള കാര്യങ്ങളിൽ അനിയന്ത്രിതമായ തടസങ്ങൾ സൃഷ്ടിക്കുക, ജുഡീഷ്യറിയെ പോലും കളങ്കപ്പെടുത്തുന്ന സ്ഥാപിത നീക്കങ്ങൾ നടത്തുക, നിരപരാധികളെ വേട്ടയാടുക എന്നിങ്ങനെ നിരവധി ആരോപണങ്ങളുടെ നടുവിലാണ് വനംവകുപ്പ് എന്നോർക്കണം. ജനങ്ങളോട് തീരെയും കൂറില്ലാത്ത, ജനങ്ങളുടെ സുരക്ഷയിൽ ആശങ്കയില്ലാത്ത സ്ഥാപിത താൽപരരായ ഒരാൾക്കൂട്ടമായി വനം വകുപ്പ് ഉദ്യോഗസ്ഥർ മാറുന്നതും വകുപ്പ് മന്ത്രിക്ക്

**വെസ്റ്റേൺ ഘട്ട് എക്കോളജി എക്സ്പെർട്ട് പാനൽ ചെയർമാൻ കൂടിയായിരുന്ന പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞനായ പദ്മഭൂഷൺ പ്രൊഫ. മാധവ് ഗാഡ്ഗിൽ 2023 ജനുവരിയിൽ അഭിപ്രായപ്പെട്ടത്, വന്യജീവി സംരക്ഷണ നിയമം കാലഹരണപ്പെട്ടതും പൂർണ്ണമായി ഉപേക്ഷിക്കേണ്ടതുമാണെന്നാണ്.**

ഈ ലേഖനം വെബ്സൈറ്റിൽ വായിക്കാൻ

www.malankaralibrary.com

https://kcbcjagratha.org/is-the-forest-department-the-founder-of-animal-rule-in-a-democracy/

പോലും വനംവകുപ്പിൽ സ്വാധീനമില്ലാതെ വരുന്നതും വലിയൊരു ചോദ്യചിഹ്നമാണ്. ജനങ്ങൾക്ക് ഹിതകരമല്ലാത്ത പല നീക്കങ്ങൾക്ക് പിന്നിലും നിലവിൽ സർവീസിൽ ഉള്ളവരും വിരമിച്ചവരുമായ ഉയർന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായുള്ള സൂചനകളുമുണ്ട്.

നിലവിലുള്ള കരിനിയമങ്ങളുടെ പിൻബലത്തിൽ അഴിഞ്ഞാടുന്ന വനംവകുപ്പിന്റെ ഉദ്ദേശശുദ്ധി പലപ്പോഴും സംശയാസ്പദമാണ്. കഴിഞ്ഞ പത്തുവർഷങ്ങൾക്കിടെ വനംവകുപ്പ് വാങ്ങിക്കൂട്ടിയിട്ടുള്ള വാഹനങ്ങളുടെ വില 21 കോടിയിലധികം വരും. മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനായി നിരത്തിലോടുന്നവയല്ല ഇതിൽ ബഹുഭൂരിപക്ഷവും. കേരളത്തിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ അനുപാതം താരതമ്യം ചെയ്യുമ്പോൾ മറ്റ് ഫോഴ്സുകളേക്കാൾ വളരെയേറെ ഉന്നത ഉദ്യോഗസ്ഥർ നിയമിക്കപ്പെട്ടിരിക്കുന്നതും ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്. ഒരു ജനാധിപത്യ ഭരണസംവിധാനത്തിനുകീഴിൽ ജനങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയാത്ത ഇത്തരമൊരു വകുപ്പിന് എന്തിനാണ് ഇത്രമാത്രം സന്നാഹങ്ങൾ എന്ന ചോദ്യം നിസാരമായി തള്ളിക്കളയേണ്ട ഒന്നല്ല.

## വേണ്ടത് ശാശ്വത പരിഹാരം

മൃഗ ശല്യത്തെക്കുറിച്ചു പറയുമ്പോൾ മാറ്റിനിർത്താൻ കഴിയാത്ത മറ്റൊരു വിഷയം കൂടിയുണ്ട്, തെരുവു നായ്ക്കളുടെ ശല്യം. കേരളത്തിൽ തെരുവ് നായ് ശല്യം അതിരൂക്ഷമായിട്ട് വർഷങ്ങൾ ഏറെയായി. കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടെ കേരളത്തിൽ തെരുവ് നായ്ക്കളാൽ ആക്രമിക്കപ്പെട്ട മനുഷ്യരുടെ എണ്ണം 13 ലക്ഷമാണെന്നാണ് കണക്കുകൾ. നൂറോളംപേർ ഇക്കാലയളവിൽ പേവിഷബാധയേറ്റ് മരിച്ചു. ദിവസം ശരാശരി 710 പേർ തെരുവ് നായ്ക്കളാൽ ആക്രമിക്കപ്പെടുന്ന കേരളം പേവിഷ ബാധയ്ക്കെതിരായ വാക്സിന്റെ സുസ്ഥിര മാർക്കറ്റ് കൂടിയാണ്. കാര്യങ്ങൾ ഇപ്രകാരമാണെങ്കിലും നിയമസംവിധാനങ്ങളും 'ബൗദ്ധിക' സമൂഹവും ഇപ്പോഴും മനുഷ്യരുടെ പക്ഷത്തില്ല! ഈ നിശബ്ദതയ്ക്കു പിന്നിൽ മറ്റെന്തെങ്കിലും സ്ഥാപിത താൽപ്പര്യങ്ങളുണ്ടോ എന്നും സംശയിക്കാവുന്നതാണ്.

മനുഷ്യ ജീവനും സ്വത്തിനും അർഹിക്കുന്ന പരിഗണന നൽകാൻ കഴിയാത്ത ഭരണകൂടത്തെ ജനകീയമെന്ന് വിശേഷിപ്പിക്കാൻ കഴിയില്ല. അത്തരം നിലപാടുകളിൽ തുടരുന്ന, മനുഷ്യന്റെ അതിജീവന പ്രശ്നങ്ങൾക്ക് മുന്നിൽ കണ്ണടയ്ക്കുന്ന ഭരണസംവിധാനത്തെ ജനാധിപത്യമെന്നും വിളിക്കാനാവില്ല. വനവും പരിസ്ഥിതിയും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടണം, എന്നാൽ പ്രഥമ പരിഗണന മനുഷ്യജീവനായിരിക്കണം. അത്തരം പരിഗണനകൾ അതർഹിക്കുന്നവർക്ക് ലഭിക്കണമെങ്കിൽ അതിനുള്ള നിയമനിർമ്മാണങ്ങളാണ് ആവശ്യം. അതിരപ്പിള്ളി വനമേഖലയിൽ കഴിഞ്ഞയിടയ്ക്ക് പരിക്ക് പറ്റിയതായി കണ്ടെത്തിയ കാട്ടാനകളെ ചികിൽസിക്കാനും വയനാട്ടിൽ ചത്തനിലയിൽ കണ്ടെത്തിയ മൂന്ന് കടുവകളുടെ മരണകാരണവുമായി ബന്ധപ്പെട്ട് അന്വേഷണത്തിന് ഇറങ്ങിത്തിരിക്കാനും വനം മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഉദ്യോഗസ്ഥ വൃന്ദവും പ്രകടിപ്പിക്കുന്ന ആവേശത്തിന്റെ ഒരംശം പോലും വന്യമൃഗങ്ങൾ ദിനംപ്രതി കൊന്നുതള്ളുന്ന മനുഷ്യജീവനെക്കുറിച്ച് ചിന്തിക്കാനോ, അതിന് കാരണമാകുന്ന വീഴ്ചകളെക്കുറിച്ച് പഠിച്ച് നടപടികൾ സ്വീകരിക്കാനോ പ്രകടിപ്പിക്കുന്നതായി കാണാറില്ല. വന്യമൃഗങ്ങളെ ഏതു വിധേനയും സംരക്ഷിക്കുക എന്ന ഒരു ലക്ഷ്യത്തിനപ്പുറം മറ്റൊന്നുമില്ലാത്ത മൃഗാധിപത്യ സംവിധാനമായി വനംവകുപ്പ് മാറിക്കഴിഞ്ഞിരിക്കുന്നു എന്നുവേണം കരുതാൻ.

മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കാൻ കഴിയുന്ന വിധത്തിൽ 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വന്യമൃഗങ്ങൾ വനം വിട്ടിറങ്ങുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തവും ചുമതലകളും നിശ്ചയിച്ചുകൊണ്ടും വീഴ്ചകളുണ്ടായാൽ നടപടികൾ ഉണ്ടാകുന്ന വിധത്തിലും 1961 ലെ കേരള വനനിയമം പരിഷ്കരിക്കപ്പെടുകയും വേണം. ഒപ്പം, വനം വിട്ടിറങ്ങുന്ന മൃഗങ്ങളിൽനിന്നും തെരുവുനായ്ക്കൾ പോലുള്ള മറ്റു ജീവികളിൽനിന്നും മനുഷ്യന് സംരക്ഷണവും നിയമ പരിരക്ഷയും നൽകാൻ ആവശ്യമായ സത്വര നടപടികളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിക്കണം.



Back to content page

www.malankaralibrary.com

# മതപരിവർത്തന നിരോധന നിയമങ്ങൾ പിടിമുറുക്കുന്ന ഇന്ത്യ



ഫാ. ഡോ. മൈക്കിൾ
പുളിക്കൽ സിഎംഐ
സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ



www.malankaralibrary.com

മതപരിവർത്തന നിരോധന നിയമം നടപ്പാക്കാനൊരുങ്ങുന്ന സംസ്ഥാനങ്ങളിൽ ഒടുവിലത്തേതാണ് രാജസ്ഥാൻ. നിലവിൽ മതപരിവർത്തന നിരോന നിയമം നിയമസഭയിൽ പാസാക്കപ്പെട്ട ഒമ്പത് സംസ്ഥാനങ്ങളിൽ കർണ്ണാടകയിൽ മാത്രമാണ് അത് പിന്നീട് പിൻവലിക്കപ്പെട്ടിട്ടുള്ളത്. പത്താമത്തെ സംസ്ഥാനമായ രാജസ്ഥാൻ നിയമസഭയിൽ “നിയമവിരുദ്ധമായ” മതപരിവർത്തനത്തെ പ്രതിരോധിക്കാനെന്ന പേരിൽ പുതിയ ബിൽ ഫെബ്രുവരി നാലിന് അവതരിപ്പിക്കപ്പെട്ടു. ഇത്തരമൊരു നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനായുള്ള ശ്രമങ്ങൾ അവിടെ പലപ്പോഴായി നടന്നിരുന്നെങ്കിലും അത് വിജയിച്ചിരുന്നില്ല. എന്നാൽ, രാജസ്ഥാൻ നിയമവിരുദ്ധ മതംമാറ്റ നിരോധന ബിൽ, 2025 നടപ്പാകാൻ സാധ്യതകൾ ഏറെയാണ്. രാജസ്ഥാന്റെ മൂന്ന് അയൽ സംസ്ഥാനങ്ങളിൽ നിലവിൽ മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിലുണ്ട് എന്നതും ബിജെപി ഭരിക്കുന്ന സംസ്ഥാനമാണ് രാജസ്ഥാൻ എന്നതും ബിൽ നിയമമാകാനുള്ള സാധ്യതകൾ വർധിപ്പിക്കുന്നു.

### വേട്ടയാടാൻ മതപരിവർത്തന നിരോധന നിയമം

മതപരിവർത്തന നിരോധന നിയമം നിലവിലുള്ള സംസ്ഥാനങ്ങളിൽ തീവ്ര ഹിന്ദുത്വ സംഘടനകളുടെ നേതൃത്വത്തിൽ ന്യൂനപക്ഷ മതങ്ങളിൽ പെട്ടവരെ അടിച്ചമർത്താൻ ഈ നിയമം വ്യാപകമായി ദുരുപയോഗിക്കപ്പെടുന്നു എന്നത് വസ്തുതയാണ്. ഇന്ത്യയുടെ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം നിഷേധിക്കപ്പെടാൻ ഈ നിയമം വഴിയൊരുക്കുന്നത് ഗുരുതരമായ ഭരണഘടനാ ലംഘനമാണ്. ഏറ്റവും ഒടുവിൽ ഉത്തരപ്രദേശിലെ അംബേദ്കർ നഗറിൽ മതപരിവർത്തന ശ്രമങ്ങൾ നടത്തിയെന്ന കുറ്റം ചുമത്തി ജോസ് പാപ്പച്ചൻ, ഷീജ പാപ്പച്ചൻ എന്നീ ദമ്പതികൾക്ക് ഈ ജനവരി 24 ന് പ്രത്യേക കോടതി അഞ്ചുവർഷം തടവ് ശിക്ഷയും 25000 രൂപ വീതം പിഴയും ചുമത്തുകയുണ്ടായിരുന്നു. 2022 ഡിസംബർ 25 ന് ആദിവാസികൾക്കിടയിൽ ക്രിസ്മസ് ആഘോഷം നടത്തിയതാണ് പ്രാദേശിക ബിജെപി നേതൃത്വത്തിന് പ്രകോപനമായത്. തുടർന്ന് ബിജെപിയുടെ ജില്ലാ സെക്രട്ടറിയായ ചന്ദ്രിക പ്രസാദ് ജലാൽപൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുമായിരുന്നു. ഉത്തർപ്രദേശിലെ മതപരിവർത്തന നിരോധന നിയമത്തിലെ 3, 5 (1) വകുപ്പുകൾ ചുമത്തപ്പെട്ടതിനെ തുടർന്ന് വിചാരണ കാലയളവ് മുഴുവൻ അവർക്ക് ജയിലിൽ കഴിയേണ്ടതായി വന്നിരുന്നു. വില്ലേജ് സന്ദർശിക്കുകയും



www.malankaralibrary.com

**ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും വിശ്വസിക്കുന്ന മതം പ്രഘോഷിക്കാനും പ്രചരിപ്പിക്കാനും അതനുസരിച്ച് ജീവിക്കാനുമുള്ള അവകാശം ഉറപ്പുനൽകുന്ന ഇന്ത്യൻ ഭരണഘടനയുടെ ഇരുപത്തഞ്ചാം ആർട്ടിക്കിളിന് തികച്ചും വിരുദ്ധമാണ് ഇപ്രകാരമുള്ള നിയമ നിർമ്മാണങ്ങളും കോടതി ഇടപെടലുകളും എന്നത് സംശയമില്ലാത്ത കാര്യമാണ്.**

ക്രൈസ്തവ വിശ്വാസത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു, ബൈബിൾ വിതരണം ചെയ്തു, ക്രിസ്മസിന് കേക്ക് മുറിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു, ക്രിസ്മസ് ആഘോഷം നടന്നയിടത്ത് ഉണ്ണീശോയുടെ ചിത്രം പ്രദർശിപ്പിച്ചു എന്നീ "കുറ്റ കൃത്യങ്ങൾ" ചെയ്തതായി ഗ്രാമവാസികളുടെ മൊഴികളിൽനിന്ന് വ്യക്തമായതോടെയാണ് കോടതി അവരെ കുറ്റക്കാരെന്നു കണ്ട് ശിക്ഷ വിധിച്ചത്.

സന്യസ്ഥരും വൈദികരും വിശ്വാസികളും സ്വകാര്യമായി ഉപയോഗിക്കുന്ന ബൈബിളും പ്രാർത്ഥനാ പുസ്തകങ്ങളും കുരിശുരൂപവും മറ്റും റെയ്ഡുകളിൽ കണ്ടെടുക്കുന്നതും പ്രദർശിപ്പിക്കപ്പെടുന്നതും അവയുടെ ഉപയോഗം വലിയ നിയമ ലംഘനമെന്ന വിധത്തിലാണ്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും വിശ്വസിക്കുന്ന മതം പ്രഘോഷിക്കാനും പ്രചരിപ്പിക്കാനും അതനുസരിച്ച് ജീവിക്കാനുമുള്ള അവകാശം ഉറപ്പുനൽകുന്ന ഇന്ത്യൻ ഭരണഘടനയുടെ ഇരുപത്തഞ്ചാം ആർട്ടിക്കിളിന് തികച്ചും വിരുദ്ധമാണ് ഇപ്രകാരമുള്ള നിയമ നിർമ്മാണങ്ങളും കോടതി ഇടപെടലുകളും എന്നത് സംശയമില്ലാത്ത കാര്യമാണ്.

### രാജസ്ഥാനിലെ മതപരിവർത്തന നിരോധന ബിൽ

വ്യാപകമായി ദുരുപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഉത്തരപ്രദേശിലെയും മധ്യപ്രദേശിലേയും മതപരിവർത്തന നിരോധന നിയമങ്ങൾക്ക് ഏറെക്കുറെ സമാനമാണ് രാജസ്ഥാൻ നിയമസഭയിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന പുതിയ ബിൽ. ഒരു വ്യക്തിക്ക് സ്വമേധയാ മതം മാറണമെങ്കിൽ മാസങ്ങൾ നീണ്ട കാത്തിരിപ്പ് ആവശ്യമാണ്. മതപരിവർത്തനത്തിന് തയ്യാറെടുക്കുന്ന വ്യക്തി രണ്ടു മാസങ്ങൾക്ക് മുമ്പും മതപരിവർത്തന പ്രക്രിയയ്ക്ക് കാർമ്മികനാകുന്ന വ്യക്തി ഒരു മാസം മുമ്പും ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ പോലും യഥാക്രമം മൂന്നും അഞ്ചും വർഷം വരെ നീളുന്ന ജയിൽ ശിക്ഷയ്ക്കും പതിനായിരത്തിലും ഇരുപത്തയ്യായിരത്തിലും കുറയാത്ത പിഴ ശിക്ഷയ്ക്കും കാരണമായേക്കാം.

അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അഡീഷണൽ ജില്ലാ കളക്ടറിൽ കുറയാത്ത റാങ്കുള്ള ഒരു ഓഫീസറുടെ മേൽനോട്ടത്തിൽ വിശദമായ പോലീസ് അന്വേഷണം നടക്കേണ്ടതുണ്ട്. ഒപ്പം അപേക്ഷകന്റെ വിശദമായ വിവരങ്ങൾ പൊതുജനശ്രദ്ധയ്ക്കായി ജില്ലാ കളക്ടറുടെ ഓഫീസ് പരിസരത്ത് പതിക്കുകയും ചെയ്യും. പോലീസ് അന്വേഷണം അപേക്ഷകന് അനുകൂലമാവുകയും പൊതുജനങ്ങൾക്ക് എതിർപ്പില്ലാതിരിക്കുകയും ചെയ്താൽ മതം മാറ്റം അനുവദനീയമാണ്. ഫലത്തിൽ നിയമം പ്രാബല്യത്തിൽ വന്നാൽ ഒരു വ്യക്തിക്ക് തനിക്ക് ഇഷ്ടമുള്ള മതം സ്വീകരിക്കണമെങ്കിൽ അതിനുള്ള കടമ്പകൾ അത്യന്തം ദുഷ്കരമായിരിക്കുമെന്ന് തീർച്ച.

പ്രത്യേകമായി, മതപരിവർത്തനം സംബന്ധിച്ചുള്ള പരാതികൾ, പരിവർത്തനം ചെയ്യപ്പെട്ടതോ അതിന് ഒരുങ്ങുന്നതോ ആയ ആളുടെ രക്തബന്ധത്തിൽ പെട്ട ആർക്കും നൽകാനാവും എന്ന വ്യവസ്ഥകൂടി രാജസ്ഥാൻ മതപരിവർത്തന നിരോധന ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മതപരിവർത്തനം സംബന്ധിച്ചുള്ള പരാതികൾ അതിനു കാരണക്കാരനായ വ്യക്തിയ്ക്ക് അഞ്ചു വർഷം വരെ തടവ് ശിക്ഷയ്ക്കോ ചുരുങ്ങിയത് പതിനായിരം രൂപ പിഴ ശിക്ഷയ്ക്കോ വഴിയൊരുക്കിയേക്കാം. സ്ത്രീയെയോ, പ്രാ

www.malankaralibrary.com

യപൂർത്തിയാകാത്ത വ്യക്തിയെയോ, ഒന്നിൽ കൂടുതൽ വ്യക്തികളെ ഒരുമിച്ചോ മതപരിവർത്തനത്തിന് പ്രേരിപ്പിക്കുകയോ വിധേയരാക്കുകയോ ചെയ്യുന്ന പക്ഷം ശിക്ഷ പത്തുവർഷം വരെയുള്ള തടവും അമ്പതിനായിരത്തിൽ കുറയാത്ത പിഴയുമായിരിക്കും.

ഇത്തരത്തിലുള്ള വകുപ്പുകൾ ഉൾച്ചേർത്തുകൊണ്ട് തയ്യാറാകുന്ന രാജസ്ഥാനിലെ മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിൽ വന്നാൽ അത് വലിയ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുമെന്ന് തീർച്ച. മധ്യപ്രദേശിലും ഉത്തരപ്രദേശിലും ഇതിനകം എണ്ണമറ്റ വ്യാജ പരാതികൾ അനേക നിരപരാധികളുടെ ജയിൽവാസത്തിനും സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും വഴിയൊരുക്കി കഴിഞ്ഞിരിക്കുന്നതിന് സമാനമായ കാഴ്ചകൾ രാജസ്ഥാനിലും ഭാവിയിൽ ആവർത്തിക്കപ്പെട്ടേക്കാം.

### ക്രൈസ്തവ വിരുദ്ധതയുടെ വ്യാപനം – “സനാതനി – കർമ്മ ഹി ധർമ്മ”

വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ തീവ്ര ഹിന്ദുത്വ സംഘടനകളുടെ നേതൃത്വത്തിൽ ക്രൈസ്തവ മിഷനറിമാർക്കും കത്തോലിക്കാ വൈദികർക്കും സന്യസ്തർക്കും സ്ഥാപനങ്ങൾക്കുമെതിരെയുള്ള വ്യാജ ആരോപണങ്ങളും വിദ്വേഷ പ്രചാരണങ്ങളും വർധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലം ഇവിടെ പ്രസക്തമാണ്. തെറ്റിദ്ധാരണകളിൽ അകപ്പെടുന്ന ഗ്രാമീണർ ശത്രുതയോടെ ക്രൈസ്തവരെ കാണുകയും അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്ന സംഭവങ്ങളും ഒട്ടേറെ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഭരണഘടനാ വിരുദ്ധമായി നിർമ്മിക്കപ്പെടുന്ന നിയമങ്ങൾ ദുരുപയോഗിക്കപ്പെടുന്ന അവസരങ്ങൾ നിരന്തരമായി സൃഷ്ടിക്കപ്പെടുന്നത് അത്യന്തം ഗൗരവമായി കാണേണ്ട കാര്യമാണ്.

2008 ലെ കാന്ധമാൽ കലാപത്തിന്റെ ചോരപ്പാടുകൾ ഉണങ്ങാത്ത ഒഡീഷയുടെ മണ്ണിൽ തീവ്ര ക്രൈസ്തവ വിരുദ്ധത പ്രമേയമാക്കിക്കൊണ്ട് ഒരു ചലച്ചിത്രം റിലീസ് ആയത് ഈ ഫെബ്രുവരി ഏഴാംതിയ്യതിയാണ്. ക്രൈസ്തവ വിശ്വാസികൾക്കെതിരെ ശത്രുതാ മനോഭാവം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ആസൂത്രിതമായി നടക്കുന്നതിന്റെ സൂചനയാണ് “സനാതനി – കർമ്മ ഹി ധർമ്മ” എന്ന ചലച്ചിത്രം. ഇത്തരം നീക്കങ്ങൾ രാജ്യത്തിന്റെ സമാധാനാന്തരീക്ഷത്തിന് കടുത്ത വെല്ലുവിളിയാണ് എന്നത് നിസ്തർക്കമാണ്.

**2008 ലെ കാന്ധമാൽ കലാപത്തിന്റെ ചോരപ്പാടുകൾ ഉണങ്ങാത്ത ഒഡീഷയുടെ മണ്ണിൽ തീവ്ര ക്രൈസ്തവ വിരുദ്ധത പ്രമേയമാക്കിക്കൊണ്ട് ഒരു ചലച്ചിത്രം റിലീസ് ആയത് ഈ ഫെബ്രുവരി ഏഴാം തിയ്യതിയാണ്. ക്രൈസ്തവ വിശ്വാസികൾക്കെതിരെ ശത്രുതാ മനോഭാവം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ആസൂത്രിതമായി നടക്കുന്നതിന്റെ സൂചനയാണ് “സനാതനി – കർമ്മ ഹി ധർമ്മ” എന്ന ചലച്ചിത്രം. ഇത്തരം നീക്കങ്ങൾ രാജ്യത്തിന്റെ സമാധാനാന്തരീക്ഷത്തിന് കടുത്ത വെല്ലുവിളിയാണ് എന്നത് നിസ്തർക്കമാണ്.**

നിർബന്ധിത മതപരിവർത്തനത്തെ തടയാനുള്ള ശ്രമങ്ങളിൽ പൗരൻമാർക്ക് ഭരണഘടന ഉറപ്പ് നല്കുന്ന മതസ്വാതന്ത്ര്യം നിഷേധിക്കപ്പെടാനിടയാകരുത്. മാത്രവുമല്ല, വിവിധ സംസ്ഥാനങ്ങളെ കലാപഭൂമിയാക്കി മാറ്റാൻ പദ്ധതികൾ മെനയുന്ന വർഗീയവാദികൾക്ക് നിയമ നിർമ്മാണങ്ങളിലൂടെ ആയുധങ്ങൾ നിർമ്മിച്ച് നൽകുന്ന സംസ്ഥാന സർക്കാരുകൾ അത്തരം നീക്കങ്ങളിൽനിന്ന് പിന്മാറണം. കേന്ദ്ര സർക്കാരും രാഷ്ട്രീയ പാർട്ടികളും ഈ വിഷയത്തെ ഗൗരവമായെടുക്കുകയും വർഗീയതയും സാമൂഹിക വിഭജനവും വളർത്തുന്ന നീക്കങ്ങൾക്ക് യഥാവിധി പ്രതിവിധി കണ്ടെത്തുകയും ചെയ്യുന്നിടത്താണ് ഇന്ത്യ യാഥാർത്ഥ്യത്തിൽ തിളങ്ങുന്നത്.

ഈ ലേഖനം വെബ്സൈറ്റിൽ വായിക്കാൻ

https://kcbcjagratha.org/anti-conversion-laws-take-hold-in-india/

Back to content page

www.malankaralibrary.com




ഫാ. ആന്റണി അറയ്ക്കൽ
സെക്രട്ടറി, കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ

# സ്വകാര്യ സർവ്വകലാശാല ബിൽ, ആശയവും ആശയക്കുഴപ്പങ്ങളും

സ്വകാര്യ യൂണിവേഴ്സിറ്റികൾക്കായുള്ള കേരള സർക്കാരിന്റെ നിയമനിർമ്മാണം അഫിലിയേഷൻ/ അക്രഡിറ്റേഷൻ സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെയും സങ്കീർണതകളുടെയും കാര്യത്തിൽ മാനേജ്മെന്റുകൾക്ക് ആശ്വാസകരമാണ് എന്നത് പ്രതീക്ഷകൾ നൽകുന്നുണ്ട്. അതേസമയം ഏറെ ആശയക്കുഴപ്പങ്ങളുമുണ്ട്.

ഡീംഡ് ടു ബി യൂണിവേഴ്സിറ്റികൾക്കുള്ള അപേക്ഷകളിൽ NOC നൽകാൻ സംസ്ഥാന സർക്കാർ ഇതുവരെയും തയ്യാറാകാത്തതാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. നിലവിലുള്ള പ്രധാന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുകൂലമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുകയാണ് പ്രാഥമികമായ ആവശ്യം. അത്തരമൊരാവശ്യത്തെ തമസ്കരിച്ചുകൊണ്ടുള്ള പുതിയ നീക്കത്തിന്റെ ഉദ്ദേശശുദ്ധി സംശയാസ്പദമാണ്.

NAAC Accreditation score A, A+, A++ തുടങ്ങിയവ ലഭിക്കുന്ന കോളേജുകളുടെ ന്യായമായ ആവശ്യങ്ങൾ മാനിച്ച് ഡീംഡ് ടു ബി യൂണിവേഴ്സിറ്റികളായി ഉയർത്താൻ സർക്കാർ അനുകൂല നിലപാട് സ്വീകരിക്കണം. നിലവിലുള്ള പ്രധാന കോളേജുകളെ സംബന്ധിച്ച് ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയായി അപ്ഗ്രേഡ് ചെയ്യപ്പെടാനുള്ള സാധ്യത തുറന്നുകിട്ടുകയാണ് യഥാർത്ഥ ആവശ്യം. പുതിയ ബിൽ പ്രകാരം, നിലവിലുള്ള എയ്ഡഡ് ഓട്ടോണമസ് കോളേജുകൾ നിയമത്തിന്റെ പരിധിയിൽ പെടുന്നില്ല എന്നതാണ് പ്രാഥമിക വിലയിരുത്തൽ.

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡീംഡ് ടു ബി യൂണിവേഴ്സിറ്റികളിൽനിന്ന് വ്യത്യസ്തമായി സംസ്ഥാനങ്ങൾ പാസാക്കുന്ന നിയമത്തിന്റെ നിയന്ത്രണത്തിലാണ് സ്വകാര്യ സർവകലാശാലകളുടെ പ്രവർത്തനം. നിലവിൽ വിവിധ സംസ്ഥാനങ്ങളിൽ പ്രബല്യത്തിലുള്ള നിയമങ്ങൾ വ്യത്യസ്തമാണ്. നിലവിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ മാനദണ്ഡങ്ങൾ പ്രകാരം

www.malankaralibrary.com

പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ പൂർണ്ണമായും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

കേരളത്തിൽ മന്ത്രിസഭ തത്വത്തിൽ അംഗീകരിച്ചിരിക്കുന്ന പ്രൈവറ്റ് യൂണിവേഴ്സിറ്റി ബിൽ നിയമസഭയിൽ പാസാക്കപ്പെട്ടാൽ മറ്റു പല സംസ്ഥാനങ്ങളിലും നിലവിലുള്ള മാതൃകയിൽ കേരളത്തിലും സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കപ്പെടും. എന്നാൽ, നിലവിൽ ഈ മേഖലയിൽ കേരളത്തിൽ പ്രവർത്തന നിരതമായിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറിയപങ്കും പ്രൈവറ്റ് യൂണിവേഴ്സിറ്റികളായി മാറാൻ സാധ്യതയില്ല. 25 കോടി രൂപ എൻഡോവ്മെന്റ് തുക കെട്ടിവയ്ക്കേണ്ടതുണ്ട് എന്നുള്ളതാണ് പ്രധാന വെല്ലുവിളി.

വലിയ മുതൽമുടക്കിലും വലിയ ഫീസ് ചുമത്തിയും പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ ആരംഭിക്കാൻ തീരുമാനമെടുത്തേക്കാവുന്ന തദ്ദേശീയ വിദ്യാഭ്യാസ മാനേജ്മെന്റുകൾക്കു മുന്നിൽ ഉണ്ടായേക്കാവുന്ന പ്രധാന വെല്ലുവിളി വിദ്യാർത്ഥികളുടെ ലഭ്യത തന്നെയായിരിക്കും. അത്രമാത്രം ക്വാളിറ്റിയും ജോലിസാധ്യതയും ഉറപ്പുള്ള കോഴ്സുകൾ ആരംഭിക്കുന്ന ക്യാംപസുകൾക്ക് മാത്രമായിരിക്കും ഈ മേഖലയിൽ ശരിയായ സാധ്യതയും നിലനിൽപ്പും ഉണ്ടാവുക. അത്തരത്തിൽ ചിന്തിച്ചാൽ പ്രൈവറ്റ് യൂണിവേഴ്സിറ്റികളുടെ സ്ഥാപനം ഒരുപക്ഷെ മുഴുവൻ വിദ്യാഭ്യാസ മേഖലയ്ക്കും വെല്ലുവിളിയും ഗുണമേന്മ ഉയർത്താൻ നിർബ്ബന്ധിതമാക്കുന്ന ഘടകവുമായേക്കാം.

പുതിയ ബിൽ നിയമസഭയിൽ ഇനിയും എത്താത്തതിനാൽ മാധ്യമങ്ങൾക്കും പൊതുസമൂഹത്തിനും ലഭ്യമായിട്ടില്ല. അതിനാൽത്തന്നെ ബില്ലിന്റെ പൂർണ്ണമായ വിശദാംശങ്ങൾ അറിവായിട്ടില്ല. ബിൽ നിയമസഭയിൽ എത്തിയതിന് ശേഷം പൊതുസമൂഹത്തിന് അഭിപ്രായങ്ങൾ നൽകാനുള്ള അവസരം ഉണ്ടാകുമെന്ന് കരുതാം.

**NAAC Accreditation score A, A+, A++ തുടങ്ങിയവ ലഭിക്കുന്ന കോളേജുകളുടെ ന്യായമായ ആവശ്യങ്ങൾ മാനിച്ച് ഡീംഡ് ടു ബി യൂണിവേഴ്സിറ്റികളായി ഉയർത്താൻ സർക്കാർ അനുകൂല നിലപാട് സ്വീകരിക്കണം. നിലവിലുള്ള പ്രധാന കോളേജുകളെ സംബന്ധിച്ച് ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയായി അപ്ഗ്രേഡ് ചെയ്യപ്പെടാനുള്ള സാധ്യത തുറന്നു കിട്ടുകയാണ് യഥാർത്ഥ ആവശ്യം.**

ഈ മേഖലയിൽ വലിയ ബിസിനസ് മുതൽമുടക്കുകളുണ്ടാകാനുള്ള സാധ്യതകൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ബിസിനസ് ലക്ഷ്യങ്ങളോടെ രംഗപ്രവേശം ചെയ്യുന്ന കമ്പനികൾക്ക് മാത്രമായിരിക്കും ഈ പുതിയ നിയമംവഴി അവസരങ്ങൾ ലഭിക്കുക. വിദേശ സർവകലാശാലകൾ ഈ മേഖലയിലേക്ക് വന്നേക്കാം. അത്തരമുള്ള പ്രൊഫഷണൽ ഇടപെടലുകൾ ഒരുപക്ഷെ സംസ്ഥാനത്തിന് ഗുണകരമായിരിക്കാം എന്ന അഭിപ്രായങ്ങളുമുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുള്ള ബിൽ പൂർണരൂപത്തിൽ പൊതുസമൂഹത്തിനും മാധ്യമങ്ങൾക്കും ലഭ്യമാകാത്ത സ്ഥിതിക്ക് അന്തിമമായ വിലയിരുത്തൽ അസാധ്യമാണ്.

NB: യുജിസി ആക്ട് 1956 ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നവയാണ് ഡീംഡ് ടു ബി യൂണിവേഴ്സിറ്റികൾ. എന്നാൽ, സംസ്ഥാന സർക്കാരുകളുടെ നിയമ നിർമ്മാണത്തിന്റെ പിൻബലത്തിൽ സ്ഥാപിതമാകുന്ന യൂണിവേഴ്സിറ്റികളാണ് സ്വകാര്യ സർവ്വകലാശാലകൾ. 2003 ലെ യുജിസി റെഗുലേഷൻസ് പ്രകാരം ഇതിനുള്ള അനുമതി സംസ്ഥാന സർക്കാരിന് നിയമ നിർമ്മാണത്തിലൂടെ നൽകാവുന്നതാണ്. ഈ ഘട്ടത്തിൽ, അർഹതയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയായി ഉയർത്തപ്പെടാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുകയാണ് പ്രധാന ആവശ്യം.

ഈ ലേഖനം വെബ്സൈറ്റിൽ വായിക്കാൻ

https://kcbcjagratha.org/private-university-bill-concept-and-confusions/

Back to content page

www.malankaralibrary.com



# ഒന്നിനും മടിക്കാത്ത കേരള യുവത്വം



**നിഷ ജോസ്**
സൈക്കോളജിസ്റ്റ്

മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തരീതിയിൽ ചെറുപ്രായക്കാരായ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയുമിടയിൽ കുത്തനെ ഉയരുന്ന അക്രമ വാസനയും ആത്മഹത്യാ പ്രവണതകളും അതുമൂലമുള്ള അസ്വാഭാവിക മരണങ്ങളും കണ്ട് മനസ് മരവിച്ചിരിക്കുകയാണ് മലയാളികൾ. ഏറ്റവുമൊടുവിൽ തിരുവനന്തപുരത്ത് തനിക്ക് ഏറ്റവും വേണ്ടപ്പെട്ടവരായ അഞ്ചുപേരെ അതിക്രൂരമായി കൊലപ്പെടുത്തിയത് ഒരു ഇരുപത്തിമൂന്നുകാരനാണ്. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് ഒരുകൂട്ടം സീനിയർ വിദ്യാർത്ഥികൾ ജൂനിയർ വിദ്യാർത്ഥികളെ റാഗിങ്ങ് എന്ന പേരിൽ പൈശാചികമായ രീതിയിൽ പീഡനത്തിനിരയാക്കിയ വാർത്ത പുറത്തുവന്നത്. ഇത്തരം നിരവധി അക്രമസംഭവങ്ങൾക്കൊപ്പം സ്കൂൾ വിദ്യാർത്ഥികളുടെയുൾപ്പെടെ ആത്മഹത്യാ വാർത്തകൾ പലതും ഈ ദിവസങ്ങളിൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കൂട്ടക്കൊലപാതകങ്ങൾക്കും ഏതുവിധത്തിലുമുള്ള അക്രമങ്ങൾക്കും മടികാണിക്കാത്തവരുടെയും ആത്മഹത്യയെ പ്രശ്നപരിഹാരങ്ങൾക്കുള്ള കുറുക്കുവഴിയായി കാണുന്നവരുടെയും എണ്ണം നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ വർധിച്ചുവരുന്നുണ്ട് എന്ന വസ്തുതയെ അത്യന്തം ഗൗരവമായി വിചിന്തന വിഷയമാക്കേണ്ട നാളുകളാണിത്.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കിടയിൽ കേരളയുവതയ്ക്കിടയിൽ സംഭവിച്ചിട്ടുള്ളതും ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതും എന്താണെന്നുള്ളതിനെക്കുറിച്ചുള്ള ചർച്ചകൾ പല തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. ലഹരി, സമൂഹമാധ്യമങ്ങൾ, രക്തരൂക്ഷിത



www.malankaralibrary.com

**അത്യന്തം ആശങ്കാജനകമായ ഒരു സാഹചര്യത്തെയാണ് കേരളം ഇന്ന് നേരിടുന്നത് എന്നുള്ളത് നിസ്തർക്കമാണ്. മനഃശാസ്ത്രപരവും, സാമൂഹികവും, സാംസ്കാരികവുമായ ഒട്ടേറെ കാരണങ്ങൾ ഇവിടെയുണ്ട്. അതേസമയം, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്ന് സർക്കാർ സംവിധാനങ്ങൾക്കും ആത്മീയ നേതൃത്വങ്ങൾക്കും ഒഴിവാകാൻ കഴിയുകയുമില്ല.**

മായ അക്രമങ്ങൾ പ്രമേയമാക്കുന്ന ചലച്ചിത്രങ്ങൾ, സാമൂഹിക - കുടുംബാന്തരീക്ഷങ്ങളിലെ മാറ്റങ്ങൾ തുടങ്ങി കോവിഡാനന്തര പ്രതിസന്ധികൾ വരെയുള്ള ഒട്ടേറെ കാരണങ്ങളിലേയ്ക്ക് പലരും വിരൽ ചൂണ്ടുന്നു.

സൈബർ കുറ്റകൃത്യങ്ങൾ, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയവ വിവിധ കേസുകളുമായി ബന്ധപ്പെട്ട് നിരന്തരം കാണപ്പെടുന്നതിനാൽ സമൂഹമാധ്യമങ്ങളുടെ സ്വാധീനവും മയക്കുമരുന്ന് മാഫിയകളുടെ ഇടപെടലുകളും സ്വാഭാവികമായി ഇത്തരം നിരവധി കേസുകളിൽ വലിയ സ്വാധീനമായി മാറുന്നു എന്നത് നിസ്തർക്കമാണ്. കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും അക്രമ പ്രവണതകളും ആത്മഹത്യാ ചിന്തകളും വർദ്ധിച്ചിരിക്കുന്നത് വലിയ ദുഃസൂചനയാണ്.

നിയമ - നീതിനിർവഹണ സംവിധാനങ്ങൾപോലും നിഷ്ക്രിയമോ നിശബ്ദമോ ആയി തുടരുന്ന സാഹചര്യമാണ് ഇന്നുള്ളത്. ലഹരിയുടെ വ്യാപനം, സമൂഹമാധ്യമങ്ങളുടെ പരിധിവിട്ട സ്വാധീനം തുടങ്ങിയവയെ ഫലപ്രദമായി നേരിടാൻതക്ക സംവിധാനങ്ങൾ സർക്കാരിനുപോലുമില്ല എന്ന ദുരവസ്ഥ നിലനിൽക്കുന്നു. സാമൂഹിക - സംഘടനാ സംവിധാനങ്ങളും കുടുംബങ്ങളും പകച്ചുനിൽക്കുന്ന അവസ്ഥയും ഇക്കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. അപ്രതീക്ഷിതമായ ദുരന്തങ്ങൾ തുടരെത്തുടരെ കണ്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഇത്തരമൊരു പ്രതിസന്ധിയെ എപ്രകാരം നേരിടാൻ കഴിയുമെന്ന ചോദ്യത്തിനുത്തരം ആർക്കുംതന്നെയില്ല എന്നതാണ് വാസ്തവം.

### കാരണങ്ങൾ ചിന്തിച്ചാൽ

അത്യന്തം ആശങ്കാജനകമായ ഒരു സാഹചര്യത്തെയാണ് കേരളം ഇന്ന് നേരിടുന്നത് എന്നുള്ളത് നിസ്തർക്കമാണ്. മനഃശാസ്ത്രപരവും, സാമൂഹികവും, സാംസ്കാരികവുമായ ഒട്ടേറെ കാരണങ്ങൾ ഇവിടെയുണ്ട്. അതേസമയം, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്ന് സർക്കാർ സംവിധാനങ്ങൾക്കും ആത്മീയ നേതൃത്വങ്ങൾക്കും ഒഴിവാകാൻ കഴിയുകയുമില്ല. കഴിഞ്ഞ ചില പതിറ്റാണ്ടുകൾക്കിടയിൽ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക സാംസ്കാരിക മാറ്റങ്ങളെ അതർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കാൻ കഴിയാതെപോയ കുടുംബങ്ങൾ മുതൽ സാമൂഹിക സാംസ്കാരിക മത രാഷ്ട്രീയ നേതൃത്വങ്ങൾ വരെ ആത്മപരിശോധനയ്ക്ക് സ്വയം വിധേയരാകേണ്ടതുണ്ട്.

### കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ സംഭവിക്കുന്നത്:

- കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ വലിയ മാറ്റങ്ങളുണ്ടായിരിക്കുന്നു. സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങളും വലിയൊരു ശതമാനം മാതാപിതാക്കളുടെ സാമ്പത്തിക - സാമൂഹിക അരക്ഷിതാവസ്ഥയും തിരക്കേറിയ ജീവിത ശൈലിയും പിൻതലമുറയെ വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ട്. കുടുംബബന്ധങ്ങൾക്കപ്പുറം പിയർ പ്രഷറും സമൂഹമാധ്യമങ്ങളുമാണ് നല്ലൊരു വിഭാഗത്തിന്റെ ചിന്താശേഷിയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്.
- ഇക്കാരണത്താൽ തന്നെ തങ്ങളുടെ ചുറ്റുപാടുകളിൽനിന്നുള്ള സമ്മർദ്ദ

www.malankaralibrary.com

ങ്ങൾക്ക് വളരെ എളുപ്പത്തിൽ അവർ കീഴടങ്ങുന്നു. ലൈംഗിക ചൂഷണങ്ങളുടെ കാര്യത്തിലോ മയക്കമരുന്ന് ഉപയോഗത്തിലോ മുതൽ, അക്രമ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാകുകയോ അത്തരം ഘട്ടങ്ങളിൽ മനസാക്ഷിക്ക് വിരുദ്ധമായി നിശബ്ദരാകുന്നതോ പോലുള്ള കാര്യങ്ങളിൽ വരെ വിവിധ തലങ്ങളിൽ അത്തരം മാറ്റങ്ങൾ പ്രകടമാണ്.

- മയക്കമരുന്ന് ഉപയോഗം ഇത്തരക്കാർക്കിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ചില വർഷങ്ങൾക്കിടെ കേരളത്തിലെ യുവജനങ്ങൾക്കിടയിൽ ഉയർന്നുകൊണ്ടിരിക്കുന്ന ലഹരി ഉപയോഗം ഭീതിതമായ നിലയിലാണുള്ളത്. ചില ഗൂഢ സംഘങ്ങൾ കേരളത്തിന്റെ നിലവിലുള്ള സാമൂഹിക സാഹചര്യത്തെ കച്ചവട താത്പര്യങ്ങൾക്കായി ദുരുപയോഗിക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. സർക്കാർ ശരിയായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താത്തപക്ഷം സ്ഥിതിഗതികൾ കൂടുതൽ വഷളാകുമെന്നതിൽ തർക്കമില്ല.
- ഇവിടെ സമാന പ്രായക്കാരും സുഹൃത്തുക്കളുമായവരുടെ സ്വാധീനം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. സാമൂഹിക തിൻമകളെ - അത് മയക്കമരുന്ന് ഉപയോഗമോ, റാഗിംഗോ, മറ്റ് അക്രമ പ്രവൃത്തികളോ തുടങ്ങി സാമൂഹിക, കുടുംബ സംവിധാനങ്ങളെയോ ധാർമ്മിക മൂല്യങ്ങളെയോ ചോദ്യം ചെയ്യുന്നതും ആകാം - നിസാരവൽക്കരിക്കുന്ന ആൾക്കൂട്ടങ്ങൾ കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ വിവിധ തലങ്ങളിൽ പ്രകടമാണ്. അത്തരം നിഷേധാത്മക ആശയങ്ങൾ പ്രചരിപ്പിക്കുന്ന സംഘടിത സംവിധാനങ്ങൾ കേരളത്തിലുൾപ്പെടെ സജീവമാണെന്നതും വസ്തുതയാണ്.

### സൂക്ഷ്മമായി നിരീക്ഷിച്ചാൽ

ഇത്തരമൊരു സാഹചര്യത്തിലേയ്ക്ക് കേരളത്തെ എത്തിച്ചിരിക്കുന്ന ഘടകങ്ങൾ പലതുണ്ട്. ഇത്രമാത്രം ദുർബലമായ ഒരു മാനസികാവസ്ഥയിലേക്ക് എപ്രകാരമാണ് ഒരു വിഭാഗം യുവജനങ്ങളും കൗമാരപ്രായക്കാരും എത്തിപ്പെടുന്നത്?

- വേരുകൾ നഷ്ടപ്പെടുന്നു: കുടുംബബന്ധങ്ങളാണ് ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാന പാഠശാലകളാകേണ്ടത്. ആ ഒരർത്ഥത്തിൽ മനുഷ്യന്റെ വ്യക്തിത്വം എക്കാലവും വേരൂന്നി നിൽക്കേണ്ടത് ആരോഗ്യകരമായ കുടുംബാന്തരീക്ഷങ്ങളിലേക്കാണ്. അത്തരത്തിൽ സ്വന്തം ഭവനങ്ങളിൽ നിന്ന് അഭ്യസിക്കുന്ന ധാർമ്മിക, സാമൂഹിക, വ്യക്തി മൂല്യങ്ങൾ കൈവിടാത്ത വലിയൊരു വിഭാഗം പേർ മാതൃകകളായി ഇന്നും നമുക്കുമുന്നിലുണ്ട്. എന്നാൽ, ഇക്കാലഘട്ടത്തിൽ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് വാർത്തകളിൽ നിറയുന്ന ചിലരെക്കുറിച്ച് 'അവർ അത്തരക്കാരാണെന്ന് തങ്ങൾ ചിന്തിച്ചിരുന്നേയില്ല' എന്ന് ബന്ധുക്കളും സുഹൃത്തുക്കളും

> **കഴിഞ്ഞ ചില വർഷങ്ങൾക്കിടെ കേരളത്തിലെ യുവജനങ്ങൾക്കിടയിൽ ഉയർന്നുകൊണ്ടിരിക്കുന്ന ലഹരി ഉപയോഗം ഭീതിതമായ നിലയിലാണുള്ളത്. ചില ഗൂഢ സംഘങ്ങൾ കേരളത്തിന്റെ നിലവിലുള്ള സാമൂഹിക സാഹചര്യത്തെ കച്ചവട താത്പര്യങ്ങൾക്കായി ദുരുപയോഗിക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്.**

www.malankaralibrary.com

പോലും അഭിപ്രായം പ്രകടിപ്പിക്കുന്നെങ്കിൽ അക്കൂട്ടരുടെ വേരുകൾ നഷ്ടപ്പെടുന്നുണ്ട് അഥവാ ആരോഗ്യകരമായ കുടുംബബന്ധങ്ങൾ നിലനിൽക്കുന്നില്ല എന്നു കരുതാം. കുടുംബങ്ങളിൽനിന്ന് ലഭിച്ച ബാലപാഠങ്ങളിൽ നിലനിൽക്കാൻ കഴിയാതെ പോകുന്നതോ, അത്തരം ധാർമ്മിക മൂല്യങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ പോകുന്നതോ, കുടുംബത്തിന് അയാളിൽ സ്വാധീനം ചെലുത്താൻ കഴിയാതെ പോകുന്നതോ, അതുമല്ലെങ്കിൽ മറ്റാരെങ്കിലുമോ ചില പ്രസ്ഥാനങ്ങളോ ആ വ്യക്തിയിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നതോ ആകാം കാരണം. എന്തുതന്നെയാണെങ്കിലും ഇത്തരത്തിലുള്ള സംഭവങ്ങൾ വലിയ വിചിന്തനം ആവശ്യപ്പെടുന്നുണ്ട്.

- വിദ്യാഭ്യാസ സംബന്ധമായ സമ്മർദ്ദങ്ങൾ: കേരളത്തിലെ യുവജനങ്ങളും വിദ്യാർത്ഥി സമൂഹവും കഴിഞ്ഞ ചില പതിറ്റാണ്ടുകളായി കൂടിയ സമ്മർദ്ദങ്ങളിലാണ്. യഥാർത്ഥ താൽപ്പര്യങ്ങൾക്കപ്പുറം തങ്ങളുടെ തന്നെ അപക്വമായ ധാരണകൾ പ്രകാരമോ, മാതാപിതാക്കളുടെയും ബന്ധുക്കളുടെയും നിർദ്ദേശങ്ങൾ പ്രകാരമോ പിയർ പ്രഷറിന്റെ സമ്മർദ്ദങ്ങൾ മൂലമോ തനിക്ക് യോജിക്കാത്ത വഴി തെരഞ്ഞെടുക്കുകയും അതിന്റെ പ്രത്യാഘാതമെന്നോണം പലവിധ മാനസിക സമ്മർദ്ദങ്ങളുടെ പിടിയിൽ അകപ്പെടുകയും ചെയ്യുന്നവരുടെ എണ്ണം ചെറുതല്ല. അപ്രകാരം സംഭവിക്കുന്ന പരാജയങ്ങൾ മാനസിക തകർച്ചയിലേയ്ക്കും ദൗർബല്യങ്ങളിലേയ്ക്കും ഒരാളെ നയിക്കാനുള്ള സാധ്യത വളരെ വലുതാണ്.




### രാഷ്ട്രീയ – അക്കാദമിക സാഹചര്യങ്ങൾ

രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ കടന്നുകയറ്റം, അതിന്റെ ഭാഗമായ സമ്മർദ്ദങ്ങൾ, താൽക്കാലിക കാര്യലാഭങ്ങൾക്കായി ചില സംഘങ്ങൾക്കൊപ്പം നിലകൊള്ളാൻ നിർബ്ബന്ധിതരാകുന്നത് തുടങ്ങി കലാലയങ്ങളിലെ വിദ്യാർത്ഥി സമൂഹങ്ങൾ പലപ്പോഴും തങ്ങൾ ആഗ്രഹിക്കാത്ത വഴികളിലൂടെ സഞ്ചരിക്കാൻ നിർബ്ബന്ധിതരാകുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള കലാലയങ്ങളാണ് പലപ്പോഴും അക്രമരാഷ്ട്രീയത്തിന്റെ കൂത്തരങ്ങായി മാറുന്നത്. ഇത്തരം കലാലയങ്ങളിലെ കലുഷിതമായ സാഹചര്യങ്ങൾ പ്രത്യക്ഷമോ പരോ

www.malankaralibrary.com

ക്ഷമോ ആയ രീതിയിൽ എല്ലാ വിദ്യാർത്ഥികളുടെയും മാനസികാവസ്ഥയെയും മൂല്യബോധത്തെയും സ്വാധീനിക്കുന്നുണ്ട്. കോട്ടയം ഗവണ്മെന്റ് നഴ്സിംഗ് കോളേജ്, പൂക്കോട് വെറ്റിനറി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിങ്ങനെ അനിഷ്ടസംഭവങ്ങൾക്കൊണ്ട് കുപ്രസിദ്ധി നേടിയ സർക്കാർ കലാലയങ്ങൾ ഉദാഹരണങ്ങളാണ്. ഇത്തരം കലാലയങ്ങളിലുണ്ടായ കിരാതമായ അക്രമ സംഭവങ്ങൾ പരിഗണിച്ച്, കലാലയങ്ങളിലെ സാഹചര്യങ്ങൾ പഠനവിധേയമാക്കാനും നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകണം.

**ആഴ്ചകളോളം ഹൗസ്ഫുൾ ആയി പ്രദർശിപ്പിച്ച നിഷ്ഠൂരമായ കൊലപാതക പരമ്പരകൾക്കൊണ്ടു നിറഞ്ഞ ഒരു ചലച്ചിത്രത്തിന് കാണികളായി കയറിയവരിൽ ഏറിയ പങ്കും പ്ലസ്ടു, കോളേജ് വിദ്യാർഥികളും യുവജനങ്ങളുമായിരുന്നു.**

### ചലച്ചിത്രങ്ങളുടെയും മാധ്യമങ്ങളുടെയും സ്വാധീനം.

2004 ൽ റിലീസ് ആയ സൂപ്പർഹിറ്റ് ചലച്ചിത്രമാണ് ദൃശ്യം. ഒരു കൊലപാതകത്തിന്റെയും പ്രത്യേക രീതിയിലുള്ള തെളിവ് നശിപ്പിക്കലിന്റെയും കഥപറയുന്ന പ്രസ്തുത ചലച്ചിത്രം റിലീസ് ആയതിന് ശേഷം മാധ്യമങ്ങൾ "ദൃശ്യം മോഡൽ" എന്ന വിശേഷണം നൽകിയ കൊലപാതകങ്ങൾ നിരവധിയാണ്. ആത്മഹത്യകളിലേയ്ക്കും കൊലപാതകങ്ങളിലേയ്ക്കും അക്രമസംഭവങ്ങളിലേയ്ക്കും കാഴ്ചക്കാരെയും വായനക്കാരെയും നയിച്ചിട്ടുള്ള സിനിമകൾക്കും രചനകൾക്കും ലോകവ്യാപകമായി നിരവധി ഉദാഹരണങ്ങളുണ്ട്. കഴിഞ്ഞയിടെ ഹൈദരാബാദിൽനിന്നുള്ള ഒരു സ്കൂൾ അധ്യാപിക വിദ്യാഭ്യാസ കമ്മീഷന് മുന്നിൽ സംസാരിക്കവേ നടത്തിയ ചില വെളിപ്പെടുത്തലുകൾ മാധ്യമങ്ങൾ ചർച്ച ചെയ്തിരുന്നു. പുഷ്പ എന്ന തെലുങ്ക് സിനിമ തന്റെ സ്കൂളിലെ പകുതി കുട്ടികളെയെങ്കിലും വളരെ മോശമായി സ്വാധീനിച്ചു എന്നാണ് അവർ പറഞ്ഞത്. തോന്നിയതുപോലെ നടക്കുകയും അസഭ്യം പറയുകയും ചെയ്യുന്നവരായി അവർ മാറി.

ഇതിനകം ഒട്ടനവധി പഠനങ്ങൾ ഈ മേഖലയിൽ നടന്നിട്ടുണ്ട്. മലയാളത്തിൽ കഴിഞ്ഞ കുറച്ചു മാസങ്ങൾക്കിടയിൽ ഇറങ്ങിയ ചില ചലച്ചിത്രങ്ങൾക്ക് ഇപ്രകാരം വിമർശനങ്ങൾ ഉയർന്നിരുന്നു. ആഴ്ചകളോളം ഹൗസ്ഫുൾ ആയി പ്രദർശിപ്പിച്ച നിഷ്ഠൂരമായ കൊലപാതക പരമ്പരകൾക്കൊണ്ടു നിറഞ്ഞ ഒരു ചലച്ചിത്രത്തിന് കാണികളായി കയറിയവരിൽ ഏറിയ പങ്കും പ്ലസ്ടു, കോളേജ് വിദ്യാർഥികളും യുവജനങ്ങളുമായിരുന്നു. ഇത്തരം ജോണറിൽ ഇറങ്ങുന്ന ചലച്ചിത്രങ്ങളുടെയെല്ലാം സ്ഥിതി ഇതുതന്നെ. അക്രമങ്ങളുടെയും കൊലപാതകങ്ങളുടെയും ലഹരി ഉപയോഗത്തിന്റെയും അതിപ്രസരം കുത്തിനിറച്ച ചലച്ചിത്രങ്ങൾ കാണികളെ - പ്രത്യേകിച്ച്, യൗവന കൗമാര പ്രായങ്ങളിലുള്ളവരെ - സ്വാധീനിക്കുമെന്നതിൽ സംശയമില്ല.

ഇത്തരം വാർത്തകളുടെ അനാരോഗ്യകരമായ റിപ്പോർട്ടിങ്ങും എടുത്തുപറയേണ്ടതുണ്ട്. കൂട്ട കൊലപാതകങ്ങൾ, ആത്മഹത്യകൾ, അക്രമ സംഭവങ്ങൾ തുടങ്ങിയവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി മണിക്കൂറുകളും ദിവസങ്ങളും നീളുന്ന ചർച്ചകളാക്കി മാറ്റുന്നതും അനേകരെ സ്വാധീനിക്കും. വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യകൾ വർധിക്കാൻ ഒരു കാരണം ഇത്തരം ആത്മഹത്യകൾ ധാരാളമായി നടക്കുന്നതായുള്ള വാർത്തകൾ തന്നെയാണെന്ന നിരീക്ഷണങ്ങളുണ്ട്. ഇളം പ്രായത്തിലുള്ളവർക്ക് പ്രചോദനം നൽകുന്ന കണ്ടന്റുകൾക്കപ്പുറം കാഴ്ചക്കാരെ പിടിച്ചിരുത്തുന്ന വിധത്തിലുള്ള ക്രൈം റിപ്പോർട്ടിംഗിന് അമിത പ്രാധാന്യം നൽകുന്ന മാധ്യമങ്ങൾ പുനർവിചിന്തനം നടത്തേണ്ടത് ആവശ്യമാണ്.

സോഷ്യൽ മീഡിയയുടെ സ്വാധീനമാണ് മറ്റൊന്ന്. കുട്ടികൾക്കിടയിലും യുവജനങ്ങൾക്കിടയിലും വൈറലാകുന്ന കോണ്ടെന്റുകൾ നിരീക്ഷിച്ചാൽ അവയിൽ ഭൂരിഭാഗവും

www.malankaralibrary.com

അക്രമത്തെയും അധമ ചിന്തകളെയും പ്രോത്സാഹിപ്പിക്കുന്നവയും സോഷ്യൽമീഡിയ അടിമത്തത്തിലേയ്ക്ക് നയിക്കുന്നവയുമാണെന്ന് കാണാം. വായനയും കൂട്ടുകാരൊത്തുള്ള സമയം ചെലവഴിക്കലും ഇല്ലാതായ ഇന്നത്തെ യുവ തലമുറയും വിദ്യാർത്ഥി സമൂഹവും സമൂഹമാധ്യമങ്ങളിൽ അഭയം തേടിയിരിക്കുന്നത് വലിയ ദോഷഫലങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. പ്രത്യേകിച്ച് കോവിഡ് കാലത്തിന് ശേഷം കൊച്ചു കുട്ടികൾ പോലും സ്മാർട്ട് ഫോണുകൾക്ക് അടിമകളായി മാറിയിരിക്കുന്നതും മാതാപിതാക്കൾ ഇക്കാര്യത്തിൽ ശരിയായ ശ്രദ്ധ ചെലുത്താത്തതും കൂടുതൽ സങ്കീർണ്ണമായ പ്രതിസന്ധികൾക്ക് വഴിയൊരുക്കിയിട്ടുണ്ട്.

### പ്രതിവിധിയെന്ത്?

ഇന്ന് നാം അഭിമുഖീകരിക്കുന്ന സങ്കീർണ്ണ സാഹചര്യത്തെ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളുകയാണ് പ്രധാനം. വെള്ളപ്പൊക്കത്തിൽ ലോകം മുഴുവൻ മുങ്ങിയാലും എന്റെ ഭവനം മുങ്ങില്ല എന്ന് കരുതാനാണ് ആർക്കും താൽപ്പര്യം. എന്നാൽ, ഇതേ കലുഷിതമായ ലോകത്തിലാണ് എന്റെ മക്കളും ജീവിക്കുന്നതെന്നും അതിനാൽ കരുതൽ ആവശ്യമാണെന്നും എല്ലാ മാതാപിതാക്കളും തിരിച്ചറിയണം. അവരുമായി വ്യക്തിബന്ധം കാത്തുസൂക്ഷിക്കാനും അവർക്കുവേണ്ടി സമയം ചെലവഴിക്കാനും അമാന്തം കാണിക്കരുത്. മക്കളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ യഥാസമയം തിരിച്ചറിയാൻ മാതാപിതാക്കൾക്ക് കഴിയണം. ദൈവ വിശ്വാസത്തിലും ആത്മീയ ബോധ്യങ്ങളിലും ധാർമ്മിക മൂല്യങ്ങളിലും അവർ ഉറച്ചുനിൽക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള അടിസ്ഥാന ഉത്തരവാദിത്തം മാതാപിതാക്കൾക്കുണ്ട്. കുടുംബവുമായുള്ള പൊക്കിൾകൊടി ബന്ധം അവർക്ക് ഒരിക്കലും നഷ്ടപ്പെടാതിരിക്കട്ടെ.

ഇതിന് തുടർച്ചയായ ഉത്തരവാദിത്തമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആത്മീയ നേതൃത്വങ്ങൾക്കും ഉള്ളത്. മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന, സ്വാധീനങ്ങൾക്ക് കീഴ്പെട്ടുകൊണ്ടിരിക്കുന്ന ഇളം മനസുകളെ തിരിച്ചറിയാനും പിന്തിരിപ്പിക്കാനുമുള്ള കൂട്ടുത്തരവാദിത്തം അവർക്കുണ്ട്. കുട്ടികളെ മാത്രമല്ല മാതാപിതാക്കളെയും ഉത്തമബോധ്യത്തിലും തിരിച്ചറിവുകളിലും നിലനിർത്താനുള്ള വലിയ ചുമതലയിൽനിന്ന് ആത്മീയ, സാമുദായിക, സാമൂഹിക നേതൃത്വങ്ങൾ അകന്നു നിൽക്കരുത്. ഒപ്പം, ഇപ്രകാരം ഗുരുതരമായ ഭീഷണികളെ സംസ്ഥാനം നേരിടുന്ന സാഹചര്യത്തിൽ എല്ലാ തലങ്ങളിലും ഉണർന്ന് പ്രവർത്തിക്കാൻ സർക്കാർ സംവിധാനങ്ങൾ തയ്യാറാകണം.

**കലുഷിതമായ ലോകത്തിലാണ് എന്റെ മക്കളും ജീവിക്കുന്നതെന്നും അതിനാൽ കരുതൽ ആവശ്യമാണെന്നും എല്ലാ മാതാപിതാക്കളും തിരിച്ചറിയണം. അവരുമായി വ്യക്തിബന്ധം കാത്തുസൂക്ഷിക്കാനും അവർക്കുവേണ്ടി സമയം ചെലവഴിക്കാനും അമാന്തം കാണിക്കരുത്. മക്കളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ യഥാസമയം തിരിച്ചറിയാൻ മാതാപിതാക്കൾക്ക് കഴിയണം.**

ഈ ലേഖനം വെബ്സൈറ്റിൽ വായിക്കാൻ

https://kcbcjagratha.org/youth-that-does-not-hesitate-in-anything/

Back to content page

www.malankaralibrary.com



# ഫ്രാൻസിസ് പാപ്പയ്ക്കെതിരെയുള്ള വ്യാജപ്രചാരണങ്ങളുടെ ലക്ഷ്യമെന്ത്?

**ഫ്രാൻസിസ് പാപ്പയുടെ ജനപ്രിയതയും മതങ്ങൾക്കും ദേശങ്ങൾക്കും അതീതമായി ജനങ്ങൾക്ക് അദ്ദേഹത്തോടുള്ള താൽപ്പര്യവും വിഷയമാക്കിക്കൊണ്ടുള്ള ഒട്ടനവധി പഠനങ്ങൾ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ നടന്നിട്ടുണ്ട്. അതിൽ ഏറ്റവും ഒടുവിൽ നടന്നത് ഇറ്റലിയിലെ ഡെമോപോളിസ് നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇറ്റാലിയൻ സമൂഹത്തിനിടയിൽ നടത്തിയ സർവേ ആണ്. വിവിധ മേഖലകളിൽനിന്നുള്ള മൂവായിരം പേരെ ഉൾപ്പെടുത്തി നടത്തിയ പഠനത്തിൽ, അവരിൽ എഴുപത്താറു ശതമാനം പേരും ഇറ്റലിയിലെ ഏറ്റവും വിശ്വാസ്യതയുള്ള വ്യക്തിത്വമായി പോപ്പ് ഫ്രാൻസിസിനെയാണ് തെരഞ്ഞെടുത്തത്.**



www.malankaralibrary.com

ഒരു ആത്മീയനേതാവ് എന്നതിനേക്കാളുപരി ലോക നേതാവ് എന്ന നിലയിലാണ് ഫ്രാൻസിസ് പാപ്പയെ ഈ ലോകം വീക്ഷിക്കുന്നത്. രാഷ്ട്രീയവും സാംസ്കാരികവും പാരിസ്ഥിതികവും സാമൂഹികവും എന്നിങ്ങനെ എല്ലാ വിഷയത്തിലും പാപ്പയുടെ വാക്കുകളെ ലോകം താൽപ്പര്യത്തോടെ ശ്രവിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ എന്ന സ്ഥാനം ഫ്രാൻസിസ് പാപ്പ അലങ്കരിച്ചു തുടങ്ങിയ 2013 മുതൽ കത്തോലിക്കാ സഭയുടെ വീക്ഷണങ്ങളെയും നിലപാടുകളെയും പ്രബോധനങ്ങളെയും ആഗോള മതേതര സമൂഹം കൂടുതൽ അടുത്തറിഞ്ഞു തുടങ്ങി. ചുരുങ്ങിയ കാലങ്ങൾക്കൊണ്ടാണ് അനിഷേധ്യനായ ഒരു ലോകനേതാവ് എന്ന സ്ഥാനം ലോകം പാപ്പയ്ക്ക് നൽകിയത്.

ഫ്രാൻസിസ് പാപ്പയുടെ ജനപ്രിയതയും മതങ്ങൾക്കും ദേശങ്ങൾക്കും അതീതമായി ജനങ്ങൾക്ക് അദ്ദേഹത്തോടുള്ള താൽപ്പര്യവും വിഷയമാക്കിക്കൊണ്ടുള്ള ഒട്ടനവധി പഠനങ്ങൾ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ നടന്നിട്ടുണ്ട്. അതിൽ ഏറ്റവും ഒടുവിൽ നടന്നത് ഇറ്റലിയിലെ ഡെമോപോളിസ് നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇറ്റാലിയൻ സമൂഹത്തിനിടയിൽ നടത്തിയ സർവേ ആണ്. വിവിധ മേഖലകളിൽനിന്നുള്ള മൂവായിരം പേരെ ഉൾപ്പെടുത്തി നടത്തിയ പഠനത്തിൽ, അവരിൽ എഴുപത്താറു ശതമാനം പേരും ഇറ്റലിയിലെ ഏറ്റവും വിശ്വാസ്യതയുള്ള വ്യക്തിത്വമായി പോപ്പ് ഫ്രാൻസിസിനെയാണ് തെരഞ്ഞെടുത്തത്. 2025 ജനുവരിയിൽ നടന്ന പ്രസ്തുത സർവേയിൽ പങ്കെടുത്തവരിൽ 72 ശതമാനവും കത്തോലിക്കാ സഭാംഗങ്ങളെന്ന് വെളിപ്പെടുത്തുകയും ചെയ്തിരുന്നു.

അമേരിക്ക ആസ്ഥാനമായുള്ള പ്യൂ (PEW) റിസർച്ച് സെന്ററാണ് ഒരുപക്ഷെ ഫ്രാൻസിസ് പാപ്പയെക്കുറിച്ച് ഏറ്റവുമധികം പഠനങ്ങൾ നടത്തിയിട്ടുള്ളത്. 2014 മുതൽ പല വർഷങ്ങളിലായി വിവിധ തലങ്ങളിൽ, വിവിധ രാജ്യങ്ങളിൽ അവർ സർവേകൾ നടത്തുകയുണ്ടായിട്ടുണ്ട്. 2014 ൽ പ്യൂ റിസർച്ച് സെന്റർ 43 രാജ്യങ്ങളിലായി നടത്തിയ സർവേയുടെ ഫലമനുസരിച്ച് അതിൽ 28 രാജ്യങ്ങളും പാപ്പയുടെ വീക്ഷണങ്ങളോടും നിലപാടുകളോടും അനുകൂല നിലപാട് സ്വീകരിച്ചു. 2024 ൽ നടന്ന ഒരു സർവേയിൽ അമേരിക്കൻ കത്തോലിക്കരിൽ 75 ശതമാനം പേരും പാപ്പയ്ക്കൊപ്പം നിലകൊണ്ടു. അമേരിക്കയിലെ അകത്തോലിക്കാ വിഭാഗങ്ങളിലും 50 ശതമാനത്തിലേറെപേർ പാപ്പയുടെ വീക്ഷണങ്ങളോടും നിലപാടുകളോടും യോജിക്കുന്നുണ്ട്. തന്റെ സ്വന്തം രാജ്യമായ അർജന്റീനയിലെ ജനങ്ങളിൽ 64 ശതമാനവും, മെക്സിക്കോയിലും ബ്രസീലിലും 68 ശതമാനം ജനങ്ങളും ഫ്രാൻസിസ് പാപ്പയുടെ നിലപാടുകൾക്കൊപ്പം നിലകൊള്ളുന്നു.

### കേരളത്തിൽ നടക്കുന്ന അപവാദപ്രചാരണങ്ങൾ

മത രാഷ്ട്രീയ ഭേദമില്ലാതെ ഫ്രാൻസിസ് പാപ്പയെ ആദരപൂർവ്വം കാണുകയും അദ്ദേഹത്തിന്റെ വാക്കുകളെ അത്യന്തം വിലമതിക്കുകയും ചെയ്യുന്നവരാണ് കേരളത്തിലെ ജനങ്ങളിൽ ഏറിയപങ്കും. ലോകമെമ്പാടും എന്നതുപോലെതന്നെ കേരളത്തിലെ കത്തോലിക്കാ സമൂഹവും വിശിഷ്യാ കത്തോലിക്കാ യുവജനങ്ങളും പാപ്പയുടെ നേതൃത്വത്തെയും വാക്കുകളെയും സ്നേഹാദരവുകളോടെ ഉൾക്കൊള്ളുന്നു. എന്നാൽ, ചില പ്രത്യേക ആശയപ്രചരണങ്ങളുടെ ഭാഗമായ ഒരു വിഭാഗം പേർ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തെയും നിലപാടുകളെയും അത്യന്തം വിമർശന ബുദ്ധിയോടെ സമീപിക്കുകയും കുപ്രചരണങ്ങൾ നടത്തുകയും ചെയ്യുന്നത് സമീപകാലങ്ങളിലായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കത്തോലിക്കാ സഭയെയും സഭാനേതൃത്വത്തെയും മോശമായി ചിത്രീകരിക്കാനും സമൂഹത്തിൽ അബദ്ധ ധാരണകൾ സൃഷ്ടിക്കാനും തുനിഞ്ഞിറങ്ങിയ ചിലർ തികച്ചും വാസ്തവ വിരുദ്ധമായ വാദഗതികളുമായി രംഗത്തുണ്ട്.

തെഹൽക്കയുടെ മുൻ റിപ്പോർട്ടർ മാത്യു സാമുവൽ തന്റെ ഒരു വീഡിയോയിൽ പ്യൂ റിസർച്ച് സെന്റർ "കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിലുള്ള ഏറ്റവും വെറുക്കപ്പെട്ട പാപ്പ"യാണ് ഫ്രാൻസിസ് പാപ്പ എന്ന് റിസർച്ച് നടത്തി വെളിപ്പെടുത്തി എന്നാണ് വാദിക്കുന്നത്. പാരീസിലെ നോട്ടർഡാം കത്തീഡ്രൽ പുനർനിർമ്മാണം പൂർത്തിയാക്കി വീണ്ടും തുറക്കുന്ന ചടങ്ങിലേക്കുള്ള ഫ്രഞ്ച് പ്രസിഡന്റിന്റെ ക്ഷണം ഫ്രാൻസിസ് പാപ്പ തിരസ്കരിച്ചതിന്റെ കാരണമായി മാത്യു സാമുവൽ പറയുന്ന

www.malankaralibrary.com

**2024 ൽ നടന്ന ഒരു സർവേയിൽ അമേരിക്കൻ കത്തോലിക്കരിൽ 75 ശതമാനം പേരും പാപ്പയ്ക്കൊപ്പം നിലകൊണ്ടു. അമേരിക്കയിലെ അകത്തോലിക്കാ വിഭാഗങ്ങളിലും 50 ശതമാനത്തിലേറെ പേർ പാപ്പയുടെ വീക്ഷണങ്ങളോടും നിലപാടുകളോടും യോജിക്കുന്നുണ്ട്.**

ത് മറ്റൊരു വലിയ അവാസ്തവമാണ്. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ മുസ്ളീം വിരോധിയായതിനാൽ താൻ അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിക്കില്ല എന്ന് പാപ്പ മാധ്യമങ്ങളോട് പറഞ്ഞു എന്നാണ് മാത്യു സാമുവലിന്റെ വാദം. അതോടുകൂടി ഫ്രഞ്ച് മെത്രാന്മാർ മുഴുവൻ ഫ്രാൻസിസ് പാപ്പയ്ക്ക് എതിരായെന്നും ഒരിക്കലും ഈ പാപ്പയെ ഫ്രാൻസിലേക്ക് കയറ്റില്ലെന്നു തീരുമാനിക്കുകയും ചെയ്തു എന്നും അദ്ദേഹം പറയുന്നു. സ്വന്തം രാജ്യമായ അർജന്റീനയിലേയ്ക്ക് അവിടുത്തെ പ്രസിഡന്റും ബിഷപ്പുമാരും ഫ്രാൻസിസ് പാപ്പയെ കയറ്റുകയില്ലെന്നും ബെൽജിയത്തിലെ ല്യൂവൈൻ യൂണിവേഴ്സിറ്റിയിൽ ഫ്രാൻസിസ് പാപ്പ സ്ത്രീവിരുദ്ധത സംസാരിച്ചെന്നും മാത്യു സാമുവൽ പറഞ്ഞുവയ്ക്കുന്നു.

ഒരു കാലഘട്ടത്തിൽ വിവാദങ്ങളിലൂടെ ശ്രദ്ധ നേടുകയും പിന്നീട് വിശ്വാസ്യതയും ധാർമ്മികതയും ചോദ്യം ചെയ്യപ്പെട്ടപ്പോൾ വായനക്കാർ കയ്യൊഴിയുകയും ചെയ്ത വാർത്താ മാസികയാണ് തെഹൽക. പിന്നീട് "നാരദ ന്യൂസ്" എന്നപേരിൽ ഒരു



ഫ്രാൻസിസ് പാപ്പ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിനൊപ്പം

www.malankaralibrary.com

ഓൺലൈൻ ന്യൂസ് പോർട്ടൽ ആരംഭിച്ച മാത്യൂ സാമുവൽ അധാർമ്മിക മാധ്യമപ്രവർത്തനമെന്ന ആരോപണങ്ങളെ തുടർന്ന് നിയമ നടപടികളും സിബിഐ അന്വേഷണവും നേരിട്ടിരുന്നു.

ലോകത്തിലെ മുഴുവൻ കത്തോലിക്കർക്കും പ്രാദേശിക സഭാ നേതൃത്വങ്ങൾക്കും പോപ്പ് ഫ്രാൻസിസ് അനഭിമതനായെന്നും ആരും അദ്ദേഹത്തെ ഇഷ്ടപ്പെടുന്നില്ലെന്നുമാണ് മാത്യൂ സാമുവൽ തന്റെ വീഡിയോയിൽ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. കേരളത്തിലെ മെത്രാന്മാരും പാപ്പയെ അനുസരിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞുവയ്ക്കുന്നുണ്ട്. വാസ്തവത്തിൽ, ഒരു മാധ്യമ പ്രവർത്തകന്റെ മുഖംമൂടി അണിഞ്ഞുകൊണ്ട് മാത്യൂ സാമുവൽ പറഞ്ഞുവയ്ക്കുന്നത് മുഴുവൻ പച്ചക്കള്ളമാണ്. പ്യൂ റിസർച്ച് സെന്റർ നടത്തിയ ഒരു സർവേയിലും മാത്യൂ സാമുവൽ അവകാശപ്പെട്ടതുപോലെ ഒരു നിരീക്ഷണം ഉണ്ടായിട്ടില്ല എന്ന് മാത്രമല്ല, മേല്പറഞ്ഞതുപോലെ കഴിഞ്ഞ വർഷം നടന്ന പഠനങ്ങളിലും ഫ്രാൻസിസ് പാപ്പ വലിയ ജനപ്രീതി നിലനിർത്തുന്നു.

**പ്യൂ റിസർച്ച് സെന്റർ നടത്തിയ ഒരു സർവേയിലും മാത്യു സാമുവൽ അവകാശപ്പെട്ടതുപോലെ ഒരു നിരീക്ഷണം ഉണ്ടായിട്ടില്ല എന്ന് മാത്രമല്ല, മേല്പറഞ്ഞതുപോലെ കഴിഞ്ഞ വർഷം നടന്ന പഠനങ്ങളിലും ഫ്രാൻസിസ് പാപ്പ വലിയ ജനപ്രീതി നിലനിർത്തുന്നു.**

നോട്ടർഡാം കത്തീഡ്രൽ സംബന്ധിച്ച ചടങ്ങുകൾ നിശ്ചയിച്ചിരുന്ന ഡിസംബർ എട്ടിന്, പരിശുദ്ധ മാതാവിന്റെ അമലോത്ഭവ തിരുന്നാളിനോടനുബന്ധിച്ച് പരമ്പരാഗതമായി മാർപാപ്പാമാർ റോമിലെ ആരാധനാ ശുശ്രൂഷകളിൽ പങ്കെടുത്തിരുന്നതിനാലും ആ ദിവസങ്ങളിൽ റോമിൽ മാർപാപ്പ മറ്റു തിരക്കുകളിലായിരുന്നതിനാലും തൊട്ടടുത്ത ദിവസങ്ങളിൽ മറ്റു ചില വിദേശ യാത്രകൾ തീരുമാനിച്ചിരുന്നതിനാലുമാണ് പാപ്പ പാരീസ് യാത്ര ഒഴിവാക്കിയതെന്ന് നിരവധി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. പാപ്പയുടെ ഭാഗത്തുനിന്ന് മാത്യൂ സാമുവൽ ആരോപിച്ചതുപോലെ ഒരു പ്രതികരണമോ ആവിധത്തിൽ ഏതെങ്കിലുമൊരു ന്യൂസ് റിപ്പോർട്ടോ ഉണ്ടായിട്ടില്ല.

അർജന്റീനയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട് ഒരു വർഷം മാത്രം പിന്നിട്ടിരിക്കുന്ന ജാവിയർ മിലി കഴിഞ്ഞ ഫെബ്രുവരിയിൽ ഫ്രാൻസിസ് പാപ്പയുമായി കൂടിക്കാഴ്ച നടത്തുകയും ആ കൂടിക്കാഴ്ച അർജന്റീനയും വത്തിക്കാനുമായുള്ള നയതന്ത്രബന്ധം വർധിപ്പിക്കുമെന്ന് മാധ്യമ നിരീക്ഷകർ വിലയിരുത്തുകയും ചെയ്തിരുന്നു. "സ്ത്രീത്വം ജീവദായകമായ ആത്മാർത്ഥതയെയും പരിപാലനയെയും ഫലദായകത്വത്തെയുമാണ് നമ്മെ ഓർമ്മിപ്പിക്കുന്നത് എന്നതിനാൽ സമൂഹത്തിൽ പുരുഷനേക്കാൾ പ്രാധാന്യം സ്ത്രീയ്ക്കാണ്" എന്നാണ് ലുവൈൻ യൂണിവേഴ്സിറ്റിയിൽ ഫ്രാൻസിസ് പാപ്പ സംസാരിച്ചത്. അതേസമയം, "ഈ കാലഘട്ടത്തിൽ സ്ത്രീ പുരുഷനാകാൻ ശ്രമം നടത്തുന്നത് ദൗർഭാഗ്യകരമാണെന്നും സ്ത്രീ എന്നാൽ സ്ത്രീ തന്നെ ആണെ"ന്നും പാപ്പ പറയുകയുണ്ടായി. സ്ത്രീത്വത്തിന്റെ മഹത്വത്തെ ഊന്നിപ്പറഞ്ഞ പാപ്പയുടെ വാക്കുകളാണ് മാത്യൂ സാമുവൽ സ്ത്രീ വിരുദ്ധതയായി വ്യാഖ്യാനിച്ചത്.

### വ്യാജ പ്രചാരണങ്ങൾ എന്തിനുവേണ്ടി?

കത്തോലിക്കാ സഭയ്ക്കെതിരായി നി

ഈ ലേഖനം വെബ്സൈറ്റിൽ വായിക്കാൻ

https://kcbcjagratha.org/what-is-the-goal-of-the-false-propaganda-against-pope-francis/

www.malankaralibrary.com



ഫ്രാൻസിസ് പാപ്പ അർജന്റീനയുടെ പ്രസിഡന്റ് ജാവിയർ മിലിക്കൊപ്പം

രന്തരം വ്യാജപ്രചാരണങ്ങൾ നടത്തുന്നവർക്കിടയിലെ ചില ക്രൈസ്തവ നാമധാരികളിൽ ഒരാളാണ് മാത്യു സാമുവൽ. മാർപ്പാപ്പയ്ക്ക് എതിരെ മാത്രമല്ല, സഭാ പ്രബോധനങ്ങൾക്കും കേരള കത്തോലിക്കാ സഭാ നേതൃത്വത്തിനും മെത്രാൻ സമിതിക്കും എതിരായുള്ള അവാസ്തവങ്ങളും വ്യാജ പ്രചാരണങ്ങളും മാത്യു സാമുവൽ നിരന്തരം നടത്തുന്നുണ്ട്. അന്ധമായ മുസ്ളീം വിരുദ്ധത, ദേശീയ വാദത്തിന്റെ അതിപ്രസരം, ക്രൈസ്തവ വിരുദ്ധത എന്നിങ്ങനെ തീവ്ര ഹിന്ദുത്വവാദികളായ സമൂഹമാധ്യമപ്രവർത്തകരുടെ സ്ഥിരം ശൈലിയാണ് മാത്യു സാമുവലും പിന്തുടരുന്നത് എന്ന് കാണാം. സമീപകാലങ്ങളായി ബിജെപി, സംഘപരിവാർ ആഭിമുഖ്യം വർധിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗം ആൾക്കാർക്ക് സ്വീകാര്യമായ അവതരണ ശൈലിയാണ് ഇത്.

കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ സഭാ നേതൃത്വത്തിൽനിന്ന് അകറ്റുക എന്നത് ചില തല്പര കക്ഷികളുടെ കാലങ്ങളായുള്ള ആവശ്യമാണ്. അതിനായി അത്തരക്കാർ സ്വീകരിച്ചുവരുന്ന കുതന്ത്രം ഇത്തരം വ്യാജപ്രചാരണങ്ങളാണ്. “ഇടയനെ അടിച്ച് ആടുകളെ ചിതറിക്കുക” എന്ന പ്രാചീന തന്ത്രമാണിത്. ദൗർഭാഗ്യവശാൽ ചിലരെങ്കിലും ഇത്തരം കുപ്രചരണങ്ങൾ വിശ്വസിക്കുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. വിശ്വസനീയം എന്ന് തോന്നുമാറ് തികഞ്ഞ അസത്യങ്ങൾ പ്രചരിപ്പിക്കുന്ന ഇത്തരക്കാർക്കെതിരെ വലിയ ജാഗ്രത പുലർത്തേണ്ടതുണ്ട്.

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഫ്രാൻസിസ് പാപ്പയുടെ ചില പരാമർശങ്ങൾ സന്ദർഭങ്ങളിൽനിന്ന് അടർത്തിമാറ്റിയും ദുർവ്യാഖ്യാനങ്ങൾ ചമച്ചും തെറ്റിദ്ധാരണകൾ സൃഷ്ടിക്കുന്ന പ്രവണത ഏറെക്കാലമായുണ്ട്. ആഗോളതലത്തിൽ തന്നെ ചില സ്ഥാപിതതാൽപ്പര്യക്കാർ ഇത്തരം കാര്യങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. കത്തോലിക്കാ സഭയുടെ മാറ്റമില്ലാത്ത സാമൂഹിക, ധാർമ്മിക പ്രബോധനങ്ങളോടുള്ള അസഹിഷ്ണുതയും പാപ്പയുടെ നിലപാടുകൾക്ക് ലഭിക്കുന്ന വലിയ സ്വീകാര്യതയോടുള്ള അതൃപ്തിയുമായിരിക്കണം ഇത്തരം പ്രവണതകൾക്ക് പിന്നിൽ. ഇത്തരം ഗൂഢ നീക്കങ്ങൾ തിരിച്ചറിയുകയും അത്തരക്കാരെ അകറ്റി നിർത്തുകയും ചെയ്യുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

Back to content page

www.malankaralibrary.com



# നികുതിയടയ്ക്കാത്ത ക്രൈസ്തവർ!

ക്രൈസ്തവ മാനേജ്മെന്റുകളുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളുമായി ബന്ധപ്പെട്ട് വളരെ വിചിത്രമായ ഒരു പരാതിയും കൗതുകകരമായ ഒരു അന്വേഷണ ഉത്തരവും കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നു. ക്രൈസ്തവ വിശ്വാസികളായ അധ്യാപകർ സർക്കാരിന് അടയ്ക്കേണ്ട നികുതി അടയ്ക്കാതെ മുങ്ങി നടക്കുകയാണ്, ഇതിനകം സർക്കാരിന് നഷ്ടപ്പെട്ടത് പതിനായിരം കോടിയിൽപ്പരം രൂപയാണ് എന്നിങ്ങനെയുള്ള ആരോപണങ്ങളോടെ, ഇത് തിരിച്ചുപിടിക്കാനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കണം എന്ന ആവശ്യവുമായി കോഴിക്കോട് സ്വദേശിയായ അബ്ദുൾ കലാം എന്ന വ്യക്തിയാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാതി നൽകിയത്. കിട്ടിയ പരാതിയെക്കുറിച്ച് രണ്ടാമതൊന്ന് ആലോചിക്കാതെ ഡയറക്ടർ അന്വേഷണത്തിന് ഉത്തരവിടുകയും യുദ്ധകാലാടിസ്ഥാനത്തിൽ ഉപവിദ്യാഭ്യാസ ഡയക്ടർമാർ വഴി എല്ലാ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അറിയിപ്പ് നൽകുകയും ചെയ്തു.

സർക്കാർ ശമ്പളം വാങ്ങുന്ന ക്രിസ്തുമത വിശ്വാസികളായ ജീവനക്കാർ വരുമാന നികുതി അടവാക്കാതെ നിയമ ലംഘനം നടത്തുന്നതായി ആരോപിച്ച് ശ്രീ അബ്ദുൽ കലാം.കെ. എന്ന വ്യക്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-02-2025 ലെ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പരാതിയുടെ പകർപ്പ് ഇതോടൊപ്പം നൽകുന്നു.പരാതിയിന്മേൽ താങ്കൾക്ക് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദേശം നൽകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉപഡയറക്ടർമാർക്ക് അയച്ച ഉത്തരവ് പ്രകാരം ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകപ്പെട്ട സർക്കുലറിൽനിന്ന്

www.malankaralibrary.com

മുനമ്പം വഖഫ് വിഷയത്തിൽ വഖഫ് നിയമവും അതിനുവേണ്ടി വാദിക്കുന്നവരും പ്രതിരോധത്തിലായ പശ്ചാത്തലത്തിൽ കഴിഞ്ഞ നവംബർ മാസം 18, 19, 20 തിയ്യതികളിലായി ഒരു ദിനപത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട നീണ്ട ലേഖനത്തിന്റെ ചുവടു പിടിച്ചാണ് മേൽ പരാതി ഉത്ഭവിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. നവംബർ 23 നാണ് ശ്രീ അബ്ദുൾ കലാം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാതി അയച്ചിരിക്കുന്നത്. “വഖഫും സഭയും കോടതിവിധികളും” എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രസ്തുത ലേഖനത്തിന്റെ അവസാന ഭാഗത്ത് സമീപകാലത്തുണ്ടായ ടിഡിഎസ് സംബന്ധിച്ച സുപ്രീംകോടതി വിധിയെ പരാമർശിച്ചുകൊണ്ട് വിചിത്രമായ ചില വാദഗതികൾ രചയിതാവ് ഉന്നയിക്കുന്നുണ്ട്. മനസിലാക്കിയെടുക്കാൻ എളുപ്പമല്ലാത്ത കണക്കുകളും കെട്ടുകഥകളും നിരത്തിക്കൊണ്ടാണ് ലേഖന കർത്താവ് ആയിരക്കണക്കിന് കോടി രൂപ നികുതിവെട്ടിപ്പ് കത്തോലിക്കാ സഭ നടത്തിയിട്ടുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത്.

ടിഡിഎസ് കേസ് സംബന്ധിച്ച് അത് ഒരു വിഭാഗം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സന്യസ്തരായ അധ്യാപകരുടെ മാത്രം വിഷയമായിരുന്നെങ്കിൽ, ലേഖനത്തിൽ കത്തോലിക്കാ സഭയുടെ കീഴിലുള്ള മുഴുവൻ എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നികുതി വെട്ടിപ്പ് എന്ന അർത്ഥത്തിലേയ്ക്ക് മാറി. അബ്ദുൾ കലാമിന്റെ പരാതിയിലേയ്ക്ക് വന്നാൽ കേരളത്തിലെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും മുഴുവൻ ക്രൈസ്തവ ജീവനക്കാരുടെയും നികുതി വെട്ടിപ്പാണ് ആക്ഷേപം. നികുതി സംബന്ധമായ വിഷയങ്ങളെക്കുറിച്ച് പരാതി നൽകുകയോ അതിൽ അന്വേഷണം നടത്തുകയോ ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന് കീഴിൽ അതിനായി സ്ഥാപിതമായിട്ടുള്ള വകുപ്പുകളും ഉദ്യോഗസ്ഥരുമാണ് എന്നിരിക്കെ, പരാതി ലഭിച്ചിരിക്കുന്നതും അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നതും കേരളത്തിലെ വിദ്യാഭ്യാസ വകുപ്പാണ് എന്നത് വിചിത്രമായ മറ്റൊരു വസ്തുത.

## സന്യസ്തർക്ക് ലഭിച്ചിരുന്ന നികുതി ഇളവ്

വാസ്തവത്തിൽ ഈ വിഷയത്തിന് ആധാരം സന്യസ്തരായ എയ്ഡഡ് സ്കൂൾ – കോളേജ് അധ്യാപകരിൽ ഒരു വിഭാഗത്തിന് ലഭിച്ചിരുന്ന നികുതി ഇളവാണ്. സെൻട്രൽ ബോർഡ് ഓഫ് ഡയറക്റ്റ് ടാക്സസ് (CBDT) 1944, 1977 വർഷങ്ങളിൽ പ്രസിദ്ധീകരിച്ച സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പ്രകാരമാണ് അടുത്തകാലം വരെയും കത്തോലിക്കാ സഭയുടെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന സന്യസ്തർക്ക് TDS ഇളവ് ലഭിച്ചിരുന്നത്. ഏറെക്കുറെ രണ്ടായിരത്തോളം പേർക്ക് സമീപകാലം വരെ ഇത്തരത്തിൽ ആനുകൂല്യം ലഭിച്ചിരുന്നു. അത്തരത്തിലു

**ശ്രീ. അബ്ദുൾ കലാം നൽകിയ പരാതി തികച്ചും അവാസ്തവവും ഒരു സമുദായത്തെ മുഴുവൻ അടച്ചാക്ഷേപിക്കുന്നതുമാണ്. വീണ്ടുവിചാരമില്ലാതെ അത് ഏറ്റെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിയും ക്രൈസ്തവ സമൂഹത്തിന് അപമാനകരമാണ് എന്ന് പറയാതെ വയ്യ. പ്രതിഷേധങ്ങൾ ഉയരുന്നതിന് പിന്നാലെ ഉത്തരവിന്മേലുള്ള നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയെങ്കിലും ആദ്യ സർക്കുലർ റദ്ദാക്കി ക്രൈസ്തവ സമൂഹത്തോട് മാപ്പുപറയാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകണം.**

ഈ ലേഖനം വെബ്സൈറ്റിൽ വായിക്കാൻ

www.malankaralibrary.com

ള്ള നികുതി ഇളവ് കത്തോലിക്കാ സഭയിലെ ഒരു വിഭാഗം സന്യസ്തർക്ക് ലഭിച്ചിരുന്നതിന് ചില കാരണങ്ങളുണ്ട്. ഒന്നാമത്തേത്, സ്വന്തമായി സ്വത്ത് സമ്പാദിക്കാത്ത, ലഭിക്കുന്ന പണം ചാരിറ്റി, സാമൂഹികമായ ആവശ്യങ്ങൾ എന്നിവയ്ക്കായി നീക്കിവച്ചിരുന്ന സന്യാസി, സന്യാസിനികളാണ് അവർ. രണ്ടാമതായി, വളരെ വലിയ സാമൂഹിക പ്രവർത്തനങ്ങളാണ് അവർ അംഗങ്ങളായിരുന്ന സന്യാസ സമൂഹങ്ങളും വിശിഷ്യാ കത്തോലിക്കാ സഭയും ചെയ്തു പോരുന്നത് എന്നതിനാലുള്ള പ്രത്യേക പരിഗണന.

ഇത്തരത്തിൽ ലഭിച്ചിരുന്ന ആനുകൂല്യം പരിശോധിച്ചാൽ രണ്ടായിരം പേർക്കാണ് നികുതി ഇളവ് ലഭിച്ചിരുന്നതെങ്കിൽ, ഇപ്പോഴത്തെ കണക്കനുസരിച്ച് ഏറെക്കുറെ മാസത്തിൽ കേരളത്തിൽ എല്ലാവർക്കുമായി ലഭിച്ചിരുന്ന ഇളവ് രണ്ടു കോടി രൂപയും, വർഷത്തിൽ അത് 24 കോടിയുമാണ്. സന്യാസ സമൂഹങ്ങളുടെ സാമൂഹിക സേവന പ്രവർത്തനങ്ങൾക്കും അതത് സ്കൂളുകളുടെ തന്നെ പ്രവർത്തനങ്ങൾക്കും ഉപകരിച്ചിരുന്ന (സന്യസ്തർക്ക് ലഭിക്കുന്ന ശമ്പളം വ്യക്തിപരമായി ഉപയോഗിക്കുന്നതല്ല) ആ ആനുകൂല്യം തികച്ചും നിയമപരമായി ലഭിച്ചിരുന്നതുമാണ്. എന്നാൽ, 2014 ൽ ഈ നികുതി ഇളവ് നിർത്തലാക്കിക്കൊണ്ട് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കുകയും ഇളവ് പുനഃസ്ഥാപിക്കണമെന്ന ആവശ്യവുമായി കേരള കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ് ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. എന്നാൽ, 2015 മാർച്ച് ഒമ്പതിന് ഈ ഹർജി കേരള ഹൈക്കോടതി തള്ളുകയാണ് ഉണ്ടായത്. അതേ കാലയളവിൽ തന്നെ മദ്രാസ് ഹൈക്കോടതിയിൽനിന്നും സമാനമായ ഒരു വിധി വന്നിരുന്നു.

കേരള ഹൈക്കോടതിയിലെ ആദ്യ വിധിക്കെതിരെ സമർപ്പിക്കപ്പെട്ട അപ്പീൽ പരിഗണിച്ച ഡിവിഷൻ ബെഞ്ചും 2021 ജൂലൈ 13 ന് അപ്പീൽ തള്ളുകയും ടാക്സ് അടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് അതേ നാളുകളിൽ തമിഴ്നാട്ടിലെ സന്യാസ സമൂഹങ്ങൾ സുപ്രീംകോടതിയിൽ നൽകിയ കേസിൽ കേരളത്തിൽനിന്നുള്ള സന്യാസ സമൂഹങ്ങൾ ഉൾപ്പെടെ കക്ഷി ചേരുകയുമുണ്ടായി. 2024 നവംബർമാസം ഏഴാം തിയ്യതി ആ കേസിന്റെ വിധി പ്രസ്താവിച്ച മുൻ ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനും ജസ്റ്റിസ് ജെ. ബി. പാർഡിവാല, ജസ്റ്റിസ് മനോജ് മിത്ര എന്നിവർ അംഗങ്ങളുമായ ബെഞ്ച് ആ ഹർജ്ജികൾ കൂടുതൽ വാദം കേൾക്കാതെ തള്ളുകയാണുണ്ടായത്. ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ് വിരമിച്ച ദിവസമാണ് ബെഞ്ച് പ്രസ്തുത ഹർജികൾ പരിഗണനയ്ക്കെടുത്തത്. ആ പശ്ചാത്തലത്തിൽ ഒരു റിവ്യൂ ഹർജി കൂടി സുപ്രീംകോടതിയുടെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. എങ്കിലും ആ വിധിയെ തുടർന്ന്, അതുവരെ നികുതിയിളവ് ലഭിച്ചിരുന്ന കേരളത്തിലെ സന്യസ്തരായ എയ്ഡഡ് അധ്യാപകർ ടിഡിഎസ് അടച്ചുകൊണ്ടിരിക്കുന്നു.

### പൊട്ടിമുളച്ച വിവാദങ്ങൾ

പത്രത്തിൽ വന്ന ലേഖനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് അബ്ദുൾ കലാം എന്ന വ്യക്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാതി നൽകിയത് എന്നത് വ്യക്തമാണെങ്കിലും ആ ലേഖനത്തിന്റെ ഉള്ളടക്കം പോലും അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയിരുന്നില്ല എന്നതാണ് വാസ്തവം. ലേഖനമെഴുതിയ വ്യക്തിയാണെങ്കിൽ എവിടെനിന്നൊക്കെയോ ലഭിച്ച എന്തൊക്കെയോ അറിവുകളുടെ വെളിച്ചത്തിൽ പ്രതികാര ബുദ്ധിയോടെ ഇല്ലാക്കണക്കുകളും കള്ളക്കഥകളുമാണ് പ്രചരിപ്പിക്കാൻ ശ്രമിച്ചത്. തികച്ചും വാസ്തവവിരുദ്ധമായ ഒരു ലേഖനത്തിന്റെയും അതിനേക്കാൾ തരംതാഴ്ന്ന വ്യാജ പരാതിയുടെയും പിന്നാലെ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്ന് ഇപ്രകാരം തരംതാഴ്ന്ന ഒരു അന്വേഷണ ഉത്തരവുണ്ടായത് തികച്ചും അപലപനീയമാണ്.

ശ്രീ. അബ്ദുൾ കലാം നൽകിയ പരാതി തികച്ചും അവാസ്തവവും ഒരു സമുദായത്തെ മുഴുവൻ അടച്ചാക്ഷേപിക്കുന്നതുമാണ്. വീണ്ടുവിചാരമില്ലാതെ അത് ഏറ്റെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിയും ക്രൈസ്തവ സമൂഹത്തിന് അപമാനകരമാണ് എന്ന് പറയാതെ വയ്യ. പ്രതിഷേധങ്ങൾ ഉയരുന്നതിന് പിന്നാലെ ഉത്തരവിന്മേലുള്ള നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയെങ്കിലും ആദ്യ സർക്കുലർ റദ്ദാക്കി ക്രൈസ്തവ സമൂഹത്തോട് മാപ്പുപറയാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകണം.

https://kcbcjagratha.org/christians-who-dont-pay-taxes/



Back to content page

www.malankaralibrary.com

# ക്രൈസ്തവ വിരുദ്ധ ആശയങ്ങളുമായി ഒഡിയ ചലച്ചിത്രം: സനാതനി - കർമ്മ ഹി ധർമ്മ

ഫെബ്രുവരി ഏഴിന് ഒഡീഷയിൽ തീയേറ്ററുകളിൽ പ്രദർശനത്തിനെത്തിയ ചലച്ചിത്രമാണ് "സനാതനി - കർമ്മ ഹി ധർമ്മ". ട്രെയിലർ യൂട്യൂബിൽ റിലീസ് ചെയ്തപ്പോൾ തീവ്രമായ ക്രൈസ്തവ വിരുദ്ധത ഉൾപ്പെടുന്നതായി കണ്ടതിനാൽ തീയേറ്ററിൽ റിലീസ് ചെയ്യുന്നതിന് മുമ്പുതന്നെ വിവിധ സംഘടനകളും വ്യക്തികളും സിനിമയുടെ റിലീസ് തടയണമെന്നാവശ്യപ്പെട്ട് കോടതിയെയും അധികൃതരെയും സമീപിച്ചിരുന്നു. ഒറീസ ഹൈക്കോടതിക്ക് മുന്നിലെത്തിയ റിട്ട് പെറ്റിഷൻ (W.P.(C) No.3612 of 2025) കോടതി തള്ളുകയുണ്ടായെങ്കിലും ചിലർ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. സുപ്രീം കോടതി ഈ വിഷയത്തിൽ ഫെബ്രുവരി 10 ന് വാദം കേൾക്കും. തമിഴ്നാട്ടിൽനിന്നുള്ള എംപി പി. വിത്സൺ, കേരളത്തിൽനിന്നുള്ള എംപി ഫ്രാൻസിസ് ജോർജ്ജ് എന്നിവർ ഈ വിഷയത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിന് കത്ത് അയച്ചിട്ടുണ്ട്. വിവിധ ക്രൈസ്തവ സഭകളിൽനിന്നുള്ള മെത്രാന്മാർ, സംഘടനാ നേതാക്കൾ തുടങ്ങിയവർ ഈ വിഷയത്തിൽ പ്രതികരിക്കുകയുണ്ടായിട്ടുണ്ട്.

ഒരു പാസ്റ്റർ പ്രധാന വില്ലനായെത്തുന്ന ചലച്ചിത്രമാണ് സനാതനി. ആദിവാസി സമൂഹത്തിനിടയിൽ പ്രവർത്തിക്കുന്ന അയാൾ അവരെ കബളിപ്പിച്ച് മതം മാറ്റുകയും പിന്നീട് സ്വത്ത് തട്ടിയെടുക്കുകയും ചെയ്യുകയും പിന്നീട് രംഗപ്രവേശം ചെയ്യുന്ന നായക കഥാപാത്രം ഇതിനെതിരെ പോരാടുകയും പള്ളി കത്തിക്കുകയും പാസ്റ്ററെ നാട്ടിൽനിന്ന് തുരത്തുകയും ചെയ്യുന്നതാണ് കഥയുടെ പ്രധാന ഭാഗം. മതപരിവർത്തനത്തെ ഏകപക്ഷീയവും ഭരണഘടനാവിരുദ്ധവുമായ രീതിയിലാണ് സിനിമ ചിത്രീകരിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം എന്ന ആശയത്തെ പാടെ നിരാകരിച്ചുകൊണ്ട് കാഴ്ചക്കാരിൽ അബദ്ധ ധാരണകൾ സൃഷ്ടിക്കുന്ന ചലച്ചിത്രമായാണ് ഇത് വിലയിരുത്തപ്പെടുന്നത്.

ഒരു പ്രൊട്ടസ്റ്റന്റ് പാസ്റ്റർ വില്ലനായി അവതരിപ്പിക്കപ്പെടുന്നെങ്കിലും കാണികളിൽ തെറ്റിദ്ധാരണകൾ ഉയർത്തുന്ന വിധത്തിൽ കത്തോലിക്കാ പുരോഹിതരുടെ വേഷവിധാനങ്ങളോടുകൂടിയും ഇവർ സിനിമയിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. അത്തരത്തിൽ ക്രൈസ്തവരുമായി ബന്ധപ്പെട്ട പല ഘടകങ്ങളും തെറ്റിദ്ധാരണാജനകമായി ഉൾപ്പെടുന്നതിനാൽ, കത്തോലിക്കാ സഭ ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവ വിഭാഗങ്ങളെക്കുറിച്ചും തെറ്റായ ചിത്രം കാണികളിൽ രൂപപ്പെടാനിടയുണ്ട്.

ഇനിയും മുറിവുണങ്ങാത്ത ഒരു കലാപം നടന്ന ഭൂമിയാണ് ഒഡീഷ എന്നതിനാൽ ഈ വിഷയം അതീവ ഗൗരവമുള്ളതാണ്. 2008 ൽ കാന്ധമാലിൽ നടന്ന കലാപത്തിൽ ചിതറിക്കപ്പെട്ടുപോയത് ആയിരക്കണക്കിന് ക്രൈസ്തവ കുടുംബങ്ങളാണ്. പത്തൊമ്പതാം നൂറ്റാണ്ടുമുതൽ ധാരാളം ക്രൈസ്തവർ ജീവിക്കുന്ന അവിടെ സംഘപരിവാർ സംഘടനകൾ മതവിദ്വേഷം പ്രചരിപ്പിച്ചു തുടങ്ങിയ കാലം മുതൽ ചെറുതും വലുതുമായ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അത്തരമൊരു പശ്ചാത്തലത്തിൽ അതുപോലെ ഒരു സംസ്ഥാനത്തെ സാധാരണക്കാരായ മനുഷ്യർക്കിടയിൽ കൂടുതൽ അബദ്ധ ധാരണകൾ വളർത്തുന്ന ഇത്തരം പ്രൊപ്പഗാന്ത സിനിമകൾ പ്രചരിക്കുന്നത് വലിയ ദോഷം ചെയ്യുമെന്ന് തീർച്ച.

ഇപ്പോൾ പരക്കെ ദുരുപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിലുള്ള ഒരു സംസ്ഥാനം കൂടിയാണ് ഒഡീഷ. ഇന്ന് ബിജെപി ഭരിക്കുന്ന ആ സംസ്ഥാനത്ത് അരാജകവാദികളായ കലാപകാരികളുടെ അഴിഞ്ഞാട്ടത്തിന് ഇത്തരം പ്രചാരണങ്ങൾ വഴിയൊരുക്കിയേക്കാനുള്ള സാധ്യതയും ഇത്തരം പ്രൊപ്പഗാന്ത സിനിമകൾ രാജ്യത്തെ മതസൗഹാർദ്ദത്തെ കൂടുതൽ പ്രതിസന്ധിയിലെത്തിക്കും എന്നതിനാലും ഈ സിനിമ ബാൻ ചെയ്യപ്പെടേണ്ടത് ആവശ്യമാണ്. ഭാരതീയ ന്യായ സംഹിത (BNS) സെക്ഷൻ 299 ന് എതിരായ കുറ്റകൃത്യമാണ് ഈ ചലച്ചിത്രം നിർമ്മിക്കുന്നതിലൂടെ പിന്നണി പ്രവർത്തകർ ചെയ്തിട്ടുള്ളത്. ഒരു സംസ്ഥാനത്തെ മാത്രം ബാധിക്കുന്ന ഒരു വിഷയമല്ല ഇത് എന്നതിനാൽ ഭാരത കത്തോലിക്കാ സഭയും കേരള സഭയും ഈ വിഷയത്തിൽ നയം വ്യക്തമാക്കുന്നത് ഉചിതമാണ്.

www.malankaralibrary.com

# അധ്യാപക ജീവിതം വർത്തമാനവും ഭാവിയും

പ്രിൻസി പീറ്റർ
അദ്ധ്യാപിക

*കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അധ്യാപകർക്കുവേണ്ടി നടത്തിയ ലേഖന രചനാ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ രചന*

**വികസിച്ചുകൊണ്ടിരിക്കുന്ന ആധുനിക വിദ്യാഭ്യാസ പ്രക്രിയയിൽ നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ് അധ്യാപനം. നല്ല അധ്യാപകരിലൂടെ നല്ല സമൂഹവും നല്ല രാജ്യവും സൃഷ്ടിക്കപ്പെടും എന്ന് നാം കേട്ടുപഠിച്ചതിന് ഇന്നും പ്രസക്തിയുണ്ട്. പക്ഷെ, ഉരുവിട്ടുപഠിച്ച പാഠങ്ങൾ വരി തെറ്റാതെ ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കുന്ന അധ്യാപകനും, കാണാപാഠം പഠിച്ച് ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടിയും ഇന്ന് ആധുനിക വിദ്യാഭ്യാസ പ്രക്രിയക്ക് വെളിയിലാണ്. പ്രശ്നങ്ങൾക്ക് പരിഹാരം വിദ്യാർത്ഥികളിൽ നിന്ന് സൃഷ്ടിക്കുന്നതാണ് ഇന്നത്തെ പാഠനരീതി. അധ്യാപകൻ സഹായി മാത്രമാണ്.**



www.malankaralibrary.com

**ഭാവിതലമുറയുടെ മനസിനെ രൂപപ്പെടുത്തുന്ന ശ്രേഷ്ഠമായ തൊഴിലാണ് അധ്യാപനം. ഉത്തരവാദിത്വമുള്ള പൗരന്മാരാകാൻ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലും മാർഗ്ഗനിർദ്ദേശം നൽകുന്നതിലും പ്രചോദിപ്പിക്കുന്നതിലും അധ്യാപകർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇന്നത്തെ അധ്യാപക ജീവിതം വെല്ലുവിളികളും അവസരങ്ങളും ഉത്തരവാദിത്വങ്ങളും നിറഞ്ഞതാണ്.**

### വർത്തമാന അധ്യാപക ജീവിതം

ഭാവിതലമുറയുടെ മനസിനെ രൂപപ്പെടുത്തുന്ന ശ്രേഷ്ഠമായ തൊഴിലാണ് അധ്യാപനം. ഉത്തരവാദിത്വമുള്ള പൗരന്മാരാകാൻ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലും മാർഗ്ഗനിർദ്ദേശം നൽകുന്നതിലും പ്രചോദിപ്പിക്കുന്നതിലും അധ്യാപകർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇന്നത്തെ അധ്യാപക ജീവിതം വെല്ലുവിളികളും അവസരങ്ങളും ഉത്തരവാദിത്വങ്ങളും നിറഞ്ഞതാണ്. ശാസ്ത്രീയ നവീനതകൾ, സാങ്കേതിക മുന്നേറ്റങ്ങൾ, സാമൂഹിക സാംസ്കാരിക പരിണാമങ്ങൾ എന്നിവയെല്ലാംതന്നെ അധ്യാപകരെക്കുറിച്ചുള്ള ധാരണയെ പുനരാലോചിക്കേണ്ട ആവശ്യകത ഉയർത്തുന്നു.

### അധ്യാപകർ നേരിടുന്ന വെല്ലുവിളികൾ

1. മാറി വരുന്ന വിദ്യാർത്ഥി പെരുമാറ്റങ്ങൾ.

കുട്ടികളുടെ ഭാവിയുടെ താക്കോൽ അധ്യാപകരുടെ കയ്യിലാണെന്ന് ഒരു വശത്ത് വാദഗതികൾ ഉള്ളപ്പോഴും കുട്ടികളെ ഒന്ന് ശാസിക്കാൻ പോലും അവകാശമോ അനുവാദമോ അധ്യാപകർക്കില്ല എന്നതാണ് വിരോധാഭാസം. കുട്ടികളുടെ തെറ്റ് കാണുമ്പോൾ അത് ശാസിച്ച് തിരുത്താനോ മറ്റോ ശ്രമിച്ചാൽ അതോടെ ആ അധ്യാപകന്റെ ജോലി പോലും അവതാളത്തിലാകുന്ന സ്ഥിതിയാണുള്ളത്. ശാസന ലഭിക്കാതെ വളർന്നു വരുന്ന തലമുറ ചെറിയ കാര്യങ്ങൾക്ക് പോലും ആത്മഹത്യാ ഭീഷണി മുഴക്കുന്നു. അധ്യാപകരോടുള്ള ആദരവും ബഹുമാനവും കുറഞ്ഞു കൊണ്ടിരിക്കുന്നു. തനിക്കിഷ്ടമില്ലാത്ത അധ്യാപകനെ പോക്സോ കേസുകളിൽ ഉൾപ്പെടുത്തി പക തീർക്കുന്ന സംഭവങ്ങളിൽ പകച്ച് നിൽക്കുകയാണ് അധ്യാപകലോകം. കാലം മാറുകയാണ്. കുട്ടികൾ അധ്യാപകരെ തിരിച്ച് തല്ലാൻ തുടങ്ങിയിരിക്കുന്നു. കുട്ടികളെ തല്ലി പഠിപ്പിച്ചാലേ അവർ നന്നാവൂ എന്നല്ല പറഞ്ഞു വെക്കുന്നത്. അധ്യാപകരുടെ അറിവും അനുഭവങ്ങളുമെല്ലാം കുട്ടികളുടെ ജീവിതത്തിൽ വെളിച്ചമായി മാറണമെങ്കിൽ കൂച്ചുവിലങ്ങിട്ടെന്നതുപോലെ അധ്യാപകരെ നിയന്ത്രിക്കാൻ ശ്രമിക്കരുത് എന്ന ശക്തമായ താക്കീതാണ് മാറിമറിയുന്ന വിദ്യാർത്ഥി പെരുമാറ്റങ്ങൾ നമുക്ക് നൽകുന്നത്.

2. മാറുന്ന അധ്യാപക മനോഭാവം

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് അധ്യാപകരുടെ മനോഭാവങ്ങളിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കുട്ടികളുടെ തോളത്ത് കയ്യിടുന്ന, അവർക്കൊപ്പം എന്തിനും ഏതിനും കൂടെ നിൽക്കുന്ന ഒരു സുഹൃത്തിനെ പോലെ എന്തിനും ഒപ്പമുണ്ടാകുന്ന അധ്യാപകരാണ് ഇന്നത്തെ കുട്ടികളുടെ താരങ്ങൾ. അത്തരം അധ്യാപകർക്ക് സ്കൂളുകളിൽ ആരാധകർ ഏറെയാണ്. അധ്യാപകരാ

www.malankaralibrary.com

യാൽ പാടണം, ആടണം, കുട്ടികൾക്കൊപ്പം റീലുകൾ ചെയ്യണം. അങ്ങനെയല്ലാത്ത അധ്യാപകരാകട്ടെ ഔട്ട്ഡേറ്റാണ്. അധ്യാപനം നടത്താനോ അറിവുകൾ പകർന്നു തരാനോ അല്ല ഇന്ന് സ്കൂളുകളിൽ അധ്യാപകർ തൊഴിലെടുക്കുന്നതെന്ന് പോലും തോന്നിപ്പോകുന്ന അവസരങ്ങൾ ഏറെയാണ്.

3. മാറുന്ന രക്ഷാകർതൃ മനോഭാവം

വിദ്യാഭ്യാസ ഗുണനിലവാരത്തിൽ പിറകോട്ടുപോയി എന്ന മനോഭാവമാണ് രക്ഷിതാക്കൾക്കുള്ളത്. ഇക്കാര്യം പൂർണമായി അംഗീകരിക്കാൻ കഴിയില്ലെങ്കിലും ലോക നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകാൻ പല വിധത്തിലുള്ള ഭൗതിക സാമ്പത്തിക സാഹചര്യങ്ങൾ ഉണ്ടായിട്ടും കേരളത്തിനായിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. ഇതിനു കാരണമായി സമൂഹം ഉയർത്തി കാട്ടുന്നത് അധ്യാപകരുടെ പരിമിതികളും പോരായ്മകളുമാണ്. പക്ഷേ നിരന്തരമായി ചലിക്കുന്ന സാമൂഹിക ക്രമത്തിൽ അത് മാറ്റങ്ങൾ സൃഷ്ടിക്കുന്ന തൊഴിലിടങ്ങളിലും സമ്പദ് വ്യവസ്ഥയിലും പ്രചോദനപരമായി കുട്ടികളെ നയിക്കാൻ പ്രാപ്തിയുള്ളവർ തന്നെയാണ് ഇന്നത്തെ അധ്യാപകർ. വിവിധ പശ്ചാത്തലങ്ങളിൽ വ്യത്യസ്ത സ്വഭാവങ്ങളിൽ രൂപപ്പെടുന്ന കുട്ടികളെ പഠിപ്പിക്കുക എന്ന ഏറ്റവും ഉയർന്ന സാമൂഹിക ഉത്തരവാദിത്വമാണ് വർത്തമാന അധ്യാപകജീവിതത്തിൽ നിക്ഷിപ്തമായിരിക്കുന്നത്.

4. ജോലി ഭാരവും സമ്മർദ്ദവും

വെറുതെ ഇരുന്ന് ശമ്പളം വാങ്ങിക്കൂട്ടുന്നവരാണ് അധ്യാപകർ എന്ന സമൂഹത്തിന്റെ പഴി കേൾക്കേണ്ടി വരുന്ന അധ്യാപകന്റെ ജോലി സമ്മർദ്ദത്തെ ആരും തിരിച്ചറിയുന്നില്ല. ഇപ്പോൾ അധ്യാപനത്തേക്കാൾ കൂടുതലായി പല വിവരശേഖരണങ്ങളിൽ ഏർപ്പെടാൻ കൽപ്പിക്കപ്പെടുന്നവരാണ് അധ്യാപക വർഗ്ഗം. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള വികസന പ്രവർത്തനങ്ങൾ, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, മൂല്യ നിർണയ പ്രവർത്തനങ്ങൾ എന്നിവ ചെലുത്തുന്ന സമ്മർദ്ദങ്ങൾ, രക്ഷിതാക്കൾ അടിച്ചേൽപ്പിക്കുന്ന പ്രതീക്ഷകളുടെ സമ്മർദ്ദം, മാറുന്ന പാഠ്യപദ്ധതി പരിഷ്കാരത്തിന്റെ സമ്മർദ്ദം, ഒരു വിദ്യാലയവുമായുള്ള മികവിന്റെ താരതമ്യത്തിൽ അധികാരികളിൽ നിന്നുള്ള സമ്മർദ്ദം എന്നിവയിൽ പെട്ട് കഴിയുന്നവരാണ് അധ്യാപകർ.



www.malankaralibrary.com

5. സാങ്കേതിക മുന്നേറ്റങ്ങൾ

വിവര സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള ആധുനിക വിജ്ഞാനവീഥികളെ വേണ്ടവണ്ണം ഉപയോഗിച്ചുകൊണ്ടേ ഇന്നത്തെ അധ്യാപകന് നിലനിൽക്കാനാകൂ. നമ്മുടെ അധ്യാപകർ ആവശ്യമായ വേഗതയിൽ ഇതിൻ്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല എന്നത് സത്യമാണ്. കമ്പ്യൂട്ടർ, ഇൻ്റർനെറ്റ്, ഓൺലൈൻ ക്ലാസുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ അധ്യാപന രീതികൾ മാറ്റിയിട്ടുണ്ട്. ഗൂഗിളും, മെറ്റയും ചാറ്റ് ജിപിറ്റിയുമൊക്കെ മുഖ്യപങ്ക് വഹിക്കുന്ന ഇക്കാലത്ത് അധ്യാപകരേക്കാൾ പല കാര്യങ്ങളിലും അറിവ് ഇന്ന് വിദ്യാർത്ഥികൾക്കാണ്. അത് മനസിലാക്കി മാത്രമേ അവരോട് ഇടപെടാൻ സാധിക്കൂ. സമൂഹ മാധ്യമങ്ങളിലെ 'ഹായ് ഗയ്സ്' എന്നു പറഞ്ഞു തുടങ്ങുന്ന സ്മാർട്ട് ക്ലാസ് മുറികളാണ് ഇന്ന് കുട്ടികൾക്ക് ഏറെ പ്രിയം.

**വിവര സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള ആധുനിക വിജ്ഞാനവീഥികളെ വേണ്ടവണ്ണം ഉപയോഗിച്ചുകൊണ്ടേ ഇന്നത്തെ അധ്യാപകന് നിലനിൽക്കാനാകൂ. നമ്മുടെ അധ്യാപകർ ആവശ്യമായ വേഗതയിൽ ഇതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല എന്നത് സത്യമാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഓൺലൈൻ ക്ലാസുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ അധ്യാപന രീതികൾ മാറ്റിയിട്ടുണ്ട്. ഗൂഗിളും, മെറ്റയും ചാറ്റ് ജിപിറ്റിയുമൊക്കെ മുഖ്യപങ്ക് വഹിക്കുന്ന ഇക്കാലത്ത് അധ്യാപകരേക്കാൾ പല കാര്യങ്ങളിലും അറിവ് ഇന്ന് വിദ്യാർത്ഥികൾക്കാണ്. അത് മനസിലാക്കി മാത്രമേ അവരോട് ഇടപെടാൻ സാധിക്കൂ.**

6. സാമൂഹിക- സാംസ്കാരിക പരിണാമങ്ങൾ

ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ അധ്യാപക സമൂഹത്തെ പ്രതിക്കൂട്ടിൽ നിർത്തുകയും മാധ്യമ വിചാരണ നടത്തുകയും ചെയ്യുന്നത് ഈയിടെയായി ഏറി വരുന്നുണ്ട്. പ്രശ്നങ്ങളെ വർഗീയ വൽക്കരിക്കാനുള്ള ശ്രമങ്ങളും ആസൂത്രിതമായി നടക്കുന്നു. കുട്ടികളുടെ പ്രവേശന പരീക്ഷാ യോഗ്യതകളിലെ വിജയമാണ് വിദ്യാഭ്യാസത്തിൻ്റെ ഉയർന്ന നിലവാരമായി സമൂഹം കണക്കാക്കുന്നത്. അതിനാൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സമൂഹത്തിൻ്റെ കാഴ്ചപ്പാട് മാറ്റിക്കൊണ്ടേ അധ്യാപകനെയും വിലയിരുത്താൻ സാധിക്കൂ.

7. തൊഴിൽ ഭീഷണി

കേരളത്തിൽ പതിനഞ്ച് വർഷത്തിനിടയിൽ ഇരുപതിനായിരത്തോളം അധ്യാപക തസ്തികകളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ജനസംഖ്യാനുപാതികമായ കുറവാണ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നതിൻ്റെ കാരണം. സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ജോലി സുരക്ഷിതത്വമില്ലാത്ത ഒരധ്യാപക സമൂഹത്തിന് ക്രിയാത്മകമായി പ്രവർത്തിക്കാനാവില്ല.

**പരിഹാരങ്ങൾ**

ഈ വെല്ലുവിളികളെല്ലാം അഭിമുഖീകരിക്കുവാനും തരണം ചെയ്യുവാനും അധ്യാപകസമൂഹം നിരന്തരമായി ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

1. സഹപ്രവർത്തകർ, ഉപദേഷ്ടാക്കൾ എന്നിവരുമായി പിന്തുണശൃംഖല കെട്ടിപ്പെടുത്തുന്നു.
2. സമ്മർദ്ദം കുറയ്ക്കുന്നതിന് സമയ ക്രമീകരണം നടത്തുന്നു.
3. ശാരീരികവും മാനസികവും വൈകാരികവുമായ

www.malankaralibrary.com

**കാലമെത്രയായാലും അധ്യാപകർ എന്നും അധ്യാപകർ തന്നെയാണ്. വിലയേറിയ അനുഭവങ്ങൾ കൂട്ടിക്കുഴച്ചാണ് അവർ കുട്ടികളുമായി സംവദിക്കുന്നത്. ഇന്റർനെറ്റുമായി ചേർത്തോ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂൾ ഉപയോഗിച്ചോ അത് അളക്കുവാൻ സാധിക്കുകയില്ല. അധ്യാപകർക്ക് പകരം വെക്കാൻ അധ്യാപകർ മാത്രം. ആധുനിക സാങ്കേതിക വിദ്യ ഒന്നും കൊണ്ടുതന്നെ ഈ മാനുഷികമൂല്യങ്ങൾ അഭ്യസിപ്പിക്കാൻ സാധിക്കുകയില്ല. അധ്യാപക ലോകം പുതിയ വെല്ലുവിളികളെ അതിജീവിക്കാനും അവസരങ്ങൾ പ്രയോജനപ്പെടുത്താനും കെൽപ്പുള്ളവരാണ്.**

ആരോഗ്യം നിലനിർത്തുന്നു.

4. നവീന സാങ്കേതികവിദ്യകളിലെ പ്രാവീണ്യത്തിന് ക്ലാസുകൾ സംഘടിപ്പിക്കുന്നു.
5. മാറി വരുന്ന വിദ്യാർത്ഥി, രക്ഷാകർതൃ മനോഭാവം നിയന്ത്രണ വിധേയമാക്കുവാൻ കൗൺസിലിംഗ് സെല്ലുകളുടെ പ്രവർത്തനം, ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

### അധ്യാപകർക്കുള്ള അവസരങ്ങൾ

അധ്യാപകർക്കുള്ള അവസരങ്ങൾ നിരവധിയാണ്. ഈ അവസരങ്ങൾ തൻ്റേതാക്കി മാറ്റി മികവ് പുലർത്താൻ ശ്രമിക്കുന്ന അധ്യാപകന് മാത്രമേ ഇനിയുള്ളകാലത്ത് നിലനിൽപ്പുള്ളൂ.

1. നൂതന അധ്യാപന രീതികൾ: ആധുനിക സാങ്കേതിക വിദ്യയും സർഗ്ഗാത്മക സമീപനങ്ങളും ആകർഷകമായ പഠനാനുഭവങ്ങളും ഉപയോഗിച്ച് വിദ്യാർത്ഥികളുമായി ഇടപെടുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പ്രാപ്തരാക്കുന്നു.
2. തൊഴിൽപരമായ വളർച്ച: അധ്യാപകർക്ക് അവരുടെ കഴിവുകൾ, അറിവ്, അധ്യാപന രീതികൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കപ്പെടേണ്ടതുണ്ട്.
3. അക്കാദമിക വളർച്ച: സഹപ്രവർത്തകരുമായി ബന്ധപ്പെട്ട് മികച്ച രീതികൾ പങ്കിടാനും വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി പുതിയ പഠന ശ്രമങ്ങളിൽ ചേർന്ന് പ്രവർത്തിക്കുവാനുള്ള അവസരവും കൂടുതലായി ഉപയോഗിക്കപ്പെടണം.
4. വിദ്യാർത്ഥി സ്വാധീനം: വിദ്യാർത്ഥികളുടെ ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്താനും അവരുടെ ഭാവി രൂപപ്പെടുത്താനും സമൂഹത്തിന് പ്രയോജനപരമായി തീരുവാനുള്ള അവസരം കൂടുതൽ ക്രിയാത്മകമായി ഉപയോഗിക്കണം.
5. അധ്യാപക – വിദ്യാർത്ഥി ബന്ധം: അധ്യാപകരുടെ കരുതലാണ് കുട്ടികളുടെ വളർച്ചയിൽ ഏറെ സ്വാധീനിക്കപ്പെടുന്ന ഘടകം. പഠനത്തെയും മൂല്യങ്ങളെയും സ്നേഹിക്കാൻ പഠിപ്പിക്കുമ്പോൾ വിദ്യാർത്ഥികൾ അധ്യാപകരെ സ്നേഹിക്കാൻ തുടങ്ങുന്നു. സാംസ്കാരികബോധവും സദാചാരബോധവും പാരിസ്ഥിതികബോധവും പകരുന്ന അധ്യാപകരിൽ നിന്ന് എങ്ങനെ അകന്നു നിൽക്കാൻ വിദ്യാർത്ഥികൾ

www.malankaralibrary.com

ക്ക് സാധിക്കും? എന്നാൽ വിമർശന ങ്ങളും ശകാരങ്ങളും ശീലമില്ലാത്ത ഈ തലമുറയുടെ അസഹിഷ്ണത വല്ലാതെ ഭയപ്പെടുത്തുന്നതാണ്. അധ്യാപക – വിദ്യാർത്ഥി ബന്ധം നിയമങ്ങൾ കൊണ്ടോ രൂപരേഖകൾ കൊണ്ടോ കൃത്യമായി പറഞ്ഞു വയ്ക്കാൻ കഴിയു ന്നതല്ല. രണ്ടു തലമുറകളുടെ ശരിതെറ്റു കൾക്കിടയിലൂടെയുള്ള ഞാണിൽമേൽ കളിയാണിത്. ഇനി വരുന്ന കാലത്തേ യ്ക്ക് ഈ ബന്ധം ഏത് തരത്തിലാണ് നാം കരുതി വെക്കേണ്ടത് എന്നുകൂടി ഇവിടെ പ്രസക്തമാകുന്നു.

### അധ്യാപക ജീവിതം ഭാവിയിൽ

ഭാവിയിലെ അധ്യാപക ജീവിതം ഗണ്യ മായ മാറ്റങ്ങൾ നേരിടാൻ സാധ്യതയുണ്ട്. ആധുനിക സാങ്കേതിക വിദ്യ, സാമൂഹിക – സാംസ്കാരിക രംഗങ്ങൾ, വിദ്യാഭ്യാസ രീതികൾ എന്നിവ ഓരോ ദിവസവും മാറ്റങ്ങൾ ക്ക് വിധേയമാകുന്നു.

1. പഠനരീതികളിൽ മാറ്റം : പ്രായോഗിക പഠനം

ഭാവിയിൽ കുട്ടികൾക്ക് തത്സമയം പ്രാ യോഗിക പ്രവർത്തനങ്ങളിൽ പങ്കാളികളായി പഠനം മെച്ചപ്പെടുത്താൻ സാധിക്കും. ഒപ്പം, വേർതിരിഞ്ഞ പഠന മേഖലകളിൽ, തങ്ങൾ ക്കിഷ്ടപ്പെട്ട മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തി പഠനത്തിൽ മികവ് വർദ്ധിപ്പിക്കാം.

വ്യക്തിഗത പഠനം: വ്യക്തിഗത ആവ ശ്യങ്ങൾക്കനുസൃതമായ, ഇന്റലിജന്റ് ടൂളുകൾ വഴി കുട്ടികളുടെ പഠനശേഷി വിലയിരുത്താം. അതനുസരിച്ച് പഠനപരിപാടികൾ തയ്യാറാക്കു കയും ചെയ്യാം.

2. സാങ്കേതിക വിദ്യയുടെ കൂടുതൽ ഇടപെ ടൽ

ഓൺലൈൻ പഠനത്തിന് കൂടുതൽ സാ ധ്യതയുണ്ട്. വിദ്യാർത്ഥികളുടെ വ്യക്തിഗത താൽപര്യങ്ങൾ, കഴിവുകൾ എന്നിവയനു സരിച്ച് അധ്യാപകർക്ക് വേണ്ട നിർദ്ദേശം നൽകാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും ഉപകരിക്കും. ഓരോ കുട്ടിയുടെ യും ആവശ്യകതക്കായി പ്രത്യേകം പഠനഗതി രൂപപ്പെടുത്തുന്നതിന് അത്തരം സങ്കേതങ്ങൾ സഹായകമായേക്കും. ഗ്രേഡിംഗ്, ഡാറ്റ വിശകലനം, എന്നിവയിൽ AI പവർ ടൂളുകൾ അധ്യാപകരെ സഹായിക്കും. ഇമ്മേഴ്സീവ് ടെക്നോളജികൾ ക്ലാസ് മുറികളിൽ വിപ്ലവം സൃഷ്ടിക്കും. യഥാർത്ഥ ലോക സാഹചര്യങ്ങ ളെ അനുകരിക്കുന്ന പഠന പരിസ്ഥിതികൾ സൃ ഷ്ടിക്കാൻ അധ്യാപകരെ അത് പ്രാപ്തരാക്കും.

3. അധ്യാപകർക്ക് പുതിയ ചുമതലകൾ

- ഭാവിയിൽ, കുട്ടികളുടെ മാനസികാരോ ഗ്യവും വൈകാരിക വളർച്ചയും പരിഗ ണിച്ചുള്ള ഉപദേശം നൽകുന്നവരായിരി ക്കും അധ്യാപകർ.
- പഠനങ്ങളെ കൂടുതൽ സജീവമാക്കുവാൻ സാമൂഹിക മാധ്യമങ്ങൾ, വെബ്സൈ റ്റുകൾ, സംവാദങ്ങൾ എന്നിവയുടെ പി ന്തുണയിലൂടെ ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കും.
- പാഠ്യപദ്ധതി രൂപകൽപ്പന: വിദ്യാർ ത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന അഡാപ്റ്റീവ് പാഠ്യപദ്ധതി രൂപകൽ പ്പന ചെയ്യുന്നതിൽ AI സംവിധാനങ്ങൾ ഉപയോഗിക്കും.
- ഭാവിയിലെ അധ്യാപകൻ ഒരു തുടർച്ച യായ പഠിതാവായിരിക്കും.

4. ജീവിത പഠനത്തിന് ഒരു പിരിയഡ്.

അധ്യാപകർ, കുട്ടികളുടെ വ്യക്തിഗത, സാമൂഹികമായ വ്യത്യാസങ്ങൾ പരിഗണിച്ച് പഠനത്തിന് സൗഹൃദപരമായ അന്തരീക്ഷം ഉണ്ടാക്കേണ്ടി വരും. ജീവിതം പഠിപ്പിക്കാൻ ഒരു പിരിയഡ് ആവശ്യമായി വരാം. കുട്ടികൾ ക്ക് മാനസിക പിന്തുണ, പരിഗണന, ആത്മ വിശ്വാസം എന്നിവ ഉറപ്പുവരുത്തുന്നതിൽ കൂടുതൽ ശ്രമിക്കേണ്ടി വരും.

5. സാമൂഹിക – സാംസ്കാരിക മാറ്റങ്ങൾ

വിവിധ രാജ്യങ്ങളിലെ വിദ്യാർത്ഥികളെ ചേർത്തിണക്കിയ ഒരു ആഗോള ക്ളാസ്സുറി സാധ്യത കാണുന്നു. ഭാഷാ മൊഴിമാറ്റ ടൂളുകൾ ക്ലൗഡ് അധിഷ്ഠിത പ്ലാറ്റ്ഫോം എന്നിവ വി ദ്യാഭ്യാസ സഹായം ലഭ്യമാക്കും.

www.malankaralibrary.com

6. അധ്യാപകൻ – മോട്ടിവേറ്റർ

ഭാവിയിലെ അധ്യാപകർ കുട്ടികളെ പ്രചോദിപ്പിക്കുന്നവരാകും. നല്ല പ്രചോദകരായി, അവരുടെ കഴിവുകൾ മറ്റുള്ളവരിൽ കൂടി വളർത്തുന്ന രീതിയിൽ മോട്ടിവേറ്റർ ആയി അവർ മാറും.

7. തൊഴിലധിഷ്ഠിത ബന്ധവും പഠനവും

വിദ്യാഭ്യാസത്തോടൊപ്പം തങ്ങൾക്കിഷ്ടപ്പെട്ട, അവരവരുടെ കഴിവുകൾക്കനുസൃതമായ തൊഴിൽ പഠനവും സാധ്യമാകും. വ്യവസായ മേഖലയിലെ പങ്കാളിത്തം പഠനത്തിലും അവരുടെ തൊഴിലിലും മെച്ചപ്പെടുത്തലുകൾ ഉണ്ടാക്കുന്നതിന് സഹായകരമാകും.

### ഭാവിയിലെ അധ്യാപകരുടെ വെല്ലുവിളികളും അവസരങ്ങളും.

1. തൊഴിൽ വളർച്ച:

ഉയർന്നു വരുന്ന സാങ്കേതിക വിദ്യകളും പഠനരീതികളും പ്രയോഗത്തിൽ ഫലപ്രദമായി കൊണ്ടു വരുന്നതിന് അധ്യാപകർക്ക് നിരന്തരമായ പരിശീലനവും പിന്തുണയും കൊടുക്കേണ്ടതുണ്ട്.

2. തുല്യത:

ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യക്കും വിവേചനങ്ങളില്ലാതെ ഏവർക്കും പ്രവേശനം ഉറപ്പാക്കുന്നത് സംബന്ധിച്ചുള്ള ആശങ്കകളുണ്ട്.

3. വിദ്യാർത്ഥി – കേന്ദ്രീകൃത പഠനം:

സാങ്കേതിക വിദ്യാഭ്യാസത്തിൻ്റെ പ്രയോജനങ്ങൾ, മാനുഷിക ഇടപെടൽ, സാമൂഹിക വൽക്കരണം എന്നിവയുടെ ആവശ്യകതയിൽ അധ്യാപകർ സന്തുലിതമാക്കേണ്ടതുണ്ട്.

4. അധ്യാപക വിദ്യാഭ്യാസത്തിൻ്റെ പരിഷ്കരണം.

ഭാവിയിലെ ക്ലാസ് മുറികളുടെ വിജയത്തിന് ആവശ്യമായ വൈദഗ്ധ്യം, അറിവ്, മാനസികാവസ്ഥ എന്നിവയിൽ അധ്യാപകരെ സജ്ജരാക്കുന്ന അധ്യാപക വിദ്യാഭ്യാസ പരിപാടികൾക്ക് ആവശ്യമായ പരിഷ്കരണങ്ങൾ ആവശ്യമാണ്.

ഭാവിയിലെ അധ്യാപകജീവിതത്തിലും വെല്ലുവിളികൾ ധാരാളമാണെങ്കിലും, വളർച്ചയ്ക്കും നവീകരണത്തിനും സ്വാധീനത്തിനുമുള്ള സാധ്യതകളും അവസരങ്ങളും ഒരു പോലെയുണ്ട്.

### അധ്യാപകജീവിതം – സ്വീകാര്യത

അനേകം വിശിഷ്ട വ്യക്തികൾ നിരന്നു നിൽക്കുന്ന ഒരു വേദിയിൽ, തന്നെ പഠിപ്പിച്ച തന്റെ പ്രിയപ്പെട്ട ഗുരു ഉണ്ടെന്നു വരികിൽ ഏതൊരു കൂട്ടരും ആദ്യം അഭിവാദനം നൽകുന്നത് തന്റെ പ്രിയ ഗുരുവിനായിരിക്കും. മറ്റുള്ളവരേക്കാളും ആദരവും ബഹുമാനവും ഒരാൾ തന്റെ അധ്യാപകന് നൽകുന്നു. ഇതിലധികം അംഗീകാരം ഈ ലോകത്ത് മറ്റൊരാൾക്കും ലഭിക്കുന്നില്ല എന്ന വസ്തുതയാണ് അധ്യാപക ലോകം മനസ്സിലാക്കേണ്ടത്.

### ഉപസംഹാരം

കാലമെത്രയായാലും അധ്യാപകർ എന്നും അധ്യാപകർ തന്നെയാണ്. വിലയേറിയ അനുഭവങ്ങൾ കൂട്ടിക്കുഴച്ചാണ് അവർ കുട്ടികളുമായി സംവദിക്കുന്നത്. ഇൻ്റർനെറ്റുമായി ചേർത്തോ ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് ടൂൾ ഉപയോഗിച്ചോ അത് അളക്കുവാൻ സാധിക്കുകയില്ല. അധ്യാപകർക്ക് പകരം വെക്കാൻ അധ്യാപകർ മാത്രം. വിദ്യാർത്ഥികൾ ബഹുമാനം നൽകിയില്ലെങ്കിലും, മക്കളെപ്പോലെ തിരികെ സ്നേഹിക്കുവാൻ മാത്രമറിയുന്നവരാണ് അധ്യാപകർ. ആധുനിക സാങ്കേതിക വിദ്യ ഒന്നും കൊണ്ടുതന്നെ ഈ മാനുഷികമൂല്യങ്ങൾ അഭ്യസിപ്പിക്കാൻ സാധിക്കുകയില്ല. അധ്യാപകലോകം പുതിയ വെല്ലുവിളികളെ അതിജീവിക്കാനും അവസരങ്ങൾ പ്രയോജനപ്പെടുത്താനും കെൽപ്പുള്ളവരാണ്. അതുകൊണ്ട് കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനൊപ്പം കാലത്തിനനുസരിച്ച് മാറിയ കുട്ടികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ അധ്യാപകലോകം എന്നും സജ്ജമാണ്.

Back to content page

www.malankaralibrary.com

# ശാസ്ത്ര ചിന്തയുടെ മറവിൽ നിരീശ്വരവാദം പ്രചരിപ്പിക്കാൻ നമ്മുടെ സ്ഥാപനങ്ങൾ വേദിയാകുന്നത് സംബന്ധിച്ച്

പ്രമുഖ നിരീശ്വരവാദ ചിന്തകർക്കെല്ലാം വേദി നൽകുകയും നിരീശ്വരവാദത്തിന്റെ പ്രചാരണം മുഖ്യ ലക്ഷ്യമായി ഏറ്റെടുക്കുകയും ചെയ്തിരിക്കുന്ന സംഘടനയാണ് എസൻസ് ഗ്ലോബൽ. ശാസ്ത്ര ചിന്തയുടെയും യുക്തി ചിന്തയുടെയും മറവിൽ നിരീശ്വരവാദം പ്രചരിപ്പിക്കുകയാണ് പ്രസ്തുത സംഘടനയുടെ മുഖ്യ ലക്ഷ്യം. അതിനാൽത്തന്നെ, ചെറുതും വലുതുമായ അവരുടേതായ പ്രോഗ്രാമുകളുടെയെല്ലാം ലക്ഷ്യങ്ങളിൽ പ്രധാനമായൊന്ന് മത - ദൈവവിശ്വാസ നിരാസത്തിന്റെ പ്രചാരണമാണ് എന്നത് വളരെ വ്യക്തമാണ്.

ഈ പശ്ചാത്തലത്തിൽ എസൻസ് ഗ്ലോബൽ എന്ന സംഘടനയും ആ സംഘടനയുടെ നെടുംതൂണുകളായ സി. രവിചന്ദ്രൻ ഉൾപ്പെടെയുള്ള വ്യക്തികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഔദ്യോഗിക പരിപാടികളുടെ ഭാഗമാകുന്നത് ഗൗരവമായി കാണേണ്ടതുണ്ട്. ജനുവരി 16, 17 തിയ്യതികളിൽ ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ നടന്ന കോൺക്ലേവിൽ എസൻസ് ഗ്ലോബൽ പങ്കാളിയാകാൻ നിശ്ചയിച്ചിരുന്നെങ്കിലും പിന്നീട് ശാസ്ത്ര ചിന്തയുടെ മറവിൽ പ്രചരിക്കപ്പെടുന്ന ദൈവ-മത നിഷേധ ചിന്തകളുടെ അപകടം തിരിച്ചറിഞ്ഞ് കോളേജ് മാനേജ്മെന്റ് ചില നിബന്ധനകൾ വച്ചപ്പോൾ അതിൽനിന്ന് ആ സംഘടന പിന്മാറുകയുമുണ്ടായിരുന്നു. ആ പിന്മാറ്റം വിവിധ ഓൺലൈൻ മാധ്യമങ്ങൾ വാർത്തയാക്കുകയും സമൂഹമാധ്യമങ്ങളിൽ വിവാദമായി മാറുകയുമുണ്ടായി. അവിടെയും മുഖ്യമായും ആരോപിക്കപ്പെട്ടത് കത്തോലിക്കാ സ്ഥാപനങ്ങൾ "ശാസ്ത്ര ചിന്തകളോട്" അസഹിഷ്ണുത പ്രകടിപ്പിക്കുന്നു എന്നാണ്. കഴിഞ്ഞ വർഷം തേവര എസ്എച്ച് കോളേജിൽ നടന്ന പ്രോഗ്രാമിൽ പ്രഭാഷകനായെത്തിയ സി. രവിചന്ദ്രൻ പ്രാരംഭ പ്രാർത്ഥനാ വേളയിൽ എഴുന്നേൽക്കാൻ വിസമ്മതിച്ചതും പ്രിൻസിപ്പൽ അച്ചൻ അദ്ദേഹത്തെ വിമർശിച്ചതും വിവാദമായിരുന്നു.

കത്തോലിക്കാ മാനേജ്മെന്റ് കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ കോളേജുകളിൽ എസൻസ് ഗ്ലോബലും സി. രവിചന്ദ്രൻ ഉൾപ്പെടെയുള്ള പ്രഭാഷകരും ശാസ്ത്ര വിഷയങ്ങളിലുള്ള പ്രോഗ്രാമുകളുടെ ഭാഗമാകുന്നത് സമീപകാലത്തായി വർധിച്ചിട്ടുണ്ട്. ശാസ്ത്ര ചിന്ത എന്ന വ്യാജേന നിരീശ്വരവാദ ആശയങ്ങൾ പ്രചരിപ്പിക്കുക, എസൻസ് ഗ്ലോബൽ പോലുള്ള പ്രസ്ഥാനങ്ങളോടുള്ള അനുഭാവം വളർത്തുക തുടങ്ങിയ ഗൂഢ ലക്ഷ്യങ്ങളോടെ ഇക്കൂട്ടർ ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ കോളേജ് മാനേജ്മെന്റുകളും സംഘടനകളും വിദ്യാർത്ഥികളുടെ വിവിധ ക്ലബുകളും അകപ്പെട്ടുപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

വിദ്യാർത്ഥികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുക അനിവാര്യമാണെങ്കിലും അതിന് അനുബന്ധമായി മതം, വിശ്വാസം, ധാർമിക മൂല്യങ്ങൾ തുടങ്ങിയവയെല്ലാം ശാസ്ത്ര വിരുദ്ധമാണ് എന്ന തെറ്റായ ആശയം പ്രചരിപ്പിക്കപ്പെടാൻ കത്തോലിക്കാ വിദ്യാലയങ്ങളിൽ വേദിയൊരുക്കപ്പെടുന്നത് അഭികാമ്യമല്ല.

ആയിരക്കണക്കിന് പേർ പങ്കെടുക്കുന്ന നിരീശ്വരവാദ സമ്മേളനങ്ങൾ കേരളത്തിലെ വിവിധ നഗരങ്ങളിൽ സംഘടിപ്പിക്കപ്പെട്ടു വരുന്നുണ്ട്. കോളേജ് വിദ്യാർത്ഥികളുടെ നല്ലൊരു പങ്കാളിത്തം ഇത്തരം സമ്മേളനങ്ങൾക്കുണ്ട്. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ നടന്ന കോൺക്ലേവിൽ നിന്ന് പിന്മാറേണ്ടിവന്ന സാഹചര്യത്തിൽ, ഇരിഞ്ഞാലക്കുടയിൽ വച്ചുതന്നെ മറ്റൊരു സെമിനാർ എസൻസ് ഗ്ലോബൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഫെബ്രുവരി 23 ഞായറാഴ്ച നടക്കുന്ന പ്രോഗ്രാമിൽ സി. രവിചന്ദ്രൻ, ചന്ദ്രശേഖർ രമേഷ്, ആരിഫ് ഹുസൈൻ തെരുവത്ത്, ശരത് ജി, ശില്പ ഗോപിനാഥ് തുടങ്ങിയവരാണ് പ്രഭാഷകർ. ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥികളെ അവർ ലക്ഷ്യം വച്ചിട്ടുണ്ട് എന്നുള്ളതിൽ സംശയമില്ല. കഴിഞ്ഞ ഒക്ടോബറിൽ കോഴിക്കോട് നടന്ന "ലിറ്റ്മസ്" എന്ന പ്രോഗ്രാമിൽ നാലായിരത്തിൽ പരം രജിസ്ട്രേഷൻ ഉണ്ടായിരുന്നു എന്ന് എസൻസ് ഗ്ലോബൽ അവകാശപ്പെടുന്നു. ഇത്തരം പ്രോഗ്രാമുകളിൽ കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തം വർഷം

www.malankaralibrary.com

തോറും കൂടിവരുന്നുണ്ട്. എസൻസ് ഗ്ലോബലിന്റെയും മറ്റ് നിരീശ്വരവാദ പ്രസ്ഥാനങ്ങളുടെയും കോളജുകളിലേക്കുള്ള കടന്നുകയറ്റം ഇത്തരം പ്രോഗ്രാമുകളുടെയും പ്രചാരണത്തിന് കാരണമാകുന്നു.

നിയന്ത്രിതമായ സാഹചര്യങ്ങളിൽ ഇത്തരക്കാരുമായുള്ള സംവാദം സംഘടിപ്പിക്കുന്നത് ഗുണകരമായേക്കാമെങ്കിലും പ്രോഗ്രാമിന്റെ നിയന്ത്രണം സ്വതന്ത്രമായി അത്തരക്കാരുടെ കരങ്ങളിൽ എത്തിച്ചേരുന്ന അവസ്ഥയും സി. രവിചന്ദ്രനെ പോലുള്ളവരുടെ ഏകപക്ഷീയമായ പ്രഭാഷണങ്ങളും കോളേജുകളിൽ ഒഴിവാക്കപ്പെടുന്നതാണ് യുക്തം. അക്കാര്യത്തിൽ സവിശേഷമായ ശ്രദ്ധ കോളേജ് മാനേജ്മെന്റുകൾക്ക് ഉണ്ടാകേണ്ടതുണ്ട്.

നിരീശ്വരവാദ ചിന്തകൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ ആസൂത്രിതമായി പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ വർധിച്ചുവരുന്ന സാഹചര്യങ്ങൾ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. പക്വമായ ശാസ്ത്രാവബോധം നൽകാൻ കഴിയുന്ന ദൈവവിശ്വാസികളായ ശാസ്ത്രജ്ഞരെയും ചിന്തകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സെമിനാറുകളും കോൺക്ലേവുകളും സംഘടിപ്പിക്കാനുള്ള പ്രത്യേകമായ പരിശ്രമം നമ്മുടെ സ്ഥാപനങ്ങളിൽ കൂടുതലായി ഉണ്ടാകുന്നത് എന്തുകൊണ്ടും അഭിലഷണീയമാണ്.

Back to content page

## ജീവനെ തള്ളിക്കളഞ്ഞ് നീതിയുള്ള ഒരു സമൂഹം കെട്ടിപ്പടുക്കാനാവില്ല: ഫ്രാൻസിസ് പാപ്പ

ജീവനെ തള്ളിക്കളഞ്ഞ് നീതിയുക്തമായ സമൂഹം കെട്ടിപ്പടുക്കാനാവില്ലായെന്ന ഓർമ്മപ്പെടുത്തലുമായി ഫ്രാൻസിസ് പാപ്പ. മൂവ്മെന്റ് ഫോർ ലൈഫ് സംഘടനയിലെ അംഗങ്ങളെ അഭിസംബോധന ചെയ്തു തന്റെ ആശുപത്രി മുറിയിൽ നിന്ന് പുറത്തിറക്കിയ സന്ദേശത്തിലാണ് പാപ്പ ഇക്കാര്യം പറഞ്ഞത്. മാർച്ച് 8ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ദിവ്യബലിയിൽ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയട്രോ പരോളിൻ പാപ്പയുടെ സന്ദേശം വായിച്ചു. ഗർഭസ്ഥ ശിശുക്കളെയും സ്വയം പര്യാപ്തരല്ലാത്ത വൃദ്ധരെയും സുഖപ്പെടുത്താനാവാത്ത രോഗികളെയും ഇല്ലായ്മ ചെയ്തുകൊണ്ട് നീതിയുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കാനാകില്ലെന്ന് പാപ്പ സന്ദേശത്തിൽ അടിവരയിട്ട് പറഞ്ഞു.

അര നൂറ്റാണ്ടിനിടയിൽ പ്രത്യയശാസ്ത്രപരമായ ചില മുൻവിധികൾ കുറയുകയും സൃഷ്ടിയുടെ പരിപാലനത്തെക്കുറിച്ചുള്ള അവബോധം യുവ സമൂഹത്തിന് ഇടയിൽ വളരുകയും ചെയ്തിട്ടുണ്ടെങ്കിലും, നിർഭാഗ്യവശാൽ വലിച്ചെറിയൽ സംസ്കാരം വ്യാപിച്ചിരിക്കുന്നു. സ്വന്തം കുഞ്ഞിന് ജന്മം നൽകാതിരിക്കാൻ പ്രേരിപ്പിക്കുന്ന ചിന്തകളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുക എന്നത് പൗരസമൂഹത്തിൻ്റെ നവീകരണത്തിൻ്റെ തത്വമാണെന്ന് അറിഞ്ഞുകൊണ്ട്, ഇറ്റലിയുടെ പല ഭാഗങ്ങളിൽ നിന്നും കടന്നു വന്നിരിക്കുന്ന ഓരോരുത്തരേയും അഭിസംബോധന ചെയ്യുകയാണെന്നും പാപ്പ പറഞ്ഞു.

മനുഷ്യ ജീവനുവേണ്ടി, പ്രത്യേകിച്ച്, ബലഹീനാവസ്ഥയിലായിരിക്കുന്ന ജീവനുവേണ്ടി, പ്രായഭേദമന്യേ പ്രവർത്തിക്കുന്നവരുടെ ആവശ്യകത എന്നത്തേക്കാളുപരി ഇന്നുണ്ട്. കാരണം ജീവൻ ദൈവീക ദാനമാണ്. മഹത്തായൊരു നിയോഗത്തിനായാണ് അത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും പാപ്പ സന്ദേശത്തിൽ കുറിച്ചു. 1975-ൽ ഫ്ലോറൻസിൽ തുടക്കം കുറിച്ച മൂവ്മെന്റ് ഫോർ ലൈഫ് സംഘടന അൻപതാം വാർഷികത്തിന്റെ നിറവിലാണ്. ഇതിന്റെ ഭാഗമായാണ് സംഘടനാപ്രവർത്തകർക്ക് വേണ്ടി പ്രത്യേക അനുസ്മരണവും ബലിയർപ്പണവും വത്തിക്കാനിൽ നടന്നത്. (10 March 2025)

www.malankaralibrary.com



### കെസിബിസി വിദ്യാഭ്യാസ - ജാഗ്രത കമ്മീഷനുകളുടെ സംയുക്ത പ്രസ്താവന

# ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി തുക വെട്ടിക്കുറച്ച സർക്കാർ നടപടി പ്രതിഷേധാർഹം (January 31)

പിജിവരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 15000 രൂപ വീതം നൽകുന്ന മദർതെരേസ സ്കോളർഷിപ്പ് എന്നിവയ്ക്ക് പുറമെ, സിവിൽ സർവീസസ് ഫീസ് റീ ഇമ്പേഴ്സ്മെൻ്റ്, വിദേശത്ത് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ്, ഐ ഐ റ്റി, ഐ ഐ എം സ്കോളർഷിപ്പ് തുടങ്ങി ഒമ്പത് ഇനത്തിൽ പെട്ട ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് വകയിരുത്തിയ തുക അമ്പത് ശതമാനമായി കേരള സർക്കാർ വെട്ടിക്കുറച്ചിരിക്കുകയാണ്. അർഹരായ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പഠന സഹായമായി ലഭിക്കേണ്ട ഏഴുകോടിയോളം രൂപയാണ് നഷ്ടമാകുന്നത്. ഇതിനകം അപേക്ഷ അംഗീകരിക്കപ്പെട്ടിരിക്കുന്ന നിരവധി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നിഷേധിക്കപ്പെടാനും ഈ അപ്രതീക്ഷിത തീരുമാനം വഴിയൊരുക്കും. ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ ശുപാർശകൾ പ്രകാരം കൂടുതൽ പഠന സഹായങ്ങൾ ക്രൈസ്തവ വിഭാഗങ്ങളിൽ പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന കാലത്തുതന്നെ ക്രൈസ്തവ വിഭാഗങ്ങൾക്കുകൂടി അവകാശപ്പെട്ട ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി തുക ഗണ്യമായി വെട്ടിക്കുറച്ച സർക്കാർ നടപടി അത്യന്തം പ്രതിഷേധാർഹമാണ്. സാമുദായിക പിന്നാക്കാവസ്ഥ നേരിടുന്നവരും പഠനത്തിൽ മുന്നിട്ടു നിൽക്കുന്നവരുമായ വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് സഹായകരമായ പ്രസ്തുത സ്കോളർഷിപ്പുകൾ തടസ്സങ്ങൾ കൂടാതെ ലഭ്യമാക്കാൻ സർക്കാർ ഉടനടി നടപടികൾ സ്വീകരിക്കണമെന്ന് സംയുക്ത പ്രസ്താവനയിലൂടെ കെസിബിസി വിദ്യാഭ്യാസ, ജാഗ്രത കമ്മീഷനുകൾ ആവശ്യപ്പെടുന്നു.

ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി ന്യൂനപക്ഷ സ്കോളർഷിപ്പുകളും വെട്ടിക്കുറയ്ക്കാൻ നിർദ്ദേശം നൽകിയ വാർത്തകളെത്തുടർന്ന് ന്യൂനപക്ഷ വിഭാഗങ്ങൾ ശക്തമായ പ്രതിഷേധം ഉയർത്തിയ പശ്ചാത്തലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ വെട്ടിക്കുറയ്ക്കില്ല എന്ന് ന്യൂനപക്ഷ മന്ത്രാലയം ഫെബ്രുവരി 14 ന് പത്രക്കുറിപ്പിലൂടെ വ്യക്തമാക്കുകയുണ്ടായി.

# ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് - സർക്കാർ സുതാര്യത പുലർത്തണം, റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ പുറത്തുവിടണം: കെസിബിസി ജാഗ്രത കമ്മീഷൻ (February 18)

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഫെബ്രുവരി 17 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന ഉന്നതതല അവലോകന യോഗം

www.malankaralibrary.com



സംബന്ധിച്ച്, റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടൻ മന്ത്രിസഭ പരിഗണിക്കുമെന്നും വകുപ്പുകൾക്ക് നടപ്പാക്കാൻ കഴിയുന്നതും ഇനിയും നടപ്പാകാത്തതുമായ നിർദ്ദേശങ്ങൾ ഉടൻ നടപ്പാക്കണമെന്നുമുള്ള മുഖ്യമന്ത്രിയുടെ വാക്കുകൾ ആശ്വാസകരമാണ്. ഇതുവരെയുള്ള നടപടിക്രമങ്ങൾ തൃപ്തികരമെന്ന് യോഗം വിലയിരുത്തിയതായും പ്രസ്താവനയിൽ പറയുന്നു. എന്നാൽ, ഇതുവരെ നടപ്പാക്കിയ നിർദ്ദേശങ്ങൾ എന്തൊക്കെയെന്നും നടപടിക്രമങ്ങളിലെ പുരോഗതികളെന്തെന്നും വ്യക്തമാക്കാതെ, മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിങ്കളാഴ്ച ചേർന്ന ഉന്നതതല യോഗം സംബന്ധിച്ച പ്രസ്താവന മുഖവിലയ്ക്കെടുക്കാനാവില്ല. മാത്രവുമല്ല, കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടണമെന്ന ആവശ്യവും ക്രൈസ്തവ സഭകളുടെയും സമുദായ സംഘടനാ നേതൃത്വങ്ങളുടെയും പ്രതിനിധികളുമായി ചർച്ചകൾ ഉണ്ടാകണമെന്ന ആവശ്യവും പരിഗണിക്കാൻ ഇനിയും തയ്യാറാകാത്തത് ദുരൂഹമാണ്.

അതിനാൽത്തന്നെ ഈ വിഷയത്തിൽ സത്യസന്ധമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ക്രൈസ്തവ സമൂഹത്തിന് ബോധ്യമാകണമെങ്കിൽ സർക്കാർ ഇക്കാര്യങ്ങളിൽ സുതാര്യത പുലർത്തുകയും ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുകയും വേണം. അല്ലാത്തപക്ഷം, ലോക്സഭാ ഇലക്ഷന് മുമ്പെന്നതിന് സമാനമായി പല അവസരങ്ങളിലും പറഞ്ഞ വെറും വാക്കുകൾ പോലെ എന്തെങ്കിലുമൊക്കെ ചെയ്യുന്നുണ്ട് എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളുടെ ഭാഗം മാത്രമാണ് ഇത്തരം അവലോകന യോഗങ്ങളും പ്രസ്താവനകളും എന്ന് കരുതേണ്ടിവരും. അതിനാൽ, ഇതുവരെ വിവിധ വകുപ്പുകൾ നടപ്പാക്കിയ ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപാർശകൾ എന്തൊക്കെയാണെന്നും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ രേഖയായി പുറത്തുവിടാനും ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ പ്രസിദ്ധപ്പെടുത്താനും തുടർ ചർച്ചകളിൽ ക്രൈസ്തവ സമൂഹത്തിന്റെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്താനും സർക്കാർ തയ്യാറാകണം.

## കടുത്ത പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുന്ന കടൽ മണൽ ഖനനം അംഗീകരിക്കാനാവാത്തത്: കെസിബിസി ജാഗ്രത കമ്മീഷൻ (February 26)

ആയിരക്കണക്കിന് കോടി രൂപയുടെ ലാഭം ലക്ഷ്യം വച്ച് പരിസ്ഥിതിയെ അപകടത്തിലാക്കി കോർപ്പറേറ്റുകൾക്ക് കടൽ തീറെഴുതിക്കൊടുക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം അത്യന്തം അപലപനീയവും പ്രതിഷേധാർഹവുമാണ്. കടലിന്റെ സ്വാഭാവികതയ്ക്ക് തുരംഗം വയ്ക്കുന്ന ഇത്തരം പദ്ധതികൾ പുരോഗമനപരമായ നിലപാടുകൾ സ്വീകരിക്കുന്ന രാജ്യങ്ങൾ പരിഗണനയ്ക്ക് പോലുമെടുക്കുന്നതല്ലാതിരിക്കെ, ബ്ലൂ ഇക്കോണമി എന്ന അന്താരാഷ്ട്ര സുസ്ഥിര വികസന പദ്ധതിയെന്ന ആശയത്തെ തൽക്കാല കാര്യലാഭത്തിനുവേണ്ടി ദുർവ്യാഖ്യാനം ചെയ്ത് ദുരുപയോഗിക്കാനുള്ള നീക്കം അംഗീകരിക്കാനാവുന്നതല്ല.

സമുദ്രത്തിലെ വർധിത ചൂഷണം വലിയ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കിയിരുന്ന സാഹചര്യത്തിൽ, സമുദ്രത്തിന്റെ ആരോഗ്യവും പ്രതിരോധ ശേഷിയും സംരക്ഷിച്ചുകൊണ്ടുള്ള വരുമാന സമ്പാദനമെന്ന ആശയമാണ് ഐക്യരാഷ്ട്ര സഭയുടെ 2012 ലെ റിയോ ഉച്ചകോടി അംഗീകരിച്ച

www.malankaralibrary.com



ബ്ലൂ ഇക്കോണമി എങ്കിൽ, കേന്ദ്ര സർക്കാർ 2021 ഫെബ്രുവരി 17 ന് പുറത്തിറക്കിയ കരട് നയരേഖ ഐക്യരാഷ്ട്രസഭയുടെ തീരുമാനങ്ങൾക്ക് കടകവിരുദ്ധമായിരുന്നു. ആ കരട് നയരേഖയ്ക്ക് മേൽ ശരിയായ വിധത്തിലുള്ള ആശയസ്വരൂപണത്തിന് പോലും സാവകാശം നൽകാതെ 2023 ഓഗസ്റ്റിലെ പാർലമെന്റ് സമ്മേളനത്തിൽ അത് പാസാക്കുകയുമുണ്ടായി. അതിനെ തുടർന്ന് ആദ്യ ഘട്ടമെന്ന വിധത്തിലാണ് ഇപ്പോൾ സ്വകാര്യ കമ്പനികളുടെ സഹകരണത്തോടെ കടൽ മണൽ ഖനനം ആരംഭിക്കാനുള്ള നീക്കം കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ നീക്കം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കും എന്നുള്ളത് നിസ്തർക്കമാണ്. കടലിലുണ്ടാകുന്ന മാറ്റങ്ങൾ കരയെയും തീരദേശങ്ങളിൽ അധിവസിക്കുന്നവരെയും മാത്രമല്ല, ഭൂമിയുടെ സന്തുലിതാവസ്ഥയെത്തന്നെ വളരെ ദോഷകരമായി ബാധിക്കുമെന്നതിന് ഉദാഹരണങ്ങൾ വളരെയേറെയുണ്ട്. ഇത്തരം അശാസ്ത്രീയ നീക്കങ്ങൾക്ക് തടയിടാനാണ് 1994 ൽ ആദ്യമായി ബ്ലൂ ഇക്കോണമി എന്ന ആശയം അവതരിപ്പിക്കപ്പെട്ടതു തന്നെ. മൂന്ന് പതിറ്റാണ്ടുകൾക്കിപ്പുറം ലോകം മുഴുവൻ ഗൗരവമായി ചിന്തിക്കുന്ന ഒരു വലിയ ഭീഷണിയെ നിസാരവൽക്കരിച്ചുകൊണ്ട് ഇന്ത്യൻ ഗവണ്മെന്റ് പഴയ കാലഘട്ടത്തിലേക്ക് തിരികെ പോകാൻ ഒരുങ്ങുന്നത് ലോകരാജ്യങ്ങൾക്ക് മുന്നിൽ ഇന്ത്യയ്ക്ക് അപമാനകരമാണ്.

കടുത്ത അതിജീവന പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന മൽസ്യതൊഴിലാളികൾ, കടലാക്രമണം, കടലേറ്റം, തീരശോഷണം മുതലായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന തീരദേശവാസികൾ, കടലിന്റെ സ്വാഭാവിക പരിസ്ഥിതിയിൽ കഴിയുന്ന അസംഖ്യം ജീവിവർഗ്ഗങ്ങൾ തുടങ്ങി കാലാവസ്ഥാ മാറ്റം സംബന്ധിച്ച് കടുത്ത പ്രതിസന്ധികൾ നേരിടുന്ന മുഴുവൻ ജനതയും വരെ ഇത്തരമൊരു നീക്കത്തിന് വലിയ വില കൊടുക്കേണ്ടതായി വരും. അതിനാൽ, അശാസ്ത്രീയമായ ഈ നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ നിരുപാധികം പിൻവാങ്ങുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. കടുത്ത അതിജീവന പ്രതിസന്ധികൾ മുന്നിൽ കണ്ടുകൊണ്ട് സമരത്തിനിറങ്ങാൻ നിർബ്ബന്ധിതരായിരിക്കുന്ന തീരദേശവാസികൾക്ക് ഐക്യദാർഢ്യം അറിയിക്കുന്നു.

# കെസിബിസി വിമൺസ് കമ്മീഷൻ - പുതിയ സാരഥികൾ സ്ഥാനമേറ്റു February 18)

2025 -2028 കാലഘട്ടത്തിലേക്കുള്ള കെസിബിസി വിമൺസ് കമ്മീഷന്റെ പുതിയ ഭരണസമിതി ചുമതലയേറ്റു. അഭിവന്ദ്യ പീറ്റർ കൊച്ചുപുരയ്ക്കൽ (ചെയർമാൻ) സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ സാമൂഹിക നന്മയിലേക്ക് നയിക്കുന്നവയാകണമെന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾ ആത്മീയവളർച്ചയ്ക്കു സഹായകരമാകണമെന്നും ക്രിസ്തീയ മൂല്യങ്ങൾ കൈമോശം വരാതെ കാത്തുസൂക്ഷിക്കണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു പ്രൊഫ. ഡോ. ജിബി ഗീവർഗ്ഗീസ് പുതിയ എക്സിക്യൂട്ടീവ് സെക്രട്ടറിയായി സ്ഥാനമേറ്റു. ശ്രീമതി ജയിൻ ആൻസിൽ ഫ്രാൻസിസ്, റവ. ഫാ. തോമസ് തറയിൽ (കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ & പിഒസി ഡയറക്ടർ), റവ. ഫാ. ബിജു കല്ലിങ്കൽ, റവ. ഫാ. ജോസ് പാറയിൽകട, ശ്രീമതി ഡെൽസി ലൂക്കാച്ചൻ, ശ്രീമതി ആനി ജോസഫ്, ശ്രീമതി ഷേർളി സ്റ്റാൻലി, ശ്രീമതി ബീനാ ജോഷി തുടർങ്ങിയവർസംസാരിച്ചു.

www.malankaralibrary.com

## ക്രൈസ്തവ സമൂഹം ഒന്നിച്ചു നിന്ന് ദളിത് ക്രൈസ്തവ പ്രശ്നപരിഹാരം ആവശ്യപ്പെടണം: മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ (March 01)

കെസിബിസി എസ്‌സി എസ്ടി ബിസി കമ്മീഷന്റെ നേതൃത്വത്തിൽ പിഒസിയിൽ കൂടിയ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കമ്മീഷൻ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയ പുരയ്ക്കൽ. ജെയിംസ് ഇലവുങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കെസിബിസി എസ്‌സി /എസ്ടി/ ബിസി കമ്മീഷൻ സെക്രട്ടറി ഫാ. ജോസുകുട്ടി ഇടത്തിനകം ആമുഖപ്രസംഗം നടത്തി.

ദളിത് ക്രൈസ്തവർ ഇന്ന് അനുഭവിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് ജയിംസ് ഇലവുങ്കൽ പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് കെ എൽ എം മുൻദേശീയ പ്രസിഡണ്ട് ജോയ് ഗോതുരുത്ത് ദളിത് ക്രൈസ്തവ പ്രശ്നപരിഹാരത്തിന് കത്തോലിക്കാ സഭയ്ക്കും സംഘടനകൾക്ക് നൽകുവാൻ കഴിയുന്ന സംഭാവനകൾ എന്ന വിഷയത്തെ ആസ്വാദമാക്കി പ്രബന്ധം അവതരിപ്പിച്ചു. യൂത്ത് കമ്മീഷൻ സെക്രട്ടറി ഫാ. ഡിറ്റോ കൂള, കെസിബിസി എസ് സി എസ് ടി ബിസി കമ്മീഷൻ മുൻ സെക്രട്ടറി ഫാ. ഡി. ഷാജി കുമാർ, മലങ്കര കാത്തലിക് അസോസിയേഷൻ പ്രസിഡണ്ട് വി. സി. ജോർജ്ജുകുട്ടി, മേരികുര്യൻ, N .T. ജേക്കബ്, ഷിബു മാത്യു, എന്നിവർ പ്രസംഗിച്ചു.

## ജെബി കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണം: കെസിഎഫ് സംസ്ഥാന സമിതി (March 08)

ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാനസമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. കേരള കത്തോലിക്കാസഭയുടെ അല്മായ പ്രസ്ഥാനങ്ങളായ കെ.എൽ.സി.എ., കത്തോലിക്കാ കോൺഗ്രസ്സ്, എം.സി.എ. എന്നീ സംഘടനകളുടെ പൊതുവേദിയായ കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന ജനറൽ കൗൺസിൽ യോഗമാണ് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടത്.

കുട്ടികളിലും യുവജനങ്ങളിലും വർധിച്ചുവരുന്ന ലഹരിയുടെ ഉപയോഗവും അതുമൂലം ഉണ്ടാകുന്ന മനുഷ്യഹിംസയിലും യോഗം ഉത്കണ്ഠയും ആകുലതയും രേഖപ്പെടുത്തി. കെ.സി.എഫിന്റെ നേതൃത്വത്തിൽ അവബോധന കർമപരിപാടികളും ആവിഷ്കരിക്കുമെന്നും യോഗം തീരുമാനമെടുത്തു. വന്യമൃഗ ആക്രമണത്തിൽ നിന്നും മലയോര ജനതയുടെ ജീവനും സ്വത്തിനും കാർഷിക വിളകൾക്കും സംരക്ഷണം നല്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കെ.സി.എഫ്. സംസ്ഥാന ജനറൽ കൗൺസിൽ യോഗം

www.malankaralibrary.com

അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തികണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. കെ.എം. ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. കെ.സി.എഫ്. വൈദികോപദേഷ്ടാവും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ ഫാ. തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി അഡ്വ ജസ്റ്റിൻ കരിപ്പാട്ട്, ട്രഷറർ വി.പി. മത്തായി, മുൻ പ്രസിഡന്റ് ഷാജി ജോർജ്, കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, കെ.എൽ.സി.എ. പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, എം.സി.എ. മുൻ ജനറൽ സെക്രട്ടറി ധർമ്മരാജ് പിൻകുളം, അനിൽ ജോൺ ഫ്രാൻസിസ്, വി.സി. ജോർജ്കുട്ടി എന്നിവർ പ്രസംഗിച്ചു.

# കെസിഎഫിന് പുതിയ നേതൃത്വം: അനിൽ ജോൺ ഫ്രാൻസിസ് - പ്രസിഡന്റ് വി.സി. ജോർജ്കുട്ടി - സെക്രട്ടറി(March 08)

കേരള കത്തോലിക്കാസഭയുടെ പൊതു അല്മായ പ്രസ്ഥാനമായ കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റായി കൊല്ലം രൂപതാംഗവും കെ.എൽ.സി.എ. സമിതിയംഗവുമായ അനിൽ ജോൺ ഫ്രാൻസിസും ജനറൽ സെക്രട്ടറിയായി മൂവാറ്റുപുഴ രൂപതാംഗവും എം.സി.എ. സഭാതല മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന വി.സി. ജോർജ്കുട്ടിയും ട്രഷററായി തൃശ്ശൂർ അതിരൂപതാംഗവും പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറിയുമായിരുന്ന അഡ്വ. ബിജു കുണ്ടുകുളവും തെരഞ്ഞെടുക്കപ്പെട്ടു.

കേരള കത്തോലിക്കാസഭയുടെ അല്മായ പ്രസ്ഥാനങ്ങളായ കത്തോലിക്കാ കോൺഗ്രസ്സ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ.), മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ). എന്നീ സംഘടനകളുടെ സംയുക്ത വേദിയായ കേരള കാത്തലിക് ഫെഡറേഷൻ കെസിബിസിയുടെ ഔദ്യോഗിക അല്മായ പ്രസ്ഥാനമാണ്.

പിഒസിയിൽ നടന്ന വാർഷിക ജനറൽ കൗൺസിൽ യോഗം അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. കേരള കാത്തലിക് ഫെഡറേഷൻ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി ജെയ്മോൻ തോട്ടുപുറം (എറണാകുളം), ധർമ്മരാജ് പിൻകുളം (പാറശാല), സിന്ധു ജസ്റ്റസ് (കൊച്ചി), സെക്രട്ടറിമാരായി എബി കുന്നേപറമ്പിൽ (വിജയപുരം), ടെസ്സി ബിജു (കാഞ്ഞിരപ്പിള്ളി), ജസ്സി അലക്സ് (തിരുവല്ല) എന്നിവരെ തെരഞ്ഞെടുത്തു.

Back to content page

സഭാ സംബന്ധമായ വാർത്തകൾ, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമുദായിക വിഷയങ്ങളിലെ പ്രതികരണങ്ങൾ തുടങ്ങിയവയ്ക്ക് കെസിബിസി ജാഗ്രത കമ്മീഷന്റെ വെബ്സൈറ്റ് സന്ദർശിക്കുക:
www.kcbcjagratha.org

No. 4096/K-5/KCBC/OL/DS 28.02.2024

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2025-ലെ നോമ്പുകാല സന്ദേശം

## പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്ര ചെയ്യാം

**പ്രിയ സഹോദരീസഹോദരന്മാരേ,**

നമ്മുടെ വാർഷിക തപസ്സുകാലതീർത്ഥാടനം അനുതാപസൂചകമായ ക്ഷാരംപൂശൽ കർമ്മത്തോടെ വിശ്വാസത്തിലും പ്രത്യാശയിലും നാം ആരംഭിക്കുന്നു. പാപത്തിൻറെയും മരണത്തിൻറെയുംമേലുള്ള കർത്താവായ ക്രിസ്തുവിൻറെ പെസഹാവിജയം നാം അത്യധികം സന്തോഷത്തോടെ ആഘോഷിക്കേണ്ട തിനായി നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിൻറെ കൃപയിലേക്ക് തുറന്നു വയ്ക്കാൻ നമ്മെ ക്ഷണിക്കുന്നു. ഈ വിജയത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: മരണത്തെ വിജയം ഗ്രസിച്ചുകളഞ്ഞു. മരണമേ, നിൻറെ വിജയം എവിടെ? മരണമേ, നിൻറെ ദംശനം എവിടെ? (1 കോറി 15:54-55). യഥാർത്ഥത്തിൽ, ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിൻറെ ഹൃദയം; അവിടന്നാണ് പിതാവിൻറെ വലിയ വാഗ്ദാനത്തിലുള്ള നമ്മുടെ പ്രത്യാശയുടെ അച്ചാരം. ഈ വാഗ്ദാനം പ്രിയപുത്രനിൽ നിറവേറിക്കഴിഞ്ഞു; അതായത്, നിത്യജീവൻ (യോഹ 10:28; 17:3 കാണുക) [1].

ജൂബിലി വർഷത്തിൻറെ കൃപയിൽ പങ്കുചേരുന്ന ഈ തപസ്സുകാലത്ത് പ്രത്യാശയിൽ ഒരുമിച്ചു യാത്രചെയ്യുക എന്നതിൻറെ അർത്ഥത്തെക്കുറിച്ചും ദൈവം തൻറെ കാരുണ്യത്താൽ വ്യക്തിയും സമൂഹവും എന്ന നിലയിൽ എല്ലാവർക്കും നൽകുന്ന മാനസാന്തരത്തിലേക്കുള്ള ആഹ്വാനത്തെക്കുറിച്ചും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഒന്നാമതായി, യാത്രചെയ്യുക എന്നതാണ്:** ജൂബിലിയുടെ ആപ്തവാക്യമായ പ്രത്യാശയുടെ തീർത്ഥാടകർ പുറപ്പാടിൻറെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഇസ്രായേൽ ജനത്തിൻറെ വാഗ്ദത്ത ഭൂമിയിലേക്കുള്ള ദീർഘമായ യാത്രയുടെ ഓർമകൾ ഉണർത്തുന്നു. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യ ത്തിലേക്കുള്ള ദുഷ്കരമായ ആ പാത തൻറെ ജനത്തെ സ്നേഹിക്കുകയും എപ്പോഴും അവരോടു വിശ്വസ്തനായിരിക്കുകയും ചെയ്ത കർത്താവ് ഇച്ഛിച്ചതും നയിച്ചതും ആയിരുന്നു. ബൈബിളിലെ പുറപ്പാടിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ കാലത്ത് ദുരിതത്തിൻറെയും അക്രമത്തിൻറെയും സാഹചര്യങ്ങളിൽനിന്നു തങ്ങൾക്കും പ്രിയപ്പെട്ടവർക്കും മെച്ചപ്പെട്ട ജീവിതം തേടി പാലായനം ചെയ്യുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല.

ഇവിടെയാണ് മാനസാന്തരത്തിനായുള്ള ആദ്യക്ഷണം ഉയരുന്നത്. കാരണം, നാമെല്ലാവരും ഈ ജീവിതത്തിൽ തീർത്ഥാടകരാണ്. അതിനാൽ നാം ഓരോരുത്തരും ഒരുനിമിഷം ഈ വസ്തുത നമ്മുടെ ജീവിതങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഞാൻ യഥാർത്ഥത്തിൽ ഒരു യാത്രയിലാണോ, അതോ ഞാൻ മുന്നോട്ടുനീങ്ങാതെ നില ഉറപ്പിച്ചിരിക്കുകയാണോ? ഭയവും നിരാശയുംമൂലം ഞാൻ നിശ്ചലനാണോ? അല്ലെങ്കിൽ, എൻറെ സുരക്ഷിതവലയത്തിൽനിന്ന് പുറത്തുകടക്കാൻ ഞാൻ വിസമ്മതിക്കുന്നോ? പാപത്തിൻറെ അവസരങ്ങളും എൻറെ മാഹാത്മ്യത്തെ ഇടിച്ചുതാഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണോ? നമ്മുടെ ദൈനംദിന ജീവിതം ഒരു കുടിയേറ്റക്കാരൻറെയോ വിദേശി യുടെയോ ജീവിതവുമായി താരതമ്യപ്പെടുത്തി നോക്കുന്നത് ഒരു തപസ്സുകാല അനുഷ്ഠാനമാകാവുന്നതാണ്; അത് അവരുടെ അനുഭവങ്ങളോട് എങ്ങനെ സഹതപിക്കാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും അതുവഴിയായി ദൈവം എന്താണ് നമ്മോട് ആവശ്യപ്പെടുന്നത് എന്നറിയുന്നതും അങ്ങനെ പിതാവിൻറെ ഭവനത്തിലേക്കുള്ള യാത്രയിൽ എങ്ങനെ കൂടുതൽ നന്നായി നമുക്ക് മുന്നേറാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും സഹായകമാകും. വഴിയാത്രക്കാരായ നമുക്ക് ഓരോരുത്തർക്കും ഇതൊരു നല്ല ആത്മപരിശോധന ആയിരിക്കും.

**രണ്ടാമതായി, ഒരുമിച്ചു യാത്രചെയ്യുക:** സിനഡാത്മകമായി ഒരുമിച്ചു യാത്ര ചെയ്യാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത് [2]. ക്രിസ്ത്യാനികൾ ഒരിക്കലും ഒറ്റയ്ക്കു സഞ്ചരിക്കുവാനല്ല അപരൻറെ പാർശ്വം ചേർന്നുനടക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ സ്വത്വത്തിലേക്കു ഉൾവലിയാനല്ല, മറിച്ച് നമ്മുടെ സ്വത്വത്തെ പുറകിൽ നിറുത്തി ദൈവത്തിൻറെയും സഹോദരീസഹോദരന്മാരുടെയും സമീപത്തേക്ക് നടന്നുനീങ്ങാനാണ് പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നത് [3]. ഒരുമിച്ചു യാത്രചെയ്യുക എന്നതിൻറെ അർത്ഥം ദൈവപുത്രരെന്ന നമ്മുടെ പൊതുമഹാത്മ്യത്തിൻറെ അടിസ്ഥാനത്തിൽ (ഗലാ 3:26-28 കാണുക) നമ്മുടെ ഐക്യം ബലപ്പെടുത്തുക എന്നതത്രേ; അതായത, പറ്റംചേർന്ന് നടക്കുക. മറ്റുള്ളവരെ തള്ളിവീഴ്ത്താതെയും ചവിട്ടിമെതിക്കാതെയും അസൂയയും കാപട്യവും കൂടാതെയും ആരെയും പുറകിലാക്കുകയോ ഒഴിവാക്കുകയോ ചെയ്യാതെ

യും പറ്റംചേർന്നനടക്കുക എന്നതാണിതിനർഥം. നമുക്കെല്ലാവർക്കും ഒരേ ലക്ഷ്യത്തോടെ, സ്നേഹത്തിലും ക്ഷമയിലും, പരസ്പരം ശ്രവിക്കുന്നവരായി ഒരേ ദിശയിലേക്കു നടക്കാം.

നമ്മുടെ ജീവിതസാഹചര്യങ്ങളായ കുടുംബങ്ങളിലും, നാം സമയം ചെലവഴിക്കുന്ന നമ്മുടെ പ്രവർത്തന സ്ഥലങ്ങളിലും മറ്റുള്ളവരുമായി ഒരുമിച്ച് നടക്കാനും അവരെ ശ്രവിക്കാനും നാം തയ്യാറാണോ എന്നും, അല്ലെങ്കിൽ നാം നമ്മിലേക്കുതന്നെ ഉൾവലിഞ്ഞു കൊണ്ട് നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്ന രീതിയാണോ നമ്മുടേതെന്നും സ്വയം പരിശോധിച്ചറിയാൻ ദൈവം നമ്മോട് ഈ നോമ്പുകാലത്ത് ആവശ്യപ്പെടുന്നു. മെത്രാന്മാർ, പുരോഹിതർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നീ നിലകളിൽ ദൈവരാജ്യത്തിൻറെ ശുശ്രൂഷയിൽ മറ്റുള്ളവരുമായി സഹകരിക്കാൻ നാം തയ്യാറാണോ എന്നു കർത്തൃ സന്നിധിയിൽ ഇരുന്ന് നമ്മോടുതന്നെ നാം ചോദിക്കണം. കൃത്യമായ പ്രവർത്തനങ്ങളിലൂടെ, വിദൂരസ്ഥരും സമീപസ്ഥരും ആയവരെ സ്വാഗതം ചെയ്യുന്നവിധത്തിൽ നാം പെരുമാറുന്നുണ്ടോ എന്നു ചോദിക്കണം. മറ്റുള്ളവർ നമ്മുടെ സമൂഹത്തിൻറെ ഭാഗമായിരിക്കുന്നു എന്ന് അവർക്ക് അനുഭവപ്പെടുന്നവിധം അവരെ പരിഗണിക്കാൻ നാം തയ്യാറാണോ, അതോ നാം അവരെ അകറ്റി നിറുത്തുന്നുവോ? [4]. അപ്പോൾ ഇത്, മനസാന്തരത്തിനായുള്ള രണ്ടാമത്തെ ക്ഷണം ആണ്; അതായത്, സിനഡാത്മകതയ്ക്കായുള്ള ക്ഷണം.

**മൂന്നാമതായി, നമുക്ക് പ്രത്യാശയിൽ ഒരുമിച്ച് യാത്രചെയ്യാം:** എന്തെന്നാൽ, നമുക്ക് ഒരു വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമാ 5:5) എന്ന ജൂബിലിയുടെ കേന്ദ്ര സന്ദേശം [5] ആയിരിക്കട്ടെ ഉയിർപ്പ് തിരുനാളിൻറെ വിജയത്തിലേക്കു നയിക്കുന്ന നമ്മുടെ തപസ്സുകാല യാത്രയുടെ കേന്ദ്രബിന്ദു. പ്രത്യാശയിൽ രക്ഷ (Spe Salvi) എന്ന ചാക്രികലേഖനത്തിൽ ബെഡിക്ട് പതിനാറാമൻ പാപ്പാ നമ്മെ പഠിപ്പിച്ചതുപോലെ, "മനുഷ്യന് വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം ആവശ്യമാണ്. അവന് ഇപ്രകാരം പറയാൻ സാധിക്കുന്ന ഉറപ്പ് ആവശ്യമുണ്ട്: 'മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല' (റോമാ 8:38-39)" [6]. എൻറെ പ്രത്യാശയായ ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു! [7]. അവൻ ജീവിക്കുകയും മഹത്ത്വത്തിൽ വാണരുളുകയും ചെയ്യുന്നു. മരണത്തെ വിജയത്തിലേക്ക് പരിവർത്തനപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും വലിയ പ്രത്യാശയും ഇതിൽ അധിഷ്ഠിതമാണ്: ക്രിസ്തുവിൻറെ ഉയിർപ്പ്!

**അതിനാൽ ഇതാണ് മാനസാന്തരത്തിലേക്കുള്ള മൂന്നാമത്തെ ക്ഷണം:** പ്രത്യാശയിലേക്കുള്ള ക്ഷണം, ദൈവത്തിലും നിത്യജീവനെക്കുറിച്ചുള്ള അവിടത്തെ വാഗ്ദാനത്തിലും ആശ്രയം അർപ്പിക്കുക എന്നത്. ആകയാൽ, നമുക്ക് സ്വയം ചോദിക്കാം: കർത്താവ് എൻറെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന ബോധ്യം എനിക്കുണ്ടോ? എൻറെ രക്ഷയ്ക്കു ഞാൻ മാത്രം മതി എന്ന ചിന്തയിലാണോ ഞാൻ പെരുമാറുന്നത്? രക്ഷയ്ക്കായി ഞാൻ കാംക്ഷിക്കുകയും അതു പ്രാപിക്കുന്നതിനുവേണ്ടി ദൈവസഹായം അഭ്യർഥിക്കുകയും ചെയ്യുന്നുണ്ടോ? ചരിത്രത്തിലെ സംഭവങ്ങൾ വ്യാഖ്യാനിക്കാനും അങ്ങനെ നീതിക്കും സാഹോദര്യത്തിനും വേണ്ടി പ്രതിജ്ഞാബദ്ധമാവുന്നതിനും നമ്മുടെ പൊതുഭവനമായ ഭൂമിയെകുറിച്ചു കരുതൽ ഉണ്ടാകുന്നതിനും അങ്ങനെ ആർക്കും താൻ ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കാനുമുള്ള തരത്തിൽ ഞാൻ വ്യക്തമായി ആ പ്രത്യാശ അനുഭവിക്കുന്നുണ്ടോ?

പ്രിയ സഹോദരീസഹോദരന്മാരേ, യേശുക്രിസ്തുവഴി നമുക്ക് ലഭിച്ച ദൈവസ്നേഹത്താൽ, നമ്മെ നിരാശപ്പെടുത്താത്ത പ്രത്യാശയാൽ (റോമാ 5:5 കാണുക), നാം നിലനിറുത്തപ്പെടുന്നു. ആത്മാവിൻറെ ഉറച്ചതും ദൃഢവുമായ നങ്കൂരമാണ് [8] പ്രത്യാശ. എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി (1 തിമോ 2:4) പ്രാർഥിക്കാനും തൻറെ വരനായ ക്രിസ്തുവുമായി സ്വർഗീയ മഹിമയിൽ സംയോജിക്കപ്പെടുന്നതിലേക്കു ഉറ്റുനോക്കാനും അത് സഭയെ പ്രേരിപ്പിക്കുന്നു. ആവിലായിലെ വിശുദ്ധ ത്രേസ്യയുടെ പ്രാർഥന ഇതായിരുന്നു: പ്രത്യാശിക്കുക, എൻറെ ആത്മാവേ, പ്രത്യാശിക്കുക. നിനക്ക് ആ ദിവസമോ മണിക്കൂറോ അറിയില്ല. ശ്രദ്ധാപൂർവ്വം വ്യാപരിക്കുക; എന്തെന്നാൽ, നിങ്ങളുടെ ക്ഷമയില്ലായ്മ ഉറപ്പുള്ളതിനെ സംശയിക്കുകയും വളരെ കുറഞ്ഞ സമയത്തെ ദീർഘമായി കരുതുകയും ചെയ്യുമ്പോൾ, എല്ലാം പെട്ടെന്നു കടന്നുപോകും (ആത്മാവിൻറെ ദൈവത്തോടുള്ള പ്രഘോഷണങ്ങൾ [The Exclamations of the Soul to God], 15:3) [9]

പ്രത്യാശയുടെ മാതാവായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർഥിക്കുകയും നമ്മുടെ തപസ്സുകാലയാത്രയിൽ നമ്മെ അനുഗമനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയുടെയും സഹചരന്മാരുടെയും സ്മരണാദിനമായ ഫെബ്രുവരി 6, 2025-ൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നൽകപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

[1] Cf. Encyclical Letter Dilexit Nos (24 October 2024), 220 .

[2] Cf. Homily for the Mass and Canonization of Giovanni Battista Scalabrini and Artemide Zatti, 9 October 2022.

[3] Ibid.

[4] Ibid.

[5] Cf. Bull Spes Non Confundit , 1.

[6] Encyclical Letter Spe Salvi (30 November 2007), 26.

[7] Cf. Easter Sequence.

[8] Cf. Catechism of the Catholic Church , 1820.

[9] Ibid, 1821.

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

No. 4089/K-5/KCBC/OL/DS 14.02.2024

**മദ്യ-ലഹരിവിരുദ്ധ ഞായർ - 2025 മാർച്ച് 23**

## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിൻറെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

**വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,**

കേരള കത്തോലിക്കാ സഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മാരകമായ രാസ ലഹരിയുടെയും മദ്യത്തിൻറെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിൻറെയും രാസലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാ താകുന്നു. സ്വന്തം ഭവനത്തിൽ പോലും സ്വന്തപ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹ്യ തിന്മയായി മദ്യ-രാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരി ക്കുന്നു.

തുടർഭരണം നേടി വരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യ വില്പനയും മദ്യ നിർമ്മാണവും. ബാറിൻറെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചുകൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നുകൊണ്ടിരിക്കുന്നു. സർക്കാരിൻറെ തന്നെ പദ്ധതിയായ "അമൃതം ആരോഗ്യം" എന്നതിലൂടെ പത്തു ലക്ഷത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൻറെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നതിൻറെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിൻറെ എല്ലാ മുക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ 'കുട്ടിഗുണ്ടാസംഘങ്ങൾ' ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസുകളിൽ മദ്യ-രാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും

നിരീക്ഷണം ശക്തമാക്കണം. കേരളത്തിലേക്ക് തൊഴിൽ തേടി പുറത്തു നിന്നവരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിൻറെ സാമ്പത്തിക സ്ഥിരതയെയും അതിൻറെ ബഹുവിധ സംവിധാന ങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായപ്രാർത്ഥനകളും, ബോധവൽക്കരണവും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

"ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു" (YOUCAT- 389). രാസ ലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിൻറെ വ്യാപാരികളാണ്. ചുരുക്കത്തിൽ, മയക്കുമരുന്നിൻറെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽ നിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഓരോ ക്രൈസ്തവൻറെയും ധർമ്മമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്തുവാനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ അല്മായ പ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ-രാസ ലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരി ക്കുകയും വേണം. മദ്യത്തിൻറെ ലഭ്യത കുറയ്ക്കുക, മദ്യ-രാസ ലഹരിക്ക് അടിമപ്പെട്ടുന്നവരെ ചികിത്സിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാന പരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കുവാനും, ഈ സാമൂഹ്യവിപത്തിനെതിരെ യുള്ള പോരാട്ടങ്ങൾ ശക്തമാക്കുവാനും ഈ മദ്യ-ലഹരിവിരുദ്ധ ഞായർ ആചരണം സഹായക മാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സിമിതി)

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ)

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ)

No. 4089/K-5/KCBC/OL/DS 04.02.2025

## 33-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം (ഫെബ്രുവരി 11, 2025)

**"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5),**

**മറിച്ച് പരീക്ഷണകാലത്ത് അത് നമ്മെ ബലപ്പെടുത്തുന്നു.**

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഈ ജൂബിലി വർഷം 2025-ൽ നാം 33-ാമത് ലോക രോഗീദിനം ആചരിക്കുന്നു. ജൂബിലി വർഷത്തിൽ "പ്രത്യാശയുടെ തീർത്ഥാടകർ" ആകാൻ സഭ നമ്മെ ക്ഷണിക്കുന്ന വേളയിലാണ് ഈ ദിനം നാം ആചരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ദൈവവചനം നമ്മെ അനുഗമനം ചെയ്യുകയും വിശുദ്ധ പൗലോസിൻറെ വാക്കുകളിൽ നമുക്ക പ്രോത്സാഹജനകമായ ഒരു സന്ദേശം നൽകുകയും ചെയ്യുന്നു: "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല"

(റോമാ 5:5); യഥാർത്ഥത്തിൽ, അത് പരീക്ഷണ കാലത്ത് നമ്മെ ബലപ്പെടുത്തുന്നു.

ഈ വാക്കുകൾ ആശ്വാസദായകമാണ്; അതേ സമയം അവ പരിഭ്രമജനകവും ആകാം, ഏറെ പ്രത്യേകിച്ച്, സഹനത്തിൽ ആയിരിക്കുന്നവർക്ക്. ഉദാഹരണത്തിന്, ശരീരത്തെ ദുർബലപ്പെടുത്തുന്ന രോഗങ്ങൾക്ക് വിധേയമായിരിക്കുമ്പോൾ നമുക്ക് എങ്ങനെയാണ് ബലമുള്ളവർ ആയിരിക്കാൻ സാധിക്കുന്നത്? വിശേഷിച്ച്, അതിൻറെ ചികിത്സയ്ക്കായുള്ള ചിലവ് ഭാരിച്ചതായിരിക്കുമ്പോൾ! മാത്രമല്ല, നമ്മുടെ സഹനത്തോടൊപ്പം തന്നെ, നമ്മെ പിന്താങ്ങുന്നവർക്കും സ്നേഹിക്കുന്നവർക്കും നമ്മെ സഹായിക്കാൻ കഴിയാതെ വരുന്നതു കാണുമ്പോൾ നമുക്ക് എങ്ങനെ ശക്തരായിരിക്കാൻ സാധിക്കും? ഇതുപോലുള്ള സാഹചര്യങ്ങളിൽ, നമുക്കുള്ളതിലും അധികമായി ശക്തി നമുക്ക് ആവശ്യമായി വരുന്നു. നമുക്ക് ദൈവത്തിൻറെ സഹായം ആവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു; അവിടത്തെ ആത്മാവിൻറെ ദാനമായ കൃപയും പരിപാലനയും ബലവും നമുക്ക് ആവശ്യമാണ് (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, 1808 കാണുക).

സഹനത്തിൽ ആയിരിക്കുന്നവർക്ക് ദൈവം എപ്രകാരം സമീപസ്ഥൻ ആണെന്നു നമുക്ക് ഒരു വിചിന്തനം ചെയ്യാം, അതും മൂന്നു വിധത്തിൽ: കണ്ടുമുട്ടലിൽ, വരദാനമായി, പങ്കുവയ്ക്കലിൽ.

1. കണ്ടുമുട്ടൽ: യേശു തൻറെ 72 ശിഷ്യരെ ദൗത്യവുമായി പറഞ്ഞയച്ചപ്പോൾ (ലൂക്കാ 10:1-9 കാണുക), രോഗികളോടു "ദൈവരാജ്യം നിങ്ങളുടെ അടുക്കലേക്ക് എത്തിയിരിക്കുന്നു" (10:9) എന്നു പറയാൻ ആവശ്യപ്പെട്ടു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, തങ്ങളുടെ രോഗം, വേദനാപൂരിതവും അഗ്രാഹ്യവുമാണെങ്കിൽ പ്പോലും കർത്താവിനെ കണ്ടുമുട്ടാനുള്ള ഒരവസരം ആണെന്നു കാണാൻ രോഗികളെ സഹായിക്കാൻ അവിടന്ന് അവരോടു നിർദേശിക്കുകയായിരുന്നു. രോഗങ്ങളുടെ നേരത്ത് നാം ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളിൽ നമ്മുടെ മാനുഷിക ബലഹീനത തിരിച്ചറിയുന്നു. അതേസമയംതന്നെ, ദൈവത്തിൻറെ സാമീപ്യവും അനുകമ്പയും നാം അനുഭവിക്കുകയും ചെയ്യുന്നു; എന്തെന്നാൽ, യേശുവിലൂടെ ദൈവം നമ്മുടെ മാനുഷിക സഹനത്തിൽ പങ്കുചേരുകയുണ്ടായി. ദൈവം നമ്മെ ഉപേക്ഷിക്കാറില്ല; പലപ്പോഴും ഒരിക്കലും പ്രതീക്ഷിക്കാത്തതും സ്വന്തമായി നാം കണ്ടെത്താൻ സാധ്യതയില്ലാതിരുന്നതുമായ ശക്തി നമുക്കു പകർന്നുതന്നുകൊണ്ട് ദൈവം നമ്മെ ആശ്ചര്യപ്പെടുത്താറുണ്ട്.

അതിനാൽ, രോഗം രൂപാന്തരപ്പെടുത്തുന്ന കണ്ടുമുട്ടലിൻറെ അവസരമായി ഭവിക്കുന്നു; അതായത്, ജീവിതത്തിൻറെ കൊടുങ്കാറ്റുകളുടെ മധ്യേ നമുക്ക് അഭയംപ്രാപിക്കാവുന്ന ബലമുള്ള ശില; വലിയ വില കൊടുത്താണെങ്കിലും നമ്മെ കൂടുതൽ ശക്തരാക്കുന്ന ഒരനുഭവം; കാരണം, നാം ഒറ്റയ്ക്കല്ല എന്ന് അത് നമ്മെ പഠിപ്പിക്കുന്നു. സഹനം എപ്പോഴും ദുർഗ്രാഹ്യമാംവിധം രക്ഷയുടെ ഒരു വാഗ്ദാനം അതിൽതന്നെ പകർന്നുതരുന്നു; എന്തെന്നാൽ, ദൈവത്തിൻറെ സാമീപ്യവും അവിടത്തെ ആശ്വാസദായകമായ സാന്നിധ്യവും അത് നമുക്ക് അനുഭവവേദ്യമാക്കുന്നു. അങ്ങനെ, "സുവിശേഷത്തിൻറെ പൂർണത, അതിൻറെ വാഗ്ദാനത്തിനും ജീവനുമോടൊപ്പം" മനസ്സിലാക്കാൻ നമുക്ക് കഴിയുന്നു (വിശുദ്ധ ജോൺ പോൾ രണ്ടാമൻ, യുവജന ങ്ങളോടുള്ള പ്രഭാഷണം, New Orleans, 12 September 1987).

2. സഹനത്തിൽ ആയിരിക്കുന്നവർക്ക് ദൈവം എങ്ങനെയാണ് സമീപസ്ഥനായിരിക്കുന്നത് എന്ന രണ്ടാമത്തെ ചിന്തയിലേക്ക് ഇത് നമ്മെ നയിക്കുന്നു: വരദാനമായി. മറ്റെന്തിനേക്കാളുമുപരിയായി, കർത്താവിൽ നിന്നാണ് പ്രത്യാശ വരുന്നതെന്ന് സഹനം നമ്മെ ബോധ്യപ്പെടുത്തുന്നു. അതിനാൽ, പ്രഥമവും പ്രധാനവുമായി സഹനം സ്വീകരിക്കപ്പെടേണ്ടതും ഉൾക്കൊള്ളേണ്ടതുമായ ഒരു വരദാനമാണ്; മഡ്ലേൻ ഡെൽബ്രേൽ സൂചിപ്പിക്കുന്നതനുസരിച്ച്, അപ്രകാരം ചെയ്യുന്നത്, "ദൈവത്തിൻറെ വിശ്വസ്തതയോടു വിശ്വസ്തമായിരിക്കുന്നതുവഴിയാണ്" (cf. La speranza è una luce nella notte, [രാത്രിയിലെ ഒരു വിളക്കാണ് പ്രത്യാശ] Vatican City 2024, Preface).

യഥാർത്ഥത്തിൽ, ക്രിസ്തുവിൻറെ ഉയർപ്പിൽ മാത്രമാണ് നമ്മുടെതന്നെ ജീവിതവും ഭാഗധേയവും നിത്യതയുടെ അനന്തചക്രവാളത്തിൽ അതിൻറെ സ്ഥാനം കണ്ടെത്തുന്നത്. "മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല" (റോമാ 8:38-39) എന്ന ഉറപ്പ് നമുക്ക് ലഭ്യമാകുന്നത് യേശുവിൻറെ പെസഹാരഹസ്യത്തിൽ മാത്രമാണ്. ഈ "വലിയ പ്രത്യാശ" ആണ് ജീവിതത്തിൻറെ പരീക്ഷണങ്ങളിലും പ്രതിസന്ധികളിലും വഴി കണ്ടെത്തി മുന്നോട്ടുപോകാൻ നമ്മെ സഹായിക്കുന്ന എല്ലാ ചെറിയ മങ്ങിയ വെളിച്ചങ്ങളുടെയും ഉറവിടമായിരിക്കുന്നത് (ബെനഡിക്ട് XVI, പ്രത്യാശയിൽ രക്ഷ, 27, 31 കാണുക). എമ്മാവൂസിലേക്കുള്ള വഴിയിൽ ശിഷ്യരോടൊപ്പം എന്നപോലെ, ഉത്ഥിതനായ കർത്താവ് നമ്മുടെ ചാരെ സഹയാത്രികനായി നമ്മെ അനുഗമനം ചെയ്യുന്നു (ലൂക്കാ 24:13-53 കാണുക). അവരെപ്പോലെ നമുക്കും നമ്മുടെ ഉത്കണ്ഠകളും താല്പര്യങ്ങളും ആശാഭംഗങ്ങളും അവനോടു പങ്കുവയ്ക്കുകയും നമ്മെ പ്രകാശിപ്പിക്കുകയും നമ്മുടെ

ഹൃദയത്തെ ഉന്മേഷഭരിതമാക്കുകയും ചെയ്യുന്ന അവൻറെ വചനം ശ്രവിക്കുകയും ചെയ്യാം. അവരെപ്പോലെതന്നെ അപ്പം മുറിക്കലിൽ അവൻറെ സാന്നിധ്യം നമുക്ക് തിരിച്ചറിയാം; അങ്ങനെ ഇപ്പോഴും നമ്മുടെ സമീപത്തേക്കു വരുകയും നമ്മുടെ ധൈര്യവും ആത്മവിശ്വാസവും വീണ്ടെടുത്തുനൽകുകയും ചെയ്യുന്ന ആ "വലിയ യാഥാർഥ്യം" നമുക്കു തിരിച്ചറിയുകയും ചെയ്യാം.

3. ദൈവം നമുക്ക് സമീപസ്ഥം ആയിരിക്കുന്ന മൂന്നാമത്തെ വഴിയിലേക്ക് നമുക്ക് തിരിയാം: പങ്കുവയ്ക്കൽ വഴിയായി. സഹനത്തിൻറെ വേദികൾ പലപ്പോഴും പങ്കുവയ്ക്കലിൻറെയും പരസ്പരം സമ്പന്നമാക്കുന്ന തിൻറെയും വേദികളാണ്. രോഗികളുടെ കിടക്കകൾക്കരികിൽ എത്രയോ പ്രാവശ്യമാണ് നാം പ്രത്യാശിക്കാൻ പഠിച്ചിട്ടുള്ളത്? സഹനത്തിൽ ആയിരിക്കുന്നവരുടെ സമീപത്തായിരുന്നുകൊണ്ട് എത്രയോ പ്രാവശ്യമാണ് നാം വിശ്വസിക്കാൻ പഠിച്ചിട്ടുള്ളത്? എത്രയോ പ്രാവശ്യമാണ് ആവശ്യങ്ങളിൽ ഇരിക്കുന്നവരെ ശുശ്രൂഷിച്ചുകൊണ്ട് നാം സ്നേഹം കണ്ടെത്തിയിട്ടുള്ളത്? നാം പ്രത്യാശയുടെ "മാലാഖമാരും" പരസ്പരം ദൈവത്തിൻറെ സന്ദേശവാഹകരും ആണെന്നു നമുക്ക് ബോധ്യപ്പെടുന്നു; നമ്മളെല്ലാവരും ഒരുമിച്ചാണ് അപ്രകാരം ആയിരിക്കുന്നത്: രോഗികളോ വൈദ്യന്മാരോ നേഴ്സമാരോ കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ വൈദികരോ സന്യാസീസന്യാസിനികളോ ഒക്കെയായി; നാം എവിടെയായാലും - കുടുംബത്തിലോ, ആശുപത്രികളിലോ ആതുരാലയങ്ങളിലോ വൈദ്യശാലകളിലോ ചികിത്സാകേന്ദ്രങ്ങളിലോ ഒക്കെയായാലും, അപ്രകാരമാകാം.

കൃപനിറഞ്ഞ പ്രസ്തുത കണ്ടുമുട്ടലുകളുടെ സൗന്ദര്യവും പ്രാധാന്യവും എങ്ങനെ വിലമതിക്കാൻ ആകുമെന്നു നാം പഠിക്കേണ്ടിയിരിക്കുന്നു. ഒരു നേഴ്സിൻറെ ആർദ്രമായ പുഞ്ചിരിയും, ഒരു രോഗിയുടെ കൃതജ്ഞതയും പ്രതീക്ഷയും, ഒരു ഭിഷഗ്വരൻറെയോ സന്നദ്ധസേവകൻറെയോ ശ്രദ്ധയാർന്ന മുഖവും, ഒരു ദമ്പതിയുടെയോ ഒരു കുട്ടിയുടെയോ പേരക്കുട്ടിയുടെയോ പ്രിയപ്പെട്ട സ്നേഹിതൻറെയോ ഉത്ക്കണ്ഠാജനകവും അതേസമയം പ്രത്യാശാജനകവുമായ നോട്ടവും ഒക്കെ വിലപ്പെട്ടതായി കരുതാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ഇവയെല്ലാംതന്നെ സൂക്ഷിക്കപ്പെടേണ്ട പ്രകാശകിരണങ്ങളാണ്; വിപത്തിൻറെ ഇരുണ്ട രാത്രിയിൽപ്പോലും അവർ നമുക്ക് ശക്തി പകരുന്നു; അതോടൊപ്പം തന്നെ ജീവിതത്തിൻറെയും സ്നേഹത്തിൻറെയും സാമിപ്യത്തിൻറെയും ആഴമാർന്ന അർഥം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു (ലൂക്കാ 10:25-37 കാണുക). രോഗികളായവരോ സഹനത്തിലായിരിക്കുന്നവരെ പരിചരിക്കുന്നവരോ ആയ സഹോദരീസഹോദരന്മാർ ഈ ജൂബിലി വർഷത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രവൃത്തി നിർവഹിക്കുന്നവരാണ്. പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഒരുമിച്ചുള്ള യാത്ര എല്ലാവർക്കും ഒരു അടയാളമാണ്: "മനുഷ്യമഹാത്മ്യത്തിന് ഒരു ഗീതം, പ്രത്യാശയുടെ ഒരു പാട്ട്" (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല, 11). അതിൻറെ രാഗങ്ങൾ ആരോഗ്യപരിപാലന കേന്ദ്രങ്ങളുടെ മുറികളുടെയും കിടക്കകളുടെയും അപ്പുറത്ത് പോകുന്നതാണ്; അവ ഉപവിയിൽ "ഒരു സമൂഹത്തിൻറെ മുഴുവൻ സംഘഗാനപരമായ പങ്കാളിത്തം" (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല, 11) പുറത്തെടുക്കാൻ സഹായകമാകും; അപ്രകാരമുള്ള ഒരു സ്വരച്ചേർച്ചയിൽ എത്തിച്ചേരുന്നത് പലപ്പോഴും ബുദ്ധിമുട്ടുള്ള കാര്യമാണ്; ഇക്കാരണത്താൽതന്നെ അത് ഏറെ ആശ്വാസദായകവും ശക്തവും ആണ്; ഏറ്റവും ആവശ്യമുള്ളിടത്തെല്ലാം പ്രകാശവും ഊഷ്മളതയും പകരാൻ അതിനു കഴിയും.

ഇക്കാര്യത്തിൽ, സഭ മുഴുവൻ നിങ്ങൾക്കു നന്ദി പറയുന്നു. ഞാൻതന്നെയും അപ്രകാരം ചെയ്യുകയും എൻറെ പ്രാർഥനയിൽ നിങ്ങളെ എപ്പോഴും ഓർക്കുകയും ചെയ്യുന്നു. രോഗികളുടെ ആരോഗ്യമായ കന്യകമറിയത്തിനു നിങ്ങളെ ഞാൻ ഭരമേൽപ്പിക്കുന്നു. നമ്മുടെ വളരെയേറെ സഹോദരീസഹോദരന്മാർ തങ്ങളുടെ ആവശ്യനേരത്ത് അവളോടു നടത്തിയ പ്രാർഥനാവരികൾ ഞാൻ ഉപയോഗപ്പെടുത്തുന്നു:

പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ സംരക്ഷണത്തിനായി ഞങ്ങൾ ഓടിയണയുന്നു.

ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ.

മഹത്വപൂർണയും അനുഗ്രഹീതയുമായ കന്യകേ,

എല്ലാ ആപത്തുകളിൽനിന്നും ഞങ്ങളെ എപ്പോഴും കാത്തുകൊള്ളണമേ.

നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും ഞാൻ ആശീർവദിക്കുന്നു. ദയവായി എനിക്കുവേണ്ടികൂടെ പ്രാർഥിക്കാൻ വിസ്മരിക്കരുതേ.

റോമിലെ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്ന് 2025 ജനുവരി 14-ാം തീയതി നൽകിയത്.

ഫ്രാൻസിസ് പാപ്പാ

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

www.malankaralibrary.com

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി 26-ാം സംസ്ഥാന സമ്മേളനത്തിൻറെ ഭാഗമായി നൽകുന്ന പ്രത്യേക സർക്കുലർ:

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം, ലൂർദ് ഫൊറോന പള്ളി ആഡിറ്റോറിയത്തിൽവച്ച് മദ്യ-ലഹരി വിരുദ്ധ സമ്മേളനവും യുവജന സെമിനാറും സംയുക്തമായി നടത്തുകയാണ്. കേരളത്തിൽ യുവതി യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ സമാനതകളില്ലാതെ വർദ്ധിച്ചുവരുന്ന രാസലഹരിയുടെ ഉപയോഗത്തിൻറെ പശ്ചാത്തലത്തിൽ നമ്മുടെ സഭയെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ വിപത്തിനെപ്പറ്റിയുള്ള ബോധവൽക്കരണമാണ് ഈ സമ്മേളനത്തിൻറെ പ്രധാന ലക്ഷ്യം.

മയക്കുമരുന്നിൻറെ വൻ വിപണിയായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്ത് ലഹരി കേസുകൾ കുതിച്ചുയരുകയാണ്. നമ്മുടെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ബസ്റ്റാൻഡുകൾ, സ്കൂൾ പരിസരങ്ങൾ തുടങ്ങി ഗ്രാമാന്തരങ്ങൾവരെ ഇന്ന് ലഹരിയുടെ തുരുത്തായി തീർന്നിരിക്കുന്ന ഭയാനക കാഴ്ചയാണ് നാം കാണുന്നത്. കുടുംബങ്ങളുടെ അകത്തളങ്ങളും സുരക്ഷിതമല്ല. യുവതലമുറയെ ദോഷകരമായി ബാധിക്കുന്ന മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ സമൂഹ മനസ്സാക്ഷി ഉയരണം. ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി സർക്കാർ കോടികൾ ചെലവഴിച്ചിട്ടും വിമുക്തി പ്രാപിക്കാതെ കേരളം തേങ്ങുകയാണ്. ലഹരിക്കടിമപ്പെട്ട് കൊടും ക്രിമിനലുകൾ ആകുന്നവരുടെയും, ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം ഓരോ ദിവസവും വർദ്ധിച്ചു വരുന്നു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സംവിധാനങ്ങളും ഇതിനെതിരെ കർമ്മ പദ്ധതികൾ ആവിഷ്കരിക്കണം. സർക്കാർ സാമ്പത്തിക സ്രോതസ്സായി കരുതി കൂടുതൽ മദ്യശാലകൾ തുറന്നും,  ബിവറേജ് ഔട്ട്ലെറ്റുകളുടെ എണ്ണം വർധിപ്പിച്ചും ഐ.ടി പാർക്കുകളിൽ പബുകൾ സ്ഥാപിച്ചും പുതിയ മദ്യോത്പാദന കേന്ദ്രങ്ങൾക്ക് അനുമതി നൽകിയും മുന്നേറുമ്പോൾ, സമൂഹം ഒറ്റക്കെട്ടായി ഈ സാമൂഹ്യവിപത്തിനെതിരെ പോരാടണം.

ഈ പശ്ചാത്തലത്തിൽ 2025 ഫെബ്രുവരി 26-ന് (ബുധനാഴ്ച) കോട്ടയം, ലൂർദ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്ന മദ്യവിരുദ്ധ സമ്മേളനത്തിൻറെ പ്രസക്തി വളരെ വലുതാണ്. കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള മദ്യവിരുദ്ധ പ്രവർത്തകരും  യുവതി യുവാക്കളും ഈ സമ്മേളനത്തിൽ പങ്കുചേരണം. കോട്ടയം പട്ടണത്തോടടുത്തുള്ള അതിരൂപത-രൂപതകളിൽ നിന്നും സാധിക്കുന്ന എല്ലാവരും പ്രസ്തുത സെമിനാറിലും സമ്മേളനത്തിലും വന്നു സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 26-ാം തീയതി രാവിലെ 9-ന് ആരംഭിക്കുന്ന സമ്മേളനം വൈകുന്നേരം 4-ന് സമാപിക്കുന്നതാണ്. ശ്രീ. മേജർ രവി, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീഷൻ, വന്ദ്യ പിതാക്കന്മാർ, സാമൂഹ്യ-രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ സമ്മേളനത്തിൻറെ മുഖ്യ അതിഥികൾ ആയിരിക്കും. സഭയും സമൂഹവും അഭിമുഖീകരിക്കുന്ന ഈ വിഷയത്തിൻറെ പ്രാധാന്യം കണക്കിലെടുത്ത് ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പരമാവധി ആളുകളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു.



റവ. ഫാ. ഡിറ്റോ കൂള കെസിബിസി യൂത്ത് കമ്മീഷൻ സെക്രട്ടറിയായും കെസിവൈഎം ഡയറക്ടറായും ചുമതലയേറ്റു. റവ. ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയുടെ നിയമന കാലാവധി പൂർത്തിയായ പശ്ചാത്തലത്തിൽ ഡിസംബറിൽ നടന്ന കെസിബിസി സമ്മേളനത്തിലാണ് ഫാ. ഡിറ്റോ കൂള തൽസ്ഥാനത്തേയ്ക്ക് നിയമിക്കപ്പെട്ടത്. തൃശ്ശൂർ അതിരൂപതാംഗമായ ഫാ. ഡിറ്റോ, അതിരൂപത കെസിവൈഎം ഡയറക്ടറായിരുന്നിട്ടുണ്ട്.



Back to content page

www.malankaralibrary.com



## ഫ്രാൻസിസ് പാപ്പയുടെ ആരോഗ്യ നിലയിൽ പുരോഗതി മാർച്ച് 12

ശ്വാസകോശ രോഗബാധയെ തുടർന്ന് ഒരു മാസത്തോളമായി റോമിലെ ജെമെല്ലി ആശുപത്രിയിൽ തുടരുന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് വത്തിക്കാൻ അറിയിച്ചു. രക്തപരിശോധനകളും ചികിത്സാവസ്തുതകളും മരുന്നുകളോടുള്ള നല്ല പ്രതികരണവും ആശ്വാസപ്രദമെന്ന് വത്തിക്കാൻ പ്രസ്സ് ഓഫീസ് വെളിപ്പെടുത്തി.

പാപ്പയുടെ രോഗാവസ്ഥയുടെ സങ്കീർണ്ണതകളും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടപ്പോൾ ഉണ്ടായിരുന്ന രോഗാവസ്ഥയും പരിഗണിച്ച് പാപ്പ കുറച്ചു ദിവസങ്ങൾ കൂടി ആശുപത്രിയിൽതന്നെ ചികിത്സ തുടരേണ്ടതുണ്ടെന്ന് പ്രസ്സ് ഓഫീസ് വ്യക്തമാക്കി. റോമൻ കൂരിയായിലെ അംഗങ്ങൾക്കായി വത്തിക്കാനിൽ പോൾ ആറാമൻ ശാലയിൽ നടത്തിവരുന്ന നോമ്പുകാല ധ്യാനത്തിൽ പാപ്പ ഓൺ-ലൈൻ സംവിധാന സഹായത്തോടെ പങ്കുചേർന്നു. പാപ്പ ദിവ്യകാരുണ്യം സ്വീകരിക്കുകയും ചാപ്പലിൽ അല്പസമയം പ്രാർഥനയിൽ ചിലവഴിക്കുകയും ചെയ്തു എന്നും വത്തിക്കാൻ അറിയിച്ചു..

## നൈജീരിയയിൽ റെക്ടറിയിൽനിന്നും തട്ടിക്കൊണ്ടു പോകപ്പെട്ട രണ്ടു വൈദികരെ രക്ഷപെടുത്തി മാർച്ച് 10

നൈജീരിയയിലെ യോല കത്തോലിക്കാ രൂപതയിൽനിന്ന് തട്ടിക്കൊണ്ടു പോകപ്പെട്ട ഫാ. മാത്യു ഡേവിഡ് ഡട്സെമി, ഫാ. എബ്രഹാം സൗമ്മം എന്നിവരെ രക്ഷപെടുത്തിയതായി നൈജീരിയൻ രൂപത ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഫെബ്രുവരി 22 നായിരുന്നു ഇരുവരെയും തട്ടിക്കൊണ്ടുപോയത്.

നൈജീരിയയിലെ അഡമാവാ സ്റ്റേറ്റിലെ ഡെംസ ലോക്കൽ ഗവൺമെന്റ് ഏരിയയിൽ സ്ഥിതിചെയ്യുന്ന ഡ്വേദ-മല്ലത്തിലെ വൈദിക റെക്ടറിയിൽ നിന്നാണ് രണ്ടു വൈദികരെയും അക്രമികൾ തട്ടിക്കൊണ്ടു പോയത്. ആയുധധാരികൾ ഇടവകയുടെ റെക്ടറിയിലെത്തി ഇവരെ തട്ടിക്കൊണ്ടു പോകുകയായിരുന്നു.

## സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ജപമാല അർപ്പണത്തിനിടെ മാർപാപ്പയുടെ ശബ്ദസന്ദേശം; കരഘോഷത്തോടെ സ്വീകരിച്ച് വിശ്വാസികൾ മാർച്ച് 7

മാർച്ച് ആറിന് രാത്രി സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടന്ന ജപമാല പ്രാർഥനാശുശ്രൂഷയിൽ പങ്കെടുത്തവരോട് ഫ്രാൻസിസ് മാർപാപ്പ മുൻകൂട്ടി രേഖപ്പെടുത്തിയ സന്ദേശത്തിൽ നന്ദിപറഞ്ഞു. "എന്റെ ആരോഗ്യത്തിനായുള്ള നിങ്ങളുടെ പ്രാർഥനകൾക്ക് ഞാൻ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് നന്ദി പറയുന്നു. ഇവിടെനിന്ന് ഞാൻ നിങ്ങളെ അനുഗമിക്കട്ടെ" – ഇപ്രകാരമായിരുന്നു പരിശുദ്ധ പിതാവ് സ്പാനിഷ് ഭാഷയിൽ നൽകിയ സന്ദേശം.

## മകനെ നഷ്ടപ്പെട്ട അമ്മയെ ആശ്വസിപ്പിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ എഴുതിയ കത്ത് പുറത്തുവിട്ട് വത്തിക്കാൻ ഫെബ്രുവരി 28

മകനെ നഷ്ടപ്പെട്ട ദുഃഖത്തിലായിരുന്ന സിൻസിയ എന്ന അമ്മയെ ആശ്വസിപ്പിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ എഴുതിയ കത്ത് വത്തിക്കാൻ പുറത്തുവിട്ടു. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിനുമുൻപ് മാർപാപ്പ എഴുതിയ ഈ കത്ത് ഫെബ്രുവരി 27 നാണ് പുറത്തുവിട്ടത്.

"നമ്മോടൊപ്പം കരയുന്ന യേശു നാം അന്വേഷിക്കുന്ന എല്ലാ ഉത്തരങ്ങളും നമ്മുടെ ഹൃദയത്തിൽ വിതയ്ക്കും" – മാർപാപ്പ തന്റെ കത്തിൽ കുറിച്ചു. 2019 ഒക്ടോബറിലെ ഒരു രാത്രിയിൽ വീട്ടിൽ നിന്നും പുറത്തുപോയ സിൻസിയയുടെ മകൻ ഫാബ്രിസിയോ പിന്നീട് തിരികെയെത്തിയില്ല. മകൻ നഷ്ടപ്പെട്ടതിൽ ദുഃഖിതയായ സിൻസിയയോടുള്ള ആത്മീയ അടുപ്പം പ്രകടിപ്പിച്ചുകൊണ്ടാണ് മാർപാപ്പ കത്ത് എഴുതിയത്.

## ചെറിയ കാര്യങ്ങളിലും ദൈവസാന്നിധ്യത്തിന്റെ ഗന്ധം തിരിച്ചറിയാൻ വിശ്വാസികളെ ക്ഷണിച്ച് ഫ്രാൻസിസ് മാർപാപ്പ ഫെബ്രുവരി 27

ഏറ്റവും ചെറിയ കാര്യങ്ങളിലും ദൈവസാന്നിധ്യത്തിന്റെ ഗന്ധം തിരിച്ചറിയാൻ വിശ്വാസികളെ ക്ഷണിച്ചുകൊണ്ടുള്ള ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനഗ്രന്ഥം പരിശുദ്ധ സിംഹാസനത്തിന്റെ പ്രസ്സ് ഓഫീസ് പുറത്തിറക്കി. യേശുവിന്റെ സമർപ്പണത്തെക്കുറിച്ചുള്ള സുവിശേഷഭാഗത്തെ ആസ്പദമാക്കിയുള്ള വ്യാഖ്യാനത്തോടെയാണ് മാർപാപ്പ ഇപ്രകാരം ഓർമ്മപ്പെടുത്തിയത്.

"ബലഹീനമായ തന്റെ കൈകളിൽ വിശ്രമിക്കുന്ന ഈ കുട്ടിയെ ശിമയോൻ ആശ്ലേഷിക്കുന്നു. എന്നാൽ യഥാർഥത്തിൽ ഉണ്ണീശോയെ ആലിംഗനം ചെയ്യുന്നതിൽ ആശ്വാസവും അസ്തിത്വത്തിന്റെ പൂർണ്ണതയും കണ്ടെത്തുന്നത് ശിമയോനാ

www.malankaralibrary.com


ണ്" – പരിശുദ്ധ പിതാവ് പറഞ്ഞു..

## കത്തീഡ്രലുകൾക്കുനേരെ ഭീഷണി ഉയർത്തി ഇസ്ലാമിക ഭീകരസംഘടന

ഫെബ്രുവരി 27

സ്പെയിനിൽ കത്തീഡ്രലുകൾക്കുനേരെ ഭീഷണി ഉയർത്തി ഇസ്ലാമിക ഭീകരസംഘടനയായ ഐ എസ്. രാജ്യത്തെ കത്തീഡ്രലുകളുടെ സുരക്ഷ ഉറപ്പാക്കാൻ ഒബ്സർവേറ്ററി ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് കൺസൈൻസ് (OLRC) സ്പെയിൻ ആഭ്യന്തര മന്ത്രാലയത്തോട് ആവശ്യപ്പെട്ടിരിക്കുകയാണിപ്പോൾ.

കത്തിയും സ്പാനിഷ് കത്തീഡ്രലിന്റെ ചിത്രവും കൈവശം വച്ചിരിക്കുന്ന ഒരു തീവ്രവാദിയുടെ ചിത്രത്തോടുകൂടിയ ഒരു പോസ്റ്റർ 'നമുക്ക് കശാപ്പ് ചെയ്യാം' എന്ന ലേബലോടെ ഓൺലൈനിൽ പ്രചരിക്കുന്നതായി, ഇസ്ലാമിക ഭീകരതയെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കുന്ന മെമ്രി എന്ന ഒരു പ്രസിദ്ധീകരണത്തിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

## യുക്രെനിലെ യുദ്ധം അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്ത് വത്തിക്കാൻ

ഫെബ്രുവരി 25

റഷ്യ യുക്രെനിൽ സമ്പൂർണ്ണ അധിനിവേശം ആരംഭിച്ചിട്ട് ഫെബ്രുവരി 24 ന് മൂന്ന് വർഷം തികഞ്ഞു. മൂന്നാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ സിംഹാസനം യുക്രെനിൽ സമാധാനത്തിനായി വീണ്ടും അഭ്യർഥിച്ചു. OSCE സ്ഥിരം കൗൺസിലിന്റെ 1509-ാമത് ശാക്തീകരണ യോഗത്തിൽ സ്റ്റേറ്റുകളുമായും വത്തിക്കാന്റെ അന്താരാഷ്ട്ര സംഘടനകളുമായും ബന്ധങ്ങൾക്കായുള്ള സെക്രട്ടറി ആർച്ച്ബിഷപ്പ് പോൾ റിച്ചാർഡ് ഗല്ലഗെറാണ് സന്ദേശത്തിലൂടെ സമാധാനത്തിനായി ആഹ്വാനം ചെയ്തത്.

## ഏറ്റവും സംതൃപ്തവും സന്തോഷകരവുമായ ജോലി ചെയ്യുന്നവരിൽ സമർപ്പിതർ മുൻപന്തിയിലെന്ന് യു എസിൽ നിന്നുള്ള റിപ്പോട്ടുകൾ

ഫെബ്രുവരി 22

യു എസിലെ മുതിർന്നവരിൽനിന്ന ശേഖരിച്ച ഡാറ്റ പ്രകാരം, പുരോഹിതരും സമർപ്പിതരും തങ്ങളുടെ ജോലിയിൽ അർഥം കണ്ടെത്തുകയും ഏറ്റവും കുറഞ്ഞ സമ്മർദം അനുഭവിക്കുകയും ചെയ്യുന്നവെന്ന് റിപ്പോർട്ട്. വാഷിംഗ്ടൺ പോസ്റ്റിൽനിന്നുള്ള റിപ്പോർട്ടനുസരിച്ച്, 'വ്യക്തിഗത പരിചരണവും സേവനവും' ചെയ്യുന്ന വിഭാഗത്തിലുള്ളവർ രാജ്യത്തെ ഏറ്റവും സംതൃപ്തരായ ജോലിക്കാരുടെ പട്ടികയിൽ ഏറ്റവും മുന്നിലാണെന്നും ഇവരിൽ സമർപ്പിതരുണ്ടെന്നും കണ്ടെത്തി.

## കോംഗോയിലെ പള്ളിയിൽ 70 ക്രൈസ്തവരെ കഴുത്തറുത്തു കൊലപ്പെടുത്തി

ഫെബ്രുവരി 22

ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലെ (ഡി ആർ സി) ഒരു പള്ളിയിൽ എഴുപത് ക്രൈസ്തവരെ ശിരഛേദം ചെയ്ത നിലയിൽ കണ്ടെത്തി. രാജ്യത്തിന്റെ വടക്കുകിഴക്കൻ ഭാഗത്ത് വിശ്വാസികൾക്കുനേരെ നടന്ന ഏറ്റവും പുതിയ ആക്രമണമാണിത്.

ലഭ്യമായ വിവരങ്ങൾ പ്രകാരം, ഫെബ്രുവരി 13 വ്യാഴാഴ്ച പുലർച്ചെ നാലുമണിയോടെ ഇസ്ലാമിക് സ്റ്റേറ്റ് (ഐ എസ്) തീവ്രവാദികളുടെ സഖ്യകക്ഷികളായ ഡെമോക്രാറ്റിക് ഫോഴ്സിലെ (എ ഡി എഫ്) തീവ്രവാദികൾ ലുബെറോ പ്രദേശത്തെ മെയ്ബയിലെ വീടുകളിലുണ്ടായിരുന്നവരെ ഭീഷണിപ്പെടുത്തിയതിനെ തുടർന്ന് ക്രൈസ്തവരായ ഇരുപതോളം പുരുഷന്മാരും സ്ത്രീകളും പുറത്തുവരികയും തീവ്രവാദികൾ അവരെ പിടികൂടുകയുമായിരുന്നു.

പിന്നീട് എ ഡി എഫ് തീവ്രവാദികൾ ഗ്രാമം വളയുകയും അമ്പതോളം വിശ്വാസികളെ വീണ്ടും പിടികൂടുകയും ചെയ്തു. തുടർന്ന് 70 പേരെയും കസങ്കയിലെ ഒരു പ്രൊട്ടസ്റ്റന്റ് പള്ളിയിലേക്കു കൊണ്ടുപോയി അവിടെവച്ച് കഴുത്തറുത്ത് ദാരുണമായി കൊലപ്പെടുത്തുകയുമായിരുന്നു.

## സിറിയയിൽ ക്രൈസ്തവർ അപ്രത്യക്ഷരാകാൻ സാധ്യതയെന്ന് യൂറോപ്യൻ ബിഷപ്പുമാർ

ഫെബ്രുവരി 21

സിറിയയിൽ ക്രൈസ്തവർ അപ്രത്യക്ഷരാകാൻ സാധ്യതയുണ്ടെന്ന വെളിപ്പെടുത്തി കമ്മീഷൻ ഓഫ് ദ ബിഷപ്പ് കോൺഫറൻസ് ഓഫ് യൂറോപ്യൻ യൂണിയൻ (COMECE) പ്രസിഡന്റ് ബിഷപ്പ് മരിയാനോ ക്രോസിയാറ്റ. ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള രാജ്യത്തെ മതന്യൂനപക്ഷങ്ങളുടെ ദുർബലത തിരിച്ചറിയാനും അവരെ സംരക്ഷിക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കാനുമായി നൽകിയ പ്രസ്താവനയിലാണ് ബിഷപ്പ് യൂറോപ്യൻ യൂണിയനോട് ആശങ്ക പ്രകടിപ്പിച്ചത്.

## 2023 ലെ പ്രൊ ലൈഫ് നയങ്ങൾ ഇരുപതിനായിരത്തിലധികം കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിച്ചതായി പഠന റിപ്പോർട്ട്

ഫെബ്രുവരി 17

2023 ൽ അമേരിക്കയിലെ പല സംസ്ഥാനങ്ങളും

www.malankaralibrary.com



ഗർഭസ്ഥശിശുക്കളെ സംരക്ഷിക്കുന്നതിനുള്ള പ്രൊ ലൈഫ് നിയമങ്ങൾ സ്വീകരിച്ചതിനെ തുടർന്ന് ഇരുപതിനായിരത്തിലധികം കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിച്ചതായി പഠന റിപ്പോർട്ട്. ഫെബ്രുവരി 13 ന് ജമാ (JAMA) നെറ്റ്വർക്കിൽ പ്രസിദ്ധീകരിച്ച ഒരു പഠനപ്രകാരം, അമേരിക്കയിൽ പ്രതീക്ഷിച്ചതിലും കൂടുതൽ ജനനങ്ങൾ നടക്കുന്നുണ്ടെന്ന് കണ്ടെത്തി.

2012 മുതൽ 2023 വരെയുള്ള സംസ്ഥാനതല ഫെർട്ടിലിറ്റി വിവരങ്ങൾ പരിശോധിച്ച് സമീപകാല പ്രൊ ലൈഫ് നിയമങ്ങളുടെ സ്വാധീനം വിശകലനം ചെയ്തു. 2023 ൽ ഫെർട്ടിലിറ്റി നിരക്ക് വർധിച്ചതായും പഠനം കണ്ടെത്തി. ഷാർലറ്റ് ലോസിയർ ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ അസോസിയേറ്റ് പ്രൊഫസറും അമേരിക്കയിലെ കാത്തലിക് യൂണിവേഴ്സിറ്റിയിലെ ബുഷ് സ്കൂൾ ഓഫ് ബിസിനസിലെ അസിസ്റ്റന്റ് പ്രൊഫസറുമായ മൈക്കൽ ന്യൂയുടെ അഭിപ്രായത്തിൽ, പ്രൊ ലൈഫ് നിയമങ്ങളുടെ സ്വാധീനത്തിന്റെ ശക്തമായ സൂചനയാണ് ഈ കണക്കുകൾ കാണിക്കുന്നത്.

## പാക്കിസ്ഥാനിൽ തട്ടിക്കൊണ്ടു പോകപ്പെട്ട ക്രിസ്ത്യൻ യുവതി ആറുമാസങ്ങൾക്കു ശേഷം രക്ഷപെട്ടു ഫെബ്രുവരി 15

പാക്കിസ്ഥാനിൽ, തട്ടിക്കൊണ്ടുപോയി നിർബന്ധിച്ച് ഇസ്ലാം മതം സ്വീകരിപ്പിക്കുകയും വിവാഹം കഴിക്കുകയും ചെയ്ത 18 വയസ്സുള്ള ക്രിസ്ത്യൻ യുവതി ആറു മാസത്തിനുശേഷം രക്ഷപെട്ടു. ജൂൺ 28 ന് ലാഹോറിലെ ഒരു കോൾ സെന്ററിലെ ജോലികഴിഞ്ഞ് വീട്ടിലേക്കു മടങ്ങുമ്പോഴാണ് യുവതിയെ തട്ടിക്കൊണ്ടുപോയത്. മാതാപിതാക്കളായ അല്ലാഹ ദിത്തയും അസ്ര ബീബിയും മകൾക്കായി തീവ്രമായ തിരച്ചിൽ ആരംഭിച്ചെങ്കിലും കണ്ടെത്താനായില്ല. അടുത്ത ദിവസം ഡിത്ത ഷഹ്ദര പൊലീസിൽ എഫ് ഐ ആർ ഫയൽ ചെയ്തു. മകളെ അജ്ഞാതർ തട്ടിക്കൊണ്ടുപോയതിൽ ആശങ്ക പ്രകടിപ്പിച്ചെങ്കിലും പൊലീസ് നടപടിയൊന്നും എടുത്തില്ലെന്നും മാതാപിതാക്കൾ പറയുന്നു.

## കണ്ണീർ കഞ്ഞി വെച്ച് കെ.സി.വൈ.എം ഫെബ്രുവരി 22

കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കണ്ണീർ കഞ്ഞി സമരം നടത്തി. പി.എസ്.സി ചെയർമാൻ്റെയും അംഗങ്ങളുടെയും ശമ്പളത്തിൽ വരുത്തിയ ഭീമമായി വർദ്ധനവ് പുനഃപരിശോധിക്കുക, മാസങ്ങളായി മുടങ്ങിക്കിടക്കുന്ന ആശവർക്കർമാരുടെ വേതനം നൽകുക, കാലാവധി അവസാനിക്കാറായ പി.എസ്.സി റാങ്ക് പട്ടികകളിലെ നിയമനം ഉടൻ പൂർത്തിയാക്കുക എന്ന ആവിശ്യങ്ങൾ ഉന്നയിച്ച് നടന്ന സമരം കെസിവൈഎം സംസ്ഥാന പ്രസിഡന്റ് എബിൻ കണിവയലിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് അനുപ്.ജെ.ആർ പാലിയോട് അധ്യക്ഷത വഹിച്ചു. മുൻ സംസ്ഥാന പ്രസിഡന്റ് എം.ജെ ഇമ്മാനുവേൽ മുഖ്യ പ്രഭാഷണം നടത്തി. മറൈൻ ഡ്രൈവിൽ നിന്നും ഹൈകോർട്ട് ജംഗ്ഷൻ വരെ പ്രവർത്തകർ ജാഥയായി എത്തി കഞ്ഞി വെച്ച് വിതരണം നടത്തി.

## രണ്ടുമാസത്തിനിടെ കേരളത്തിൽ കൊല്ലപ്പെട്ടത് 70 പേർ; നാട്ടിൽ സമാധാനം പുനഃസ്ഥാപിക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്ന് പൊലീസ് മാർച്ച് 4

കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമസംഭവങ്ങൾക്കും കൊലപാതകങ്ങൾക്കും അറുതി വരണമെങ്കിൽ സർക്കാർ മുൻകൈയെടുക്കുകയും എല്ലാ വകുപ്പുകളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും പൊലീസ്. കഴിഞ്ഞ രണ്ടുമാസത്തിനിടെ, 65 കേസുകളിലായി കൊല്ലപ്പെട്ടത് 70 പേരാണെന്നുള്ളത് കേരളത്തിന്റെ ക്രമസമാധാന നിലയെയും സുരക്ഷിതത്വത്തെയും ചോദ്യം ചെയ്യുന്ന രീതിയിലുള്ളതാണ്. അതിൽതന്നെയും 30 കേസുകളിൽ കൊലയാളി വീട്ടിലുള്ളവരും 17 എണ്ണം സുഹൃത്തുക്കളും മൂന്നെണ്ണം അയൽക്കാരുമാണ് എന്നതാണ് ഞെട്ടിക്കുന്ന വിവരങ്ങൾ.

അതായത്, 65 കൊലക്കേസിൽ 50 ലും കാരണം കുടുംബപ്രശ്ങ്ങളാണെന്നുള്ളതാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ ഇടപെടാൻ പൊലീസിന് ഒരു പരിധിയിൽ കൂടുതൽ സാധിക്കാത്തതിനാൽ സർക്കാർ സംയുക്ത ഇടപെടലുകൾ നടത്തണമെന്നാണ് പൊലീസ് അഭ്യർഥിച്ചിരിക്കുന്നത്. അത്തരം പ്രശ്നങ്ങളിൽ ഇടപെടാൻ പൊലീസിന് പരിമിതിയുള്ളതുകൊണ്ട് സർക്കാരിന്റെ സംയുക്ത ഇടപെടൽ വേണമെന്നാണ് പൊലീസിന്റെ നിർദേശം..

## അല്മായ പ്രേഷിത മുന്നേറ്റങ്ങളിൽ സഭ കൂടെയുണ്ട്: മാർ റാഫേൽ തട്ടിൽ മാർച്ച് 4

അല്മായർ വ്യക്തിപരമായും സംഘടിതമായും നടത്തിക്കൊണ്ടിരിക്കുന്ന പ്രേഷിത മുന്നേറ്റങ്ങളിൽ സഭ കൂടെയുണ്ടെന്നു മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്. സീറോമലബാർസഭയുടെ സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ മിഷൻ ദൗത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും ആലോചനയോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

www.malankaralibrary.com

*We must restore hope to young people, help the old, be open to the future, spread love. Be poor among the poor. We need to include the excluded and preach peace.*

*Pope Francis*

